# വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 04 | 2022 ഒക്ടോബർ

VEDAPRACHARA MADHYASTHAN

Price Rs. 25/- Annual Subscription Rs. 300/-

Malayalam Monthly



The official organ of the Archeparchy of Changanacherry

# 53-ാം ചരമവാർഷികം



## ദൈവദാസൻ
## മാർ മാത്യു കാവുകാട്ട്

**ഒക്ടോബർ 9, 2022**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 04 ● ഒക്ടോബർ 2022

വേദപ്രചാര
# മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

## ഉള്ളടക്കം

സന്ദേശം – ലോക പ്രേഷിതദിനം (മാർപാപ്പാ)...... 05
സർക്കുലർ (22 Ch. 275-356 - വിലപ്പെട്ട ദൈവദാനം)......14
പിതാവിന്റെ കത്ത് (C.22/GL 279 – എ.കെ.സി.സി.)......17
സർക്കുലർ (22 Ch. 276-357 – ചാസ്)......19
സർക്കുലർ (22 Ch. 274-355 - സഭയുടെ വളർച്ചയും പ്രേഷിതഫലങ്ങളും) 22
പിതാവിന്റെ കത്ത് (C.22/GL 276 - സമുദായസമുദ്ധാരണകർമപദ്ധതി)... 26
സർക്കുലർ (KCBC SC/ST/BC Commission) ...... 27
കച്ചേരിക്കാര്യം...... 29
അനുസ്മരണം...... 30
പാസ്റ്ററൽ കൗൺസിൽ......33
MAC (Media Apostolate Changanacherry)......35
സന്ദേശനിലയം......36
ചെറുപുഷ്പ മിഷൻലീഗ്......38
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ......41
ഫാമിലി അപ്പോസ്തലേറ്റ്...... 44
യുവദീപ്തി – SMYM ...... 46
KCSL ......51
CARP ...... 52
CHASS......53
ജീവകാരുണ്യനിധി ട്രസ്റ്റ്...... 59
DFC...... 60
ആതുരശുശ്രൂഷാമേഖല......62
പ്രവാസി അപ്പോസ്തലേറ്റ് ...... 65
KLM ......66
AKCC...... 67
ആത്മതാകേന്ദ്രം ......69
DCMS ...... 70
ലീജിയൻ ഓഫ് മേരി...... 72
SFO...... 74
വിൻസെൻഷ്യൻ വേദി...... 75
കരിസ്മാറ്റിക് നവീകരണം...... 77
പൗരോഹിത്യ ആദ്ധ്യാത്മികത...... 78
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY ...... 84
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS......93

Annual Subscription: Rs. 300/-

Ref: 3790/K-5/KCBC/OL/DS 06.09.2022

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ

# 2022 ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8)**

പ്രിയ സഹോദരീസഹോദരന്മാരേ,

''എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും.'' ഉയിർത്തെഴുന്നേറ്റ ഈശോ തന്റെ സ്വർഗാരോഹണത്തിനു മുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞ വചനമായി നാം ഇത് അപ്പസ്തോല പ്രവർത്തനങ്ങളിൽ വായിക്കുന്നു (അപ്പ 1:8). ഇതുതന്നെയാണ് 2022-ലെ ലോകപ്രേഷിതദിനത്തിലെ വിഷയം. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്നിതു സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ഉണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ വർഷത്തെ ലോകപ്രേഷിതദിനം: (i) ഇപ്പോൾ 'ജനതകളുടെ സുവിശേഷവൽക്കരണത്തിനുള്ള തിരുസംഘം എന്നറിയപ്പെടുന്ന ദെ പ്രൊപ്പഗാന്ത ഫീദേയ്' *(De Propaganda Fidei)* എന്ന തിരുസംഘം സ്ഥാപിച്ചതിന്റെ നാനൂറാം വർഷം; (ii) 'വിശ്വാസപ്രചാരണത്തിനായുള്ള സംഘത്തിന്റെ (Society of the Propagation of the Faith) ആരംഭത്തിന്റെ രണ്ടാം നൂറ്റാണ്ട്. നൂറു വർഷംമുമ്പ് ഇപ്പറഞ്ഞ വിശ്വാസപ്രചാരണത്തിനായുള്ള സംഘവും അതിനോടൊപ്പം 'തിരുബാലസഖ്യവും' (Society of the Holy Childhood) 'വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ സംഘവും' (Society of Saint Peter the Apostle) ''പൊന്തിഫിക്കൽ'' എന്ന സ്ഥാനം നേടുകയുണ്ടായി.

മേൽപ്പറഞ്ഞ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ ശിഷ്യന്റെയും ജീവിതത്തിനും ദൗത്യത്തിനും അടിസ്ഥാനമായിനിൽക്കുന്ന മൂന്നു താക്കോൽ വാക്യങ്ങളെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. ''നിങ്ങൾ എന്റെ സാക്ഷികളായിരിക്കും'', ''ഭൂമിയുടെ അതിർത്തികൾവരെ'', പരിശു

ദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭിക്കും'' എന്നീ ശകലങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

## 1. ''നിങ്ങൾ എന്റെ സാക്ഷികളായിരിക്കും'' - മിശിഹായ്ക്കു സാക്ഷ്യം നൽകാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളി

ശിഷ്യരെ ലോകത്തിലേക്കു അയക്കുക എന്നതാണ് ഈശോയുടെ പ്രബോധനത്തിന്റെ കാതൽ. അവർ എവിടെ പോയാലും, എവിടെ ആയിരുന്നാലും, തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ ശിഷ്യർ ഈശോയ്ക്കു സാക്ഷികളായിരിക്കും. പിതാവിന്റെ പ്രേഷിതൻ എന്ന നിലയിൽ (യോഹ 20:21) ഈശോയായിരുന്നു ആദ്യം അയക്കപ്പെട്ടത്; ഈശോയാണ് പിതാവിന്റെ ''വിശ്വസ്തസാക്ഷി'' (വെളി 1:5). അതുപോലെ, ഓരോ ക്രിസ്ത്യാനിയും ഈശോയുടെ പ്രേഷിതനും സാക്ഷിയുമാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. മിശിഹായുടെ ശിഷ്യരുടെ സമൂഹമായ സഭയ്ക്ക് ലോകംമുഴുവനും സുവിശേഷം എത്തിച്ചുകൊണ്ട് മിശിഹായ്ക്കു സാക്ഷ്യംവഹിക്കുക എന്നതിലുപരി മറ്റൊരു ദൗത്യമില്ല. സഭയുടെ സ്വത്വംതന്നെ സുവിശേഷപ്രഘോഷണം എന്നതാണ്.

''നിങ്ങൾ എന്റെ സാക്ഷികളായിരിക്കും'' എന്ന വചനത്തിന്റെ അൽപ്പം ആഴത്തിലുള്ള വിചിന്തനം മിശിഹായുടെ അനുയായികൾക്ക് ഏല്പിച്ചുകൊടുത്തിരിക്കുന്ന ദൗത്യത്തിന്റെ കാലികമായ ചില അംശങ്ങളിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കും. ഇതിലെ ബഹുവചനരൂപത്തിലുള്ള ക്രിയാപദം ശിഷ്യരുടെ പ്രേഷിതദൗത്യത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിന് ഊന്നൽ നൽകുന്നു. സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ആളും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ, എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല; അതു സഭാസമൂഹവുമായുള്ള കൂട്ടായ്മയിലാണു ചെയ്യുന്നത്; ഒരു വ്യക്തിയുടെ സ്വന്തം താത്പര്യത്താലല്ല. ചില പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി സ്വന്തം താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിപരമായി ഈ ദൗത്യം ചെയ്യുമ്പോൾത്തന്നെയും, അയാൾ എപ്പോഴും സഭയുമായുള്ള കൂട്ടായ്മയിലായിരിക്കണം അതുചെയ്യേണ്ടത്. കാരണം, സഭയാണ് അയാളെ അതുഭരമേല്പിച്ചത്. എനിക്കേറ്റവും പ്രിയപ്പെട്ടതായ ''സുവിശേഷപ്രഘോഷണം'' (*Evangelii Nuntiandi*) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വി. പോൾ ആറാമൻ ഇപ്രകാരം പഠിപ്പിച്ചു: ''സുവിശേഷ പ്രഘോഷണമെന്നത് വ്യക്തിപരവും ഒറ്റപ്പെട്ടതുമായ ഒരു പ്രവൃത്തിയല്ല; അത് അതീവ സഭാത്മകമാണ്. ഏറെ അജ്ഞാതനായ ഒരു സുവിശേഷ പ്രഘോഷകൻ, അതു ഒരു ഉപദേശിയോ അജപാലകനോ ആയിക്കൊള്ളട്ടെ, ഒരു വിദൂരദേശത്ത് സുവിശേഷം പ്രഘോഷിക്കുമ്പോൾ, അങ്ങനെ

തന്റെ ചെറിയ സമൂഹത്തെ ഒരുമിച്ചുകൂട്ടുമ്പോൾ, ഒരു കൂദാശ നല്കുമ്പോൾ, അയാൾ ഒറ്റയ്ക്കാണെങ്കിലും, ഒരു സഭാത്മകപ്രവൃത്തിയാണ് ചെയ്യുന്നത്; അയാളുടെ പ്രവൃത്തി, സ്ഥാപനസംബന്ധമായ ബന്ധത്താൽ സഭ മുഴുവന്റെയും സുവിശേഷപ്രഘോഷണപ്രക്രിയയുമായി നിശ്ചയമായും ബന്ധപ്പെട്ടിരിക്കുന്നു. എന്നുമാത്രമല്ല, കൃപാവരത്തിന്റെ ക്രമംവഴിയായി അദൃശ്യമാംവിധം സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതായത്, തനിക്കുമാത്രം ലഭിച്ചിരിക്കുന്ന ഒരു ദൗത്യത്താലോ വ്യക്തിപരമായ ഒരു പ്രചോദനത്താലോ അല്ല അയാൾ പ്രവർത്തിക്കുന്നത്'' (ഖ. 60). കർത്താവായ ഈശോ രണ്ടുപേരെവീതം പ്രേഷിതദൗത്യവുമായി പറഞ്ഞയച്ചത് അവിചാരിതമായിട്ടായിരുന്നില്ല; ക്രിസ്ത്യാനികൾ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നത് മുഖ്യമായും സാമൂഹ്യമായ വിധത്തിലാണ്. ആകയാൽ, പ്രേഷിതദൗത്യം നിർവഹിക്കുന്നതിൽ ഒരു സഭാസമൂഹത്തിന്റെ സാന്നിദ്ധ്യം, അതിന്റെ അംഗസംഖ്യ എത്ര വലുതായാലും ചെറുതായാലും, അടിസ്ഥാനപ്രാധാന്യം അർഹിക്കുന്നതാണ്.

അതിലുപരി, ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിതദൗത്യചൈതന്യത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നു. ഈശോ അവരെ ലോകത്തിലേക്കു അയക്കുന്നത് ഒരു പ്രവൃത്തി നിർവഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാനത്രേ; അവർ സാക്ഷ്യം നല്കാനല്ല, സാക്ഷികളാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. പൗലോസ് അപ്പസ്തോലന്റെ ഹൃദയസ്പർശിയായ വാക്കുകളിൽ, ''ഈശോയുടെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീരത്തിൽ സംവഹിക്കുന്നു'' (2 കോറി 4:10). പ്രേഷിതദൗത്യത്തിന്റെ അന്തസത്ത മിശിഹായ്ക്കു സാക്ഷ്യംവഹിക്കുകയെന്നതാണ്. അതായത്, പിതാവിനോടും മാനവരാശിയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള അവിടത്തെ പീഡാനുഭവത്തിനും, മരണത്തിനും, ഉയിർപ്പിനുമുള്ള സാക്ഷ്യം.

തങ്ങളെപ്പോലെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യംനല്കാൻ കഴിയുന്ന ഒരാൾതന്നെ യൂദാസിനു പകരമായി വരണമെന്നു (അപ്പ 1:21) അപ്പസ്തോലന്മാർ നിർബന്ധിച്ചത് അവിചാരിതമായിട്ടായിരുന്നില്ല. മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് മിശിഹായ്ക്കു നാം സാക്ഷ്യം നല്കേണ്ടത്; അവിടത്തെ ജീവനിലാണ് നാം പങ്കുചേരേണ്ടതും. തങ്ങളെത്തന്നെ പകർന്നുകൊടുക്കാനോ, തങ്ങളുടെ അനുനയനശക്തിയും ഭരണനിർവഹണകഴിവുകളും പ്രദർശിപ്പിക്കാനോ അല്ല മിശിഹായുടെ പ്രേഷിതർ അയക്കപ്പെടുന്നത്. വാക്കിലും പ്രവൃത്തിയിലും മിശിഹായെ അവതരിപ്പിക്കുക എന്നതാണ് അവരുടെ ഉന്നത ബഹുമതി. അതായത്, ആദ്യ അപ്പസ്തോലന്മാർ ചെയ്തതുപോല ആനന്ദത്തോടും ധൈര്യത്തോടും എല്ലാവരോടും അവിടത്തെ രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുകയെന്നത്.

ആത്യന്തികമായി യഥാർത്ഥസാക്ഷ്യം എന്നുപറയുന്നത് ''രക്തസാക്ഷിത്വമാണ്.'' അതായത്, മിശിഹായ്ക്കുവേണ്ടി അവന്റെയോ അവളുടെയോ ജീവൻ നല്കുകയെന്നത്; അവിടന്ന് സ്വന്തം ജീവൻ നമുക്കുവേണ്ടി ദാനമായി നല്കിയതിനു പകരമായി നമ്മുടെ ജീവൻ നല്കുകയെന്നത്. ''ഈശോയിൽ നിന്നു നമുക്കു ലഭിച്ച സ്നേഹമാണ് സുവിശേഷപ്രഘോഷണത്തിന്റെ പ്രഥമകാരണം; നമുക്കു ലഭിച്ച രക്ഷയുടെ അനുഭവം അവിടത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു'' (സുവിശേഷത്തിന്റെ സന്തോഷം, ഖ. 264).

ക്രൈസ്തവസാക്ഷ്യത്തെക്കുറിച്ചു പറയുമ്പോൾ വി. പോൾ ആറാമന്റെ നിരീക്ഷണം എക്കാലത്തും സാധുവായിനില്ക്കുന്നു: ''ആധുനിക മനുഷ്യർ അധ്യാപകർക്കുപരി സാക്ഷികളെയാണ് കേൾക്കാനിഷ്ടപ്പെടുന്നത്; അവർ അധ്യാപകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായതിനാലാണ്' (സുവിശേഷപ്രഘോഷണം, ഖ. 41). അക്കാരണത്താൽ ആധികാരികതയുള്ള ഒരു ക്രിസ്തീയജീവിതസാക്ഷ്യം വിശ്വാസകൈമാറ്റത്തിനു അടിസ്ഥാനപരമായി നില്ക്കുന്ന ഒന്നാണ്. അതേസമയം, മിശിഹായുടെ വ്യക്തിത്വത്തെയും സന്ദേശത്തെയും പ്രഘോഷിക്കുകയെന്നതും തുല്ല്യപ്രാധാന്യം അർഹിക്കുന്നു. വി. പോൾ ആറാമൻ തുടർന്നുപറയുന്നു: ''പ്രഘോഷണം, വചനത്തിലധിഷ്ഠിതമായ സന്ദേശത്തിന്റെ പ്രഖ്യാപനം, എപ്പോഴും അനിവാര്യമാണ്... വചനം എപ്പോഴും പ്രസക്തമായി നില്ക്കുന്നു, എന്തെന്നാൽ അതു ദൈവികശക്തി സംവഹിക്കുന്നു. അതിനാലാണ്, 'വിശ്വാസം കേൾക്കപ്പെടുന്നതിലൂടെയാണ്' (റോമാ 10:17) വരുന്നതെന്ന് വി. പൗലോസിന്റെ തത്വത്തിനു പ്രസക്തിയുള്ളത്: കേൾക്കപ്പെടുന്ന വചനമാണ് വിശ്വാസത്തിലേക്കു നയിക്കുന്നത്'' (സുവിശേഷപ്രഘോഷണം, ഖ. 42).

ആകയാൽ, സുവിശേഷവൽക്കരണത്തിൽ, ക്രിസ്തീയജീവിതമാതൃകയും മിശിഹായെക്കുറിച്ചുള്ള പ്രഘോഷണവും അവിഭാജ്യഘടകങ്ങളാണ്. ഒന്നു മറ്റൊന്നിന് ഉപകരിക്കുന്നു. പ്രേഷിതഭാവമുള്ളതായിരിക്കുന്ന ഒരു സമൂഹം ഈ രണ്ടു ശ്വാസകോശങ്ങളിലൂടെയാണ് ശ്വസിക്കേണ്ടത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ വളർച്ചയ്ക്കു കാരണമാകുന്ന ശക്തി മിശിഹായ്ക്കു നൽകുന്ന പൂർണവും പൊരുത്തമുള്ളതും സന്തോഷകരവുമായ സാക്ഷ്യമായിരിക്കും. ജീവിതത്തിന്റെ എല്ലാ തുറകളിലും – വാക്കിലും പ്രവൃത്തിയിലും – മിശിഹായ്ക്കു സാക്ഷ്യം നല്കാനായി എല്ലാവരും ആദിമക്രൈസ്തവരുടെ സ്ഥൈര്യവും തുറവും ധൈര്യവും (*parrhesia*) ആർജ്ജിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

## 2. ''ഭൂമിയുടെ അതിർത്തിയോളം''– സാർവത്രിക സുവിശേഷവൽകരണ ദൗത്യത്തിന്റെ ശാശ്വത പ്രസക്തി

''ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ

അതിർത്തിയോളവും'' (അപ്പ 1:8) അവർ തനിക്കു സാക്ഷികളായി അയക്കപ്പെടുന്നുവെന്നാണ് ഉത്ഥിതനായ നാഥൻ തന്റെ ശിഷ്യരോടു പറയുന്നത്. ശിഷ്യരുടെ ദൗത്യത്തിന്റെ സാർവത്രികഭാവമാണ് നാമിവിടെ വ്യക്തമായി കാണുന്നത്. ''കേന്ദ്രപരാങ്മുഖമായ'' (centrifugal) ഒരു ഭൂമിശാസ്ത്രപര വികാസവും നാം കാണുന്നു; ഏകകേന്ദ്രഭാവമുള്ള വൃത്തപരിധി എന്ന വിധത്തിലാണ് ഈ ദൗത്യം വിഭാവനം ചെയ്യപ്പെടുന്നത്. അതായത്, യഹൂദപാരമ്പര്യം ലോകത്തിന്റെ കേന്ദ്രമെന്നു കരുതിയിരുന്ന ജറുസലേമിൽതുടങ്ങി, ചുറ്റുമുള്ള യൂദയായിലേക്കു നീങ്ങി, തുടർന്നു സമരിയായിലേക്കും അങ്ങനെ ''ഭൂമിയുടെ അതിർത്തിയോളം.'' സത്യത്തിൽ, മതപരിവർത്തനം ചെയ്യാനല്ല ശിഷ്യർ അയക്കപ്പെടുന്നത്, പ്രത്യുത പ്രഘോഷിക്കാനാണ്; ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നില്ല. ഈ തരത്തിലുള്ള പ്രേഷിതവികാസത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. തന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവിക പരിപാലനയാൽ നിയന്ത്രിക്കപ്പെട്ട്, കർത്താവായ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുകയെന്ന തന്റെ വിളിയോട് വിശ്വസ്തതപുലർത്തിക്കൊണ്ട് മുന്നിട്ടിറങ്ങുന്ന സഭയുടെ ശ്രദ്ധേയമായ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. ജറുസലേമിൽ പീഡിപ്പിക്കപ്പെട്ടതിനാൽ യൂദയാ മുഴുവനിലും സമരിയായിലും ചിതറിക്കപ്പെട്ട ആദിമക്രൈസ്തവർ എല്ലായിടത്തും മിശിഹായ്ക്കു സാക്ഷ്യം നല്കി (അപ്പ 8:1,4).

അതിനു സമാനമായത് നമ്മുടെ ഈ നാളുകളിലും നടക്കുന്നു. മതപീഡനത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാടു ക്രൈസ്തവർ തങ്ങളുടെ സ്വന്തംനാടുകളിൽനിന്നു അന്യരാജ്യങ്ങളിലേക്കു പലായനം ചെയ്യാൻ നിർബന്ധിതരാകുന്നു. എന്നാൽ, തങ്ങളുടെ സഹനത്തിന്റേതായ തടവറകളിൽ സ്വയം അടയ്ക്കപ്പെടാതെ തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ മിശിഹായ്ക്കും ദൈവസ്നേഹത്തിനും സാക്ഷ്യംവഹിക്കുന്ന ഈ സഹോദരീസഹോദരന്മാരോട് നാം കൃതജ്ഞതാഭരിതരാണ്. ആകയാൽ, ''തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റക്കാർ ചെയ്യേണ്ട ഈ ഉത്തരവാദിത്വം'' ഏറ്റെടുക്കാൻ വി. പോൾ ആറാമൻ അവരെ പ്രോത്സാഹിപ്പിക്കുകയുണ്ടായി (സുവിശേഷപ്രഘോഷണം ഖ. 21). വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ള വിശ്വാസികളുടെ സാന്നിദ്ധ്യം എപ്രകാരം ഇടവകകളുടെ മുഖകാന്തി വർദ്ധിപ്പിക്കുന്നതും അവയെ കൂടുതൽ സാർവത്രികവും കൂടുതൽ കാതോലികവുമാക്കിതീർക്കുന്നതുമായ യഥാർത്ഥ്യം നാം വർദ്ധിതമാംവിധം കണ്ടുവരുന്നു. ആയതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിത പ്രവർത്തനമായി വിലമതിക്കപ്പെടേണ്ടതാണ്; അത് തദ്ദേശവിശ്വാസികളെ തങ്ങൾ സ്വീകരിച്ച ക്രിസ്തീയവിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്താൻ സഹായിക്കുന്നതുമായി ഭവിക്കും.

''ഭൂമിയുടെ അതിർത്തിയോളം'' എന്ന പ്രയോഗം എക്കാലത്തുമുള്ള മിശിഹാശിഷ്യരെ വെല്ലുവിളിക്കുകയും അവരെ അവിടത്തേക്കു സാക്ഷ്യം നല്കാൻ തങ്ങൾക്കു പരിചിതമായ സ്ഥലങ്ങളിൽനിന്നു പുറത്തേക്കു പോകാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ആധുനിക യാത്രാസൗകര്യങ്ങൾ വളരെ വിപുലമായുണ്ടെങ്കിലും ഭൂമിയുടെ പലയിടങ്ങളിലും മിശിഹാ യുടെ സ്നേഹത്തെക്കുറിച്ചുള്ള സദ്വാർത്തയുടെ പ്രേഷിതസാക്ഷ്യം നടന്നിട്ടില്ലയെന്ന യഥാർത്ഥ്യം ശിഷ്യരുടെ പ്രേഷിതദൗത്യത്തിന്റെ ഭാഗ മല്ലാതാകുന്നില്ല. മിശിഹായുടെ സഭ ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, അസ്തിത്വാത്മകവുമായുള്ള പുതിയ ചക്രവാളങ്ങളിലേക്കും പാർശ്വവൽ ക്കരിക്കപ്പെട്ട സ്ഥലങ്ങളിലേക്കും മാനുഷിക സാഹചര്യങ്ങളിലേക്കും ഇനിയും ''ഇറങ്ങിച്ചെല്ലുന്നത്'' തുടരും. അതെല്ലാ ജനതകളിലെയും സംസ്ക്കാരങ്ങളിലെയും സാമൂഹ്യക്രമങ്ങളിലെയും സ്ത്രീപുരുഷന്മാർക്ക് മിശിഹായെയും അവിടത്തെ സ്നേഹത്തെയുംകുറിച്ചുള്ള സാക്ഷ്യം നല് കാനാണ്. ഈ അർഥത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതു പോലെ പ്രേഷിതദൗത്യം എപ്പോഴും ജനതകളോടുള്ള ദൗത്യമാണ് (*missio ad gentes*). മിശിഹായുടെ സ്നേഹത്തിനു സാക്ഷ്യം നല്കാൻ സഭ തന്റെ പരിധികൾക്കപ്പുറം നിരന്തരം മുന്നോട്ട് ശ്രമിച്ചുകൊണ്ടിരിക്കണം. തങ്ങൾ കണ്ടുമുട്ടിയ എല്ലാ സഹോദരീസഹോദരന്മാർക്കുംമുമ്പിൽ മിശിഹായുടെ സ്നേഹം അവതരിപ്പിക്കാനായി മുന്നോട്ടു ശ്രമിച്ചുകൊണ്ട് തങ്ങളുടെ ജീവിതം സമർപ്പിച്ച അനവധി പ്രേഷിതരെ അനുസ്മരിക്കാനും അവരെ പ്രതി കൃതജ്ഞതയർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടു ത്തുന്നു.

## 3. പരിശുദ്ധാത്മാവിൽനിന്ന്, ''നിങ്ങൾക്കു ശക്തി ലഭിക്കും.'' - നമുക്കു എപ്പോഴും ആത്മാവിനാൽ ശക്തി പ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യാം

ഉയിർത്തെഴുന്നേറ്റ ഈശോ ശിഷ്യരെ തന്റെ സാക്ഷികളായി നിയോ ഗിച്ചപ്പോൾ, ഈ വലിയ ഉത്തരവാദിത്വം നിറവേറ്റാനുള്ള കൃപാവരവും അവർക്കു വാഗ്ദാനം ചെയ്തു: ''പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെ മേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും; നിങ്ങൾ എന്റെ സാക്ഷികളായി രിക്കും'' (അപ്പ 1:8). അപ്പസ്തോലപ്രവർത്തനത്തിന്റെ വിവരണമനുസരിച്ച്, ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നതിനുശേഷം തന്നെയാണ് ക്രൂശിതനും ഉത്ഥിതനുമായ മിശിഹായെക്കുറിച്ചുള്ള ആദ്യസാക്ഷ്യം നടന്നത്. ജറുസലേംനിവാസികളുടെ മുമ്പിൽ വി. പത്രോസ് നടത്തിയ ആദ്യത്തെ പ്രേഷിതപ്രസംഗം, അഥവാ സുവിശേഷസന്ദേശഘോഷണം, ലോകത്തെ സുവിശേഷവൽക്കരിച്ചുകൊണ്ട് തന്നെ പിന്തുടർന്നുവന്ന എല്ലാ ശിഷ്യരുടെയും പ്രവർത്തനത്തിന്റെ ഉദ്ഘാടനമായിരുന്നു. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽത്തന്നെ ഒതുങ്ങിയിരുന്നവരുമായ

അവർക്ക് എല്ലാവരുടെയുംമുമ്പിൽ മിശിഹായ്ക്കു സാക്ഷ്യംനല്കാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നല്കി.

''ഈശോ കർത്താവാണ്' എന്നു പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പറയുക സാധ്യമല്ലാത്തതു'' പോലെ (1 കോറി. 12:3), പരിശുദ്ധാത്മാവിന്റെ പ്രചോദനവും സഹായവുംകൂടാതെ മിശിഹായ്ക്കു പൂർണവും ആധികാരികവുമായ വിധത്തിൽ സാക്ഷ്യംവഹിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം മിശിഹായുടെ എല്ലാ പ്രേഷിതശിഷ്യരും തിരിച്ചറിയേണ്ടതുണ്ട്. അവർ ആത്മാവിന്റെ സവിധേ എല്ലാദിവസവും നില്ക്കുകയും അവിടത്തെ നിരന്തരശക്തിയും മാർഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മൾ ക്ഷീണിതരും നിരുത്സാഹികളും ആശയകുഴപ്പത്തിലായവരുമാകുമ്പോഴാണ് പ്രാർത്ഥനയിലൂടെ ആത്മാവിനെ സ്വീകരിക്കേണ്ടത്. പ്രേഷിതപ്രവർത്തന ജീവിതശൈലിയിൽ പ്രാർത്ഥനയ്ക്ക് അടിസ്ഥാനപരമായ ഒരു ഭാഗമുണ്ട് എന്ന കാര്യം ഞാൻ ഊന്നിപ്പറയട്ടെ. കാരണം, അതു നമ്മെ ഉന്മേഷഭരിതരും ആത്മാവിൽ ബലപ്പെട്ടവരും ആക്കിത്തീർക്കും; എന്തെന്നാൽ, മിശിഹായുടെ ജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുള്ള നവീകൃതചൈതന്യത്തിന്റെയും സന്തോഷത്തിന്റെയും അക്ഷയമായ ദൈവികസ്രോതസ്സാണ് പരിശുദ്ധാത്മാവ്. ''ആത്മാവിന്റെ സന്തോഷം സ്വീകരിക്കുകയെന്നത് കൃപാവരമാണ്. മാത്രമല്ല, സുവിശേഷം പ്രസംഗിക്കാനും, കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനും നമ്മെ പ്രാപ്തരാക്കുന്ന ഏകശക്തി അതാണ്'' (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, മെയ് 21, 2020). ആകയാൽ, ആത്മാവാണ് പ്രേഷിതപ്രവർത്തനത്തിലെ മുഖ്യകഥാപാത്രം. ആത്മാവാണ് ശരിയായരീതിയിൽ, ശരിയായസമയത്ത് ശരിയായ വാക്ക് നല്കുന്നത്.

ആത്മാവിന്റെ ഈ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് 2022-ൽ ആഘോഷിക്കപ്പെടേണ്ട മിഷനറിവാർഷികങ്ങളെകുറിച്ച് പര്യാലോചിക്കേണ്ടത്. പുതിയ ഭൂപ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റണ്ടതിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് 1622-ൽ ''ദെ പ്രൊപ്പഗാന്ത ഫീദേയ്'' (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചത്. അത് പരിപാലനയുടെതായ ഒരു ദീർഘദൃഷ്ടിയായിരുന്നു! ഭൗതിക അധികാരികളുടെ ഇടപെടൽകൂടാതെ തീർത്തും സ്വതന്ത്രമായ രീതിയിൽ സഭയുടെ സുവിശേഷവൽക്കരണദൗത്യം നിറവേറ്റുന്നതിൽ അതു നിർണായകമായി ഭവിച്ചു; ഇന്നു വളരെയേറെ ഓജസ്സ് പ്രകാശിപ്പിക്കുന്ന പ്രാദേശികസഭകൾ സ്ഥാപിക്കപ്പെടാൻ അതു കാരണമായി. കഴിഞ്ഞ നാലു നൂറ്റാണ്ടുകളിൽ എന്നപോലെ, ഈ തിരുസംഘം സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും

ചെയ്യുന്ന പ്രവൃത്തി തുടരുകയും തീക്ഷ്ണതരമാക്കുകയും ചെയ്യുമെന്നാണ് നാം പ്രത്യാശിക്കുന്നത്.

സാർവത്രികസഭയെ നയിക്കുന്ന അതേ ആത്മാവുതന്നെയാണ് സാധാരണ സ്ത്രീപുരുഷന്മാരെ അസാധാരണമായ പ്രേഷിതദൗത്യത്തിനായി പ്രചോദിപ്പിക്കുന്നത്. അങ്ങനെയാണ് പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ചുയുവതി കൃത്യം ഇരുന്നൂറു വർഷംമുമ്പ് ''വിശ്വാസപ്രചാരണത്തിനായുള്ള സംഘം'' (The Society for the Propagation of the Faith) സ്ഥാപിച്ചത്. അവൾ ഈ ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കപ്പെടും. അവളുടെ ആരോഗ്യം പരിമിതമായിരുന്നെങ്കിലും, വിശ്വാസികൾക്ക് ''ഭൂമിയുടെ അതിർത്തിയോളമുള്ള'' പ്രേഷിതപ്രവർത്തനത്തിൽ സജീവമായി പങ്കുചേരാൻ തക്കവിധം, പ്രാർത്ഥനയുടെ ഒരു ശൃംഖലയും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാൻ ഒരു സംഘടനയും സ്ഥാപിക്കാനുള്ള ദൈവികപ്രചോദനം അവൾക്കു ലഭിച്ചു. അവളുടെ ഈ അത്യുജ്ജ്വല ആശയമാണ് എല്ലാവർഷവും ലോകപ്രേഷിതദിനം ആചരിക്കാനിടയാക്കിയത്; അതുവഴിയായി പ്രാദേശികസമൂഹങ്ങളിൽനിന്നു ലഭിക്കുന്ന ധനം സാർവത്രികസഭയുടെ മൂലധനത്തിലേക്കു ചേർക്കപ്പെടുകയും പ്രേഷിതപ്രവർത്തനങ്ങളെ സഹായിക്കാനായി മാർപാപ്പ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഞാൻ ചാൾസ് ദെ ഫോർസിൽ-യാൻസൺ എന്ന ഫ്രഞ്ചുമെത്രാനെയും അനുസ്മരിക്കുന്നു. കുട്ടികളുടെയിടയിൽ പ്രേഷിത ചൈതന്യം വളർത്തുകയെന്ന ലക്ഷ്യത്തോടെ അദ്ദേഹം ''തിരുബാലസഖ്യം'' (Association of the Holy Childhood) സ്ഥാപിക്കുകയുണ്ടായി. അതിന്റെ ആപ്തവാക്യം ഇപ്രകാരമാണ്: ''കുട്ടികൾ കുട്ടികളെ സുവിശേഷവത്ക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥിക്കുന്നു, കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു.'' മിഷൻപ്രദേശങ്ങളിലുള്ള വൈദികാർത്ഥികളെയും വൈദികരെയും സഹായിക്കുകയെന്ന ലക്ഷ്യത്തോടെ ''വി. പത്രോസ് അപ്പസ്തോലന്റെ സംഘം'' (Society of St Peter the Apostle) സ്ഥാപിച്ച ജീൻ ബിഗാർഡിനെയും ഞാൻ ഓർക്കുന്നു. ഈ മൂന്നു മിഷൻസംഘങ്ങളും ''പൊന്തിഫിക്കൽ'' ആയി നൂറുവർഷംമുമ്പ് ഉയർത്തപ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സഹായത്താലുമാണ് 150 വർഷംമുമ്പു ജനിച്ച വാഴ്ത്തപ്പെട്ട പൗളോ മന്നാ ഇന്നത്തെ ''പൊന്തിഫിക്കൽ മിഷൻ യൂണിയൻ'' (Pontifical Mission Union) സ്ഥാപിച്ചത്; അതു വൈദികരുടെയും സന്യാസിനീസന്യാസികളുടെയും ദൈവജനം മുഴുവന്റെയും ഇടയിൽ പ്രേഷിതഅവബോധവും ചൈതന്യവും ജനിപ്പിക്കാൻവേണ്ടിയായിരുന്നു. വി. പോൾ ആറാമൻതന്നെയും ഈ സംഘത്തിന്റെ അംഗമായിരുന്നു; അദ്ദേഹം അതിനു പേപ്പൽ അംഗീകാരം ഉറപ്പുവരുത്തുകയും ചെയ്തു. ഈ നാല് പൊന്തിഫിക്കൽ മിഷൻസംഘങ്ങളെ

ക്കുറിച്ചു സംസാരിക്കുന്നത് അവയുടെ ചരിത്രപരമായ വലിയ ഗുണമേന്മ പരിഗണിച്ചാണ്. അവർ സാർവത്രികസഭയിലും പ്രാദേശികസഭകളിലും സുവിശേഷവത്ക്കരണദൗത്യത്തിനുപകരിക്കുന്ന രീതിയിൽ ചെയ്തുവരുന്ന പ്രവൃത്തികളെ ഓർത്തുകൊണ്ട് അവരോടൊപ്പം ആഹ്ലാദിക്കാൻ, ഈ പ്രത്യേക വർഷത്തിൽ, ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെയിടയിൽ പ്രേഷിതചൈതന്യം വളർത്തുന്നതിനുള്ള മാർഗം ഈ സംഘങ്ങളിലൂടെ പ്രാദേശിക സഭകൾ കണ്ടെത്തുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

പ്രിയ സഹോദരീസഹോദരന്മാരേ, സമ്പൂർണമായും പ്രേഷിതയായ ഒരു സഭയെയും ക്രൈസ്തവസമൂഹങ്ങൾക്കിടയിൽ പ്രേഷിതപ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തെയും ഞാൻ സ്വപ്നം കാണുന്നു. പ്രയാണത്തിലായിരുന്ന ദൈവജനത്തെ സംബന്ധിച്ചു മോശയ്ക്കുണ്ടായിരുന്ന വലിയ അഭിലാഷം ഞാൻ ആവർത്തിക്കുന്നു: ''കർത്താവിന്റെ ജനം മുഴുവൻ പ്രവാചകർ ആയിരുന്നെങ്കിൽ!'' (സംഖ്യ 11:29). ജ്ഞാനസ്നാനം വഴി നാം എന്തായി ഭവിച്ചോ അത് എല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയിത്തീർന്നെങ്കിലെന്നു ഞാൻ ആശിക്കുന്നു; അതായത്, ലോകത്തിന്റെ അതിർത്തികളോളം, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രവാചകരും സാക്ഷികളും കർത്താവിന്റെ പ്രേഷിതരും.

പ്രേഷിത റാണിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

2022 ജനുവരി 6-ാം തീയതി, കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവത്തിൽ റോമിലെ ലാറ്ററൻ ദൈവാലയത്തിൽ നല്കപ്പെട്ടത്.



**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

## സർക്കുലർ

22 Ch. 275-356

# വിലപ്പെട്ട ദൈവദാനം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, കുഞ്ഞുമക്കളേ,

'വിളവധികം, വേലക്കാരോ ചുരുക്കം; അതിനാൽ തന്റെ വിളഭൂമിയിലേക്കു വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ' (മത്തായി 9,37-38). മിശിഹായുടെ ഈ വാക്കുകൾ എന്നത്തെയുംകാൾ പ്രസക്തമായ നാളുകളാണ് നാം ജീവിക്കുന്ന ഈ കാലഘട്ടം. ദൈവവിളി മനുഷ്യന്റെ അവകാശമല്ല; ദൈവത്തിന്റെ ദാനമാണ്. അതിനാലാണ് നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തതെന്ന് ഈശോ തന്റെ ശിഷ്യന്മാരോടു പറഞ്ഞത് (യോഹന്നാൻ 15,16). ദൈവവിളിയാകുന്ന വലിയ ദാനം ദൈവംതന്നെയാണ് തനിക്ക് ഇഷ്ടമുള്ളവർക്കു നൽകുന്നത്. ദൈവം വിതയ്ക്കുന്ന ഈ വിത്ത് ദൈവം ആഗ്രഹിക്കുന്നതുപോലെ ഫലം ചൂടണമെന്നുണ്ടെങ്കിൽ വിതയ്ക്കപ്പെടുന്ന നിലം നന്നായി ഒരുക്കപ്പെടണം. ദൈവവചനത്തിൽ വേരൂന്നിയും ദൈവപ്രമാണങ്ങൾ പാലിച്ചും യഥാർത്ഥ ആരാധനാസമൂഹമായി ജീവിക്കുമ്പോൾ നിലം ഒരുക്കപ്പെട്ടിരിക്കുന്നു എന്നു പറയാം. പ്രാർത്ഥനയിലൂടെ അതു നിലനിർത്തുകയും വേണം.

അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല (ഹെബ്രായർ 5,4). അതിനാൽത്തന്നെ ദൈവത്താൽ വിളിക്കപ്പെടുന്നവർ ആ വിളി നിരസിക്കുന്നതും നഷ്ടപ്പെടുത്തുന്നതും തിരിച്ചറിയാതെ പോകുന്നതും നിർഭാഗ്യകരമാണ്. നമ്മുടെ യോഗ്യതകൾ പരിഗണിക്കാതെ നമ്മോടുള്ള ഇഷ്ടത്തെപ്രതി നമ്മെ വിളിക്കുന്ന കർത്താവിനെ പൂർണമനസ്സോടും പൂർണഹൃദയത്തോടും പിൻചെല്ലാനുള്ള പരിശീലനം നൽകുന്നത് സുപ്രധാനമാണ്. ചെറുപ്രായം മുതൽതന്നെ തങ്ങൾക്കുവേണ്ടിയുള്ള ദൈവികപദ്ധതി തിരിച്ചറിയാനും ദൈവവിളി ലഭിക്കുന്നവർ നന്ദിയോടെ അതു സ്വീകരിച്ച് സംരക്ഷിച്ച് വിളിക്കനുസൃതമായ ജീവിതത്തിലൂടെ അതിന് പ്രത്യുത്തരം

നൽകാനും തയ്യാറാക്കപ്പെടണം. ഇക്കാര്യത്തിൽ മാതാപിതാക്കൾ, ഇട വകസമൂഹം, സമർപ്പിതർ, വൈദികർ എന്നിവരുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്.

## കുടുംബം: ദൈവവിളിയുടെ അടിത്തറ

കുടുംബങ്ങളിലെ പ്രാർത്ഥനയുടെ അന്തരീക്ഷമാണ് ദൈവവിളി യുടെ ഏറ്റവും പ്രധാനപ്പെട്ട സാഹചര്യം. കുടുംബത്തിലും വ്യക്തിപര മായും നാഥനോടൊപ്പം സമയം ചിലവഴിക്കാനും സഭയുടെ ആരാധന ക്രമത്തിൽ ഉത്സാഹത്തോടെ പങ്കുചേരാനും ഉത്തമമായ കൗദാശിക ജീവിതം നയിക്കാനും ഒരു വ്യക്തി താല്പര്യം പ്രകടിപ്പിക്കുമ്പോൾ തന്റെ ആത്മാവാകുന്ന നിലത്തെ ദൈവവിളിയാകുന്ന വിത്ത് പാകാനുള്ള നല്ല നിലമായി അയാൾ ഒരുക്കുകയാണ്. മാതാപിതാക്കൾക്ക് ഇക്കാര്യത്തിൽ വലിയ ഒരു പങ്കുണ്ട്. കുടുംബത്തിൽ വിശ്വാസജീവിതത്തിന്റെ ഭദ്രത മാതാപിതാക്കളുടെ വിശ്വാസവും അത് പകർന്നു നൽകാനുള്ള അവ രുടെ താത്പര്യവുമാണ്. ദൈവം ഒരു കുടുംബത്തിനും സമൂഹത്തിനും നൽകുന്ന വലിയ ദാനവും അനുഗ്രഹവുമാണ് പൗരോഹിത്യ-സമർപ്പിത ദൈവവിളികളെന്നത് തിരിച്ചറിഞ്ഞ് അവ പ്രോത്സാഹിപ്പിക്കാൻ മാതാ പിതാക്കളെ ഞാൻ ഓർമപ്പെടുത്തുന്നു. ദൈവവിളിയെ നിരുത്സാഹപ്പെ ടുത്തുന്നതും തടസ്സപ്പെടുത്തുന്നതും ദൈവഹിതമല്ല എന്നത് മനസ്സി ലാക്കണം. കുടുംബത്തിൽ മക്കളുടെ എണ്ണം കുറയുന്നതും ചെറുപ്പം മുതൽ മറ്റു ജീവിതാന്തസ്സുകളിലേക്കു പ്രവേശിക്കാനായി മാത്രം നിർ ബന്ധപൂർവം പരിശ്രമിക്കുന്നതും സമർപ്പിതദൈവവിളികൾ കുറയാൻ ഇടയാക്കും. കുട്ടികൾക്ക് താത്പര്യമുണ്ടെങ്കിലും മാതാപിതാക്കളുടെ എതിർപ്പുമൂലം ദൈവവിളി നഷ്ടപ്പെടുത്തേണ്ടതായി വരുന്ന സാഹചര്യം വളരെ ഖേദകരമാണ്.

## ദൈവവിളി പരിപോഷണവും ഇടവകസമൂഹവും

ദൈവവിളികൾ വളർത്താനും പരിപോഷിപ്പിക്കാനുമുള്ള സഭയുടെ ദൗത്യം നിർവഹിക്കപ്പെടുന്നത് ഇടവകകളിൽ ബഹുമാനപ്പെട്ട വൈദി കരിലൂടെയും സമർപ്പിതരിലൂടെയും ദൈവജനത്തിലൂടെയുമാണ്. ദൈവവിളികളുടെ കാര്യത്തിൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന വൈദികരുടെ ഇടവകകളിൽനിന്ന് താരതമ്യേന കൂടുതൽ പേർക്ക് വിളി തിരിച്ചറിയാനും സ്വീകരിക്കാനും സാധിക്കുന്നതായി കാണുന്നു. വൈദി കരുടെയും സമർപ്പിതരുടെയും ദൈവജനത്തിന്റെയും താത്പര്യക്കുറവു മൂലം ദൈവവിളികൾ നഷ്ടപ്പെട്ടുപോകാൻ ഇടയാകരുത്. ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണത്തിന്റെ പ്രായംമുതലെങ്കിലും ദൈവ വിളിയോട് ആഭിമുഖ്യമുള്ള കുട്ടികളെ യഥാസമയം പ്രോത്സാഹിപ്പി ക്കാനും വേണ്ടനിർദേശങ്ങൾ നൽകാനും വൈദികരും സമർപ്പിതരും ശ്രദ്ധിക്കണം. ദൈവവിളി സംബന്ധമായ ശരിയായ അറിവ് നൽകുന്ന

ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയ കാര്യങ്ങൾ ഇടവകകളിൽ സംഘടിപ്പിക്കുന്നത് മാതൃസഭയെക്കുറിച്ചും സഭാശുശ്രൂഷാമേഖലകളെക്കുറിച്ചും ശരിയായ അറിവിൽ വളരാൻ കുട്ടികളെ സഹായിക്കും. വളരെ പ്രത്യേകമായി സമർപ്പിതജീവിതത്തിലേക്കുള്ള പെൺകുട്ടികളുടെ ദൈവവിളികൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. നമ്മുടെ സഭയുടെ ഒരു അടിയന്തിരാവശ്യമായി ഇക്കാര്യത്തെ കണ്ട് പ്രവർത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

ദൈവവിളികളുടെ പരിപോഷണത്തിനായി നമ്മുടെ ഇടവകകളിൽ ദൈവവിളിസെൽ രൂപപ്പെടുത്താൻ ബഹു. വൈദികരെ ചുമതലപ്പെടുത്തുകയാണ്. ബഹു. ഇടവകവികാരിയച്ചന്റെ നേതൃത്വത്തിൽ സമർപ്പിതരുടെ ഒരു പ്രതിനിധി, കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഒരു പ്രതിനിധി, വിശ്വാസപരിശീലകരുടെ ഒരു പ്രതിനിധി, മാതൃകാപരമായ കുടുംബജീവിതം നയിക്കുന്ന ഒരു പിതാവും മാതാവും എന്നിങ്ങനെ 6 പേരെ ഈ ദൈവവിളി സെല്ലിൽ ഉൾപ്പെടുത്താം. ഇടവകയിൽ ദൈവവിളിക്കായുള്ള പ്രാർത്ഥനക്കു നേതൃത്വം നൽകാനും, ദൈവവിളിയോട് ആഭിമുഖ്യമുള്ളവരെ കണ്ടെത്താനും, താത്പര്യം പ്രകടിപ്പിക്കുന്നവരെ യഥാസമയം പ്രോത്സാഹിപ്പിക്കാനും വേണ്ട മാർഗനിർദേശങ്ങൾ നൽകാനും, വിളിസ്വീകരിച്ച് സമർപ്പിതജീവിതത്തിലേക്ക് പ്രവേശിക്കാൻ സഹായിക്കാനും ഈ സംവിധാനം ഊർജ്ജിതമായി പ്രവർത്തിക്കണം. ഒരിടവകയിൽനിന്ന് അടുത്തവർഷം പൗരോഹിത്യ, സമർപ്പിത ജീവിതത്തിലേക്ക് ഒരാളെയെങ്കിലും പ്രോത്സാഹിപ്പിക്കാൻ നമുക്കു സാധിച്ചാൽ അതു നമ്മുടെ സഭയ്ക്ക് വലിയൊരു അനുഗ്രഹമാകും.

വൈദികരുടെയും സമർപ്പിതരുടെയും അഭാവംമൂലം കഷ്ടതകൾ സഹിക്കുന്ന ഒരു സഭയായി നമ്മുടെ സഭ മാറാതിരിക്കാൻ ജാഗ്രതയോടെ ഒന്നുചേർന്ന് നമ്മൾ ശ്രമിക്കേണ്ടിയിരിക്കുന്നു. ആരാധനാസമൂഹമെന്ന നിലയിൽ ദൈവത്തോടുചേർന്നു ജീവിക്കാനും ദൈവം ദാനമായി നൽകുന്ന നല്ല ദൈവവിളികൾ പ്രോത്സാഹിപ്പിക്കാനും നമുക്കു പ്രതിജ്ഞാബദ്ധരായിരിക്കാം. വിളവിന്റെ നാഥനോട് വിളഭൂമിയിൽ വേലക്കാർക്കായി നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: ഈ സർക്കുലർ 2022 ഒക്ടോബർ 02-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

**C.22/GL 279** **20.09.2022**

# എ.കെ.സി.സി - ഉണർവോടെ സമുദായത്തിനൊപ്പം

പ്രിയ വൈദികരേ, വിശ്വാസിസമൂഹമേ,

കോവിഡ് മഹാമാരിക്കുശേഷം പൊതുസമൂഹത്തിനൊപ്പം സഭയിലെ വിവിധങ്ങളായ സന്നദ്ധസംഘടനകളും ക്രമാനുഗതമായി പ്രവർത്തന പന്ഥാവിലേക്ക് തിരിച്ചുവരുകയാണ്. മുമ്പെങ്ങും ഉണ്ടാകാത്തവിധം വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ സഭയുടെ സാന്നിധ്യവും ചരിത്ര പരമായ ഇടപെടലുകളും തമസ്കരിക്കപ്പെടുകയും അവഗണിക്കപ്പെടു കയും ചെയ്യുന്നുവെന്നത് നാം തിരിച്ചറിയേണ്ട വസ്തുതയാണ്. സഭ ഉയർത്തിപ്പിടിക്കുന്ന, വിശ്വാസത്തിൽ അധിഷ്ഠിതമായ ധാർമികമൂല്യ ങ്ങൾക്കുവേണ്ടി പൊതുസമൂഹത്തിൽ നിലകൊള്ളേണ്ടത് ഏതൊരു ഉത്തമക്രൈസ്തവന്റെയും ഉത്തരവാദിത്വവും ദൈവനിയോഗവുമാണ്.

സ്വത്വബോധമുള്ള ഒരു തലമുറയായി രൂപപ്പെടുകയെന്നതിനൊപ്പം കൂട്ടായ്മയിലൂടെ വിവിധങ്ങളായ പ്രതിസന്ധികളെ മറികടന്ന് പൊതു സമൂഹത്തിൽ സഭയുടെ സാക്ഷികളും സമുദായത്തിന്റെ വക്താക്കളു മായിമാറുകയെന്നതാണ് കത്തോലിക്കാകോൺഗ്രസ് എന്ന സമുദായ സംഘടനയുടെ പരമപ്രധാനമായ ലക്ഷ്യം. നമ്മുടെ അതിരൂപതയിലെ കത്തോലിക്കാകോൺഗ്രസ് പ്രവർത്തനങ്ങൾ ഈ ലക്ഷ്യങ്ങളിലൂന്നി മുന്നോട്ടു പോകുവാൻ ശ്രമിക്കുന്നു എന്നതിൽ സന്തോഷിക്കുന്നു.

സ്ഥാപിതമായിട്ട് 104 വർഷങ്ങൾ പിന്നിട്ട കത്തോലിക്കാകോൺ ഗ്രസിന് തലമുറകളുടെ അനുഭവസമ്പത്ത് വലിയ മുതൽക്കൂട്ടാണ്. പൊതുവിഷയങ്ങളിൽ ഊർജ്ജസ്വലമായും ക്രിയാത്മകമായും മുന്നോട്ടു പോകണമെങ്കിൽ സഭാംഗങ്ങളുടെ വലിയ പിന്തുണ അനിവാര്യമാണ്. കൂടുതൽ അംഗങ്ങളും പുതിയ യൂണിറ്റുകളും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിരൂപതയിലെ എല്ലാ ഇടവകകളിലും എ.കെ.സി.സി. യുടെ യൂണി റ്റിനു രൂപം കൊടുക്കുവാൻ വികാരിയച്ചന്മാരും സംഘടനയുടെ ഉപരി

സമിതികളിലുള്ള ഭാരവാഹികളും ശ്രദ്ധിക്കണം. ഇടവകയിലെ എല്ലാ കുടുംബങ്ങളിൽനിന്നും പ്രായപൂർത്തിയായ ഒരാളെങ്കിലും കത്തോലിക്കാകോൺഗ്രസിൽ അംഗമാകണം. സഭാംഗങ്ങളിൽ വിവിധങ്ങളായ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മകളും ഉണ്ടാവണം. കേവല രാഷ്ട്രീയതാല്പര്യങ്ങളാൽ വിഭജിതരാകാതെ, സഭയെപ്രതി ഉപരിനന്മകൾക്കായി കൈകൾ കോർക്കാൻ നമുക്കു സാധിക്കണം.

ഇപ്രകാരമുള്ള ലക്ഷ്യങ്ങൾ മുൻനിർത്തി കത്തോലിക്കാകോൺഗ്രസ് ചങ്ങനാശേരി അതിരൂപതാസമിതി മുന്നോട്ടുവച്ചിട്ടുള്ള 'ദർശൻ 2022' എന്ന പരിപാടി വിജയിപ്പിക്കണം. ആഗസ്റ്റ് 21 മുതൽ ഡിസംബർ 20 വരെയുള്ള നാലു മാസക്കാലയളവിൽ നടക്കുന്ന സംഘടനാശാക്തീകരണ പരിപാടിയിൽ ക്രിയാത്മകമായ കർമപദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ വിജയത്തിനായി ബന്ധപ്പെട്ട ഡയറക്ടർ അച്ചന്മാരും സംഘടനാനേതാക്കളും ഒരുമനസ്സോടെ സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ - ഭരണഘടനാവകാശങ്ങൾ ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ അവസരത്തിൽ ആത്മവിശ്വാസത്തോടെ ഇടപെടുവാനും കൂടുതൽ തീക്ഷ്ണമതികളായ സമുദായസ്നേഹികളെ സംഭാവന ചെയ്യുവാനും കത്തോലിക്കാകോൺഗ്രസിന് ഇതിലൂടെ സാധിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും എല്ലാ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: ഈ കത്ത് 2022 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## സർക്കുലർ

**22 Ch. 276-357**

# സഭയുടെ സാമൂഹിക പ്രതിബദ്ധതയും ചാസിന്റെ നൂതനസംരംഭങ്ങളും

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, കുഞ്ഞുമക്കളേ,

'അധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' എന്ന ഈശോയുടെ വാക്കുകൾ സഭയ്ക്കെന്നും ഒരു മാർഗദീപമാണ്. ഈശോയുടെ തുടർച്ചയായ സഭയുടെ ജീവിതവും പ്രവൃത്തികളും ഈ വാക്കുകളുടെ വ്യാഖ്യാനവും സാക്ഷ്യവുമാകണം. ഈ ബോധ്യമാണ് 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയിലൂടെ സഭ പങ്കുവെക്കുന്നത്:

> ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ, പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം മിശിഹായുടെ അനുയായികളുടെയും കൂടിയാണ് (GS 1).
>
> യാതൊരു ഭൗതിക താൽപര്യത്താലും പ്രചോദിതരാകാതെ സ്നേഹമയനായ പരിശുദ്ധാരൂപിയുടെ നേതൃത്വത്തിൽ മിശിഹായുടെ ധർമ്മം തുടർന്നുകൊണ്ടുപോവുക അതാണ് സഭയുടെ ഒരേയൊരു ലക്ഷ്യം. സത്യത്തിന് സാക്ഷ്യം വഹിക്കുവാനും രക്ഷിക്കാനും സേവിക്കാനുമായിരുന്നു മിശിഹാ ലോകത്തിലേക്കു പ്രവേശിച്ചത് (GS 3).

ഈശോയുടെ കാരുണ്യത്തിന്റെ മുഖമായിരിക്കണം സഭയുടേതും. സഭയുടെ സാമൂഹികശുശ്രൂഷാസംവിധാനങ്ങളിൽ പ്രതിഫലിക്കുന്നത്

അതാണ്. ചങ്ങനാശേരി അതിരൂപതയാകുന്ന പ്രാദേശികസഭയുടെ മുഖ്യ സാമൂഹികശുശ്രൂഷാസംവിധാനമാണ് ചാസ്സ് (CHASS) എന്നറിയപ്പെടുന്ന ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി. 1966 ൽ സ്ഥാപിതമായ ചാസ് 56 വർഷം പിന്നിടുമ്പോൾ കേരളത്തിലെതന്നെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു സോഷ്യൽ സർവീസ് സൊസൈറ്റിയായി വളർന്നിരിക്കുന്നു.

അതിരൂപതയുടെ പ്രവർത്തനമേഖലകളിൽ വരുന്ന നാനാജാതി മതസ്ഥരായ ജനവിഭാഗങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയും സുസ്ഥിരതയും ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന ചാസിന് അതിവിപുലമായ ജനകീയടിത്തറയും, നൂതനവും, കാലാനുസൃതവുമായ പ്രവർത്തന പരിപാടികളുമുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും, സർക്കാരിതരസംവിധാനങ്ങളുടെയും വിവിധ വികസന പദ്ധതികളുടെ നോഡൽ ഏജൻസിയാണ് ചാസ്.

## നൂതനസംരംഭങ്ങൾ

ചാസിന്റെ വൈവിധ്യമാർന്ന കർമപരിപാടികളിൽ ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്ന രണ്ട് പദ്ധതികൾ നിങ്ങളുടെ അറിവിലേക്കും സഹകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തുന്നു. അതിൽ ആദ്യത്തേത് ചാസിന്റെ കാർഷികവികസനപദ്ധതികളാണ്. കാർഷികമേഖലയുടെ പുരോഗതിയും ക്ഷേമവും മുൻനിർത്തി ധാരാളം പദ്ധതികൾ ചാസ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. അതിന്റെ ഭാഗമായി 2022 ൽ കോട്ടയം ജില്ലയിൽ രണ്ട് കർഷക ഉൽപ്പാദകകമ്പനികൾക്ക് രൂപം കൊടുത്തിരിക്കുന്ന വിവരം ഏവരെയും സന്തോഷപൂർവം അറിയിക്കുന്നു. കൂടാതെ ആലപ്പുഴ ജില്ലയിലെ കുട്ടനാട് കേന്ദ്രീകരിച്ച് ഒരു കമ്പനികൂടി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കർഷകർക്കുവേണ്ടി കർഷകർത്തന്നെ നേതൃത്വം നൽകുന്ന ഈ കമ്പനികൾ ഇടനിലക്കാരെ ഒഴിവാക്കി കാർഷികഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിമാറ്റി വിറ്റഴിക്കുന്നു. അതുവഴി കർഷകർക്ക് പരമാവധി വില ലഭിക്കുന്നതിനിടയാകുന്നു. കൂടാതെ പൊതുജനങ്ങൾക്ക് മായം കലരാത്ത നാടൻ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കാനും പദ്ധതിയിടുന്നു. ഇതിന്റെ ഭാഗമായി ചങ്ങനാശേരി ബൈപാസ് റോഡിനോടു ചേർന്നുള്ള ചാസിന്റെ പുരയിടത്തിൽ നബാർഡിന്റെ സഹകരണത്തോടെയുള്ള റൂറൽ ഹട്ടിന് തറക്കല്ലിട്ടുകഴിഞ്ഞു. തുടക്കത്തിൽ 20 സ്റ്റാളുകൾ ഒരുക്കേണ്ടതുണ്ട്.

ഈ കമ്പനികളിൽ പരമാവധി കർഷകരെ അംഗങ്ങളാക്കിയാൽ മാത്രമേ നമ്മുടെ സംരംഭങ്ങൾ വിജയിക്കൂ. അംഗങ്ങൾ സമാഹരിക്കുന്ന ഓഹരിമൂലധനത്തിന് തത്തുല്യമായ തുക കേന്ദ്രഗവൺമെന്റ് ഗ്രാന്റായി

നൽകുന്നു. കൂടാതെ ഒരു കമ്പനിക്ക് നാൽപ്പത് ലക്ഷം രൂപവരെ ഉപകരണങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി നൽകുകയും ചെയ്യും. ഈ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കർഷകമുന്നേറ്റം നടത്തുവാൻ നമ്മുടെ കർഷകർ തയ്യാറാകണം. അതിനായി ചാസിന്റെ പ്രവർത്തകർ നിങ്ങളെ സമീപിക്കുമ്പോൾ അവർക്കുവേണ്ട സഹായസഹകരണങ്ങൾ ഇടവകയിൽ നിന്നും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

രണ്ടാമത്തെ സംരംഭം ചാസിന്റെ സ്വാശ്രയവിപണിയാണ്. കർഷകരും സ്വാശ്രയസംഘങ്ങളും ഇതരസംരംഭകരും ഉൽപ്പാദിപ്പിക്കുന്ന നാടൻ വിഭവങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിറ്റഴിക്കുവാനും ഗുണഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുവാനും ചാസ് സ്വാശ്രയ വിപണി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി ചാസിന്റെ ഇടവകതല യൂണിറ്റുകളുടെ മേൽനോട്ടത്തിൽ ഞായറാഴ്ചചന്തകളും നാട്ടുചന്തകളും കൂടാതെ ചാസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വഴിയോര വിപണികളും പ്രവർത്തിക്കുന്നു. അവിടെനിന്നും ഉൽപ്പന്നങ്ങൾ വാങ്ങി ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ അവിടെയെത്തിക്കുന്നതിനും വിപണനം നടത്തുന്നതിനും തയ്യാറാകണം. കൂടാതെ മറ്റു രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുമായി സഹകരിച്ച് ഉൽപ്പന്നങ്ങൾ വിപണനം നടത്തുവാനും ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. നമ്മുടെ തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മീൻ മായം ചേർക്കാതെ നമുക്കു ലഭിക്കുവാനും അങ്ങനെ അവരെ സഹായിക്കുവാനും പദ്ധതിയുണ്ട്. നിങ്ങൾ ഓരോരുത്തരുടെയും സഹായസഹകരണങ്ങൾ നൽകി ഈ നല്ല ഉദ്യമങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: ഈ സർക്കുലർ 2022 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.*

സർക്കുലർ

22 Ch. 274-355

# സഭയുടെ വളർച്ചയും പ്രേഷിതഫലങ്ങളും

ഈശോമിശിഹായിൽ പ്രിയബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

സഭ വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്ന ദൈവരാജ്യ രഹസ്യങ്ങളാണ് കൈത്താക്കാലത്ത് നമ്മുടെ ധ്യാനവിഷയം. ഈശോ തന്റെ ശിഷ്യന്മാരിലൂടെ നട്ടുപിടിപ്പിച്ച സഭയാകുന്ന ചെടി ക്രമേണ വളർന്ന് ഒരു വൻവൃക്ഷമായിരിക്കുന്നു. എല്ലാവർക്കും സ്നേഹത്തിന്റെ തണലേകാനും നിത്യജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും സഭ അയക്കപ്പെട്ടിരിക്കുന്നു.

''റൂഹാദ്ക്കുദ്ശാ നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ഓറെശ്ലേത്തും യൂദാമുഴുവനിലും ശമ്രായരുടെ സ്ഥലത്തും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളാവുകയും ചെയ്യും'' (നടപടി 1:8). ഈശോയുടെ ഈ വാക്കുകൾ യാഥാർത്ഥ്യമാകുന്നതിന്റെ ചരിത്രമാണു സഭയുടെ ചരിത്രം. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും നേതൃത്വത്തിൽ സുവിശേഷസന്ദേശം ലോകമെങ്ങും പ്രഘോഷിക്കപ്പെടുന്നു.

തോമാശ്ലീഹായിലൂടെ ഇന്ത്യയിലും ആരംഭംമുതലേ സഭാവൃക്ഷം വേരുപിടിച്ചു വളർന്നു. അതിന്റെ സത്ഫലങ്ങൾ ഇന്ത്യയിലെങ്ങും, പ്രത്യേകിച്ച് കേരളത്തിൽ നമുക്കു പ്രകടമായി കാണാവുന്നതാണ്. 'അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' എന്നുപറഞ്ഞ ഈശോയെ സാക്ഷ്യപ്പെടുത്തുന്ന സ്നേഹത്തിന്റെ എണ്ണമറ്റ പ്രവൃത്തികൾ ലോകമെങ്ങും ഇന്ത്യയിലും കേരളത്തിലും നമ്മുടെ അതിരൂപതയിലും ഇടവകകളിലും സഭ ചെയ്തുകൊണ്ടിരിക്കുന്നു. ക്ലേശിതർക്കും

അനാഥർക്കും ആലംബഹീനർക്കും ആശ്വാസവും അഭയവും നൽകുന്ന എത്രയോ ശുശ്രൂഷാകേന്ദ്രങ്ങളാണു സഭയിൽനിന്നു പ്രചോദനമുൾക്കൊണ്ട് പ്രവർത്തനനിരതമായിരിക്കുന്നത്!

സഭാരംഭംമുതലേ നിലനിന്നുപോരുന്ന ഇന്ത്യയിലെ മാർത്തോമ്മാനസ്രാണിസഭയുടെ ഭാഗമായി ആദ്യകാലം മുതൽ വളർന്നുവന്ന സഭാകൂട്ടായ്മയാണ് ചങ്ങനാശേരി അതിരൂപതയും. പതിനാറാം നൂറ്റാണ്ടോടുകൂടി മാർത്തോമ്മാനസ്രാണിസഭയ്ക്കുണ്ടായ ചില പ്രതിസന്ധികളും തിരിച്ചടികളും അവളുടെ വളർച്ചയ്ക്കും പ്രേഷിതസാക്ഷ്യത്തിനും വിഘാതമായി. അവയൊക്കെ ക്രമേണ മറികടന്നു വളർച്ചയുടെയും ശക്തമായ പ്രേഷിതസാക്ഷ്യത്തിന്റെയും പാതയിലാണു കഴിഞ്ഞ ഒന്നേകാൽ നൂറ്റാണ്ടിലധികമായി നമ്മുടെ സഭ.

പ്രതിബന്ധങ്ങൾ മാറി പ്രവർത്തനസ്വാതന്ത്ര്യം ലഭിച്ചതിനനുസരിച്ച് നമ്മുടെ അതിരൂപതയും സഭയുടെ പ്രേഷിതദൗത്യനിർവഹണത്തിൽ സജീവപങ്കാളിയായി. അങ്ങനെ 1960 ൽ ആരംഭിച്ച കന്യാകുമാരിമിഷൻ പിന്നീട് തക്കലരൂപതയായി വളർന്നിരിക്കുന്നു. 1975 ൽ ഉത്തർപ്രദേശിൽ ആരംഭിച്ച ഇറ്റാവാമിഷൻ ആണ് ചങ്ങനാശേരി അതിരൂപതയുടെ മറ്റൊരു പ്രേഷിതഫലം.

രണ്ടാം വത്തിക്കാൻ കൗൺസിൽ 1964 നവംബർ 27-ാം തീയതി പൗരസ്ത്യകത്തോലിക്കാ സഭകളെ സംബന്ധിക്കുന്ന പ്രമാണരേഖ അംഗീകരിച്ചു. പൗരസ്ത്യകത്തോലിക്കാസഭകളുടെ പ്രാധാന്യം, ഈ സഭകളെല്ലാം അഭംഗുരം സംരക്ഷിക്കപ്പെടേണ്ട ആവശ്യകത, ഈ സഭകളുടെ അവകാശങ്ങളും ചുമതലകളും തുടങ്ങിയ കാര്യങ്ങളാണ് ഈ പ്രമാണരേഖയിൽ വിവരിച്ചിരിക്കുന്നത്. 'മാർപാപ്പയുടെ പരമാധികാരത്തിൻകീഴിൽ എല്ലാ സഭകൾക്കും തുല്യപദവിയാണുള്ളതെന്നും, ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളതെന്നും, ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുക എന്നതു മാർപാപ്പയുടെ നിർദ്ദേശാനുസരണം എല്ലാ സഭകളുടെയും കടമയാണെന്നും' ഈ പ്രമാണരേഖ ഉദ്ബോധിപ്പിക്കുന്നു (OE 3).

തിരുസഭയുടെ ഔദ്യോഗികമായ തീരുമാനവും പ്രബോധനവും ഇപ്രകാരമാണെങ്കിലും നമ്മുടെ സഭയിൽ അതുനടപ്പിലാക്കിയിരുന്നില്ല. ഇന്ത്യയിലെങ്ങും നമ്മുടെ സഭയ്ക്കുണ്ടായിരുന്ന പ്രേക്ഷിതപരവും അജപാലനപരവുമായ സ്വാതന്ത്ര്യം പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇല്ലാതായി. അങ്ങനെയാണു കേരളത്തിൽ മാത്രമായി നമ്മുടെ സഭയ്ക്ക് ഒതുങ്ങി കഴിയേണ്ടിവന്നത്. ഈ അവസ്ഥയ്ക്ക് മാറ്റംവരുകയും ഇന്ത്യയിലെങ്ങും നമുക്ക് അജപാലനപ്രേഷിത പ്രവർത്തനസ്വാതന്ത്ര്യം

കൈവരുകയും ചെയ്തിരിക്കുകയാണ് 2017 ൽ ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തോടെ. അതിന്റെ ഫലമായി നമ്മുടെ ഇറ്റാവാമിഷൻ കൂടുതൽ വിപുലമാക്കാനും രാജസ്ഥാനിൽ ജയ്പൂർ കേന്ദ്രമായി പുതിയൊരു മിഷൻ ആരംഭിക്കാനും നമുക്കുസാധിച്ചു.

ഷംഷാബാദ് രൂപതയുടെ കീഴിൽ ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള ഈ രണ്ട് ഉത്തരേന്ത്യൻ മിഷനുകളുടെയും ചുമതല യാണ് ഷംഷാബാദ് രൂപതയുടെ മെത്രാൻ അഭി. റാഫേൽ തട്ടിൽ പിതാ വിന്റെ ഒരു സഹായമെത്രാനായി നിയുക്തനായിരിക്കുന്ന അഭി. തോമസ് പാടിയത്ത് പിതാവിൽ ഇപ്പോൾ നിക്ഷിപ്തമായിരിക്കുന്നത്. ഇപ്പോൾ ഈ രണ്ടു മിഷനുകളുടെ പ്രത്യേക ചുമതലയുള്ള ഷംഷാബാദ് രൂപത യിലെ സിഞ്ചെള്ളൂസ് ആണ് പെരിയ ബഹു. പാലയ്ക്കൽ ജയിംസ് അച്ചൻ. ഇറ്റാവാമിഷന്റെ സുപ്പീരിയറായി ദീർഘകാലമായി നേതൃത്വം കൊടുത്തുവരുന്ന വൈദികനാണ് പെരിയ ബഹു. എഴികാട് തോമസ് അച്ചൻ. പുതിയ സഹായമെത്രാൻ മിഷനുകളുടെ ചുമതല ഏറ്റെടുക്കുന്ന തോടെ പുതിയ സഹായമെത്രാന്റെ നേതൃത്വത്തിൽ മിഷന്റെ ഭാവി വളർച്ചയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

പുതിയ സംവിധാനങ്ങൾ നമ്മുടെ സഭയെ സംബന്ധിച്ച് അജപാലന പരവും പ്രേഷിതപരവുമായ വളർച്ചയ്ക്കും ശക്തീകരണത്തിനും വഴിയൊ രുക്കുമെന്നതിനു സംശയമില്ല. ഇതു സാധ്യമാക്കിയ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായോടും പൗരസ്ത്യസഭാകാര്യാലയത്തോടും നമ്മൾ ഏറെ കടപ്പെട്ടിരിക്കുന്നു. നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവി ന്റെയും സഭാസിനഡിന്റെയും ഷംഷാബാദ് മെത്രാൻ അഭി. മാർ റാഫേൽ തട്ടിൽ പിതാവിന്റെയും പരിശ്രമങ്ങളും നേതൃത്വവും നമുക്കു നന്ദിയോടെ ഓർക്കാം.

കഴിഞ്ഞ 47 വർഷമായി ചങ്ങനാശേരി അതിരൂപതയുടെ മേൽനോട്ട ത്തിലുള്ള മിഷനാണ് ഇറ്റാവാമിഷൻ. രാജസ്ഥാനിലെ ജയ്പൂർമിഷനും ഷംഷാബാദ് രൂപത സ്ഥാപിതമാകുന്നതിനുമുമ്പ് നമ്മുടെ വൈദികരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങളിലൂടെ സീറോമലബാർ സിനഡിന്റെ മൈഗ്രന്റ്സ്-ഇവാഞ്ചലൈസേഷൻ കമ്മീഷന്റെ അംഗീകാരത്തോടെ 2015 ൽ ആരംഭംകുറിച്ചതാണ്. ഈ രണ്ടു മിഷനുകളുടെയും ചുമതലയുള്ള സഹായ മെത്രാനായി നിയമിതനായിരിക്കുകയാണ് അഭി. തോമസ് പാടിയത്ത് പിതാവ്. നമ്മുടെ അതിരൂപതയിലെ വിദ്യാഭ്യാസത്തിന്റെയും സമർപ്പിത രുടെയും ദൈവശാസ്ത്രസ്ഥാപനങ്ങളുടെയും മിഷന്റെയും ചുമതലയുള്ള സിഞ്ചെള്ളൂസായി സ്തുത്യർഹമായ സേവനം ചെയ്തുവരികയായിരുന്നു

അദ്ദേഹം. വളരെ വിസ്തൃതമായ രണ്ടു മിഷനുകളുടെ ഭാരിച്ച ചുമതല യാണ് അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. നിയുക്തമെത്രാനു വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നും കഴിയുന്നത്ര സഹായ സഹകരണങ്ങൾ ചെയ്യണമെന്നും ഞാനഭ്യർത്ഥിക്കുന്നു. മിഷനുവേണ്ടി കൂടുതൽ ദൈവവിളികൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. അതിനായി എല്ലാ വരും പ്രാർത്ഥിക്കയുംവേണം. നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപ നിങ്ങളെല്ലാവരുടെയുംമേൽ സമൃദ്ധമായി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: 2022 സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കാനായി നല്കപ്പെട്ടതാണ് ഈ സർക്കുലർ.*

C.22/GL 276 17.09.2022

# സമുദായസമുദ്ധാരണ കർമപദ്ധതി

മിശിഹായിൽ പ്രിയ ബഹു. വൈദികരേ,

കേരളത്തിലെ ക്രൈസ്തവസമുദായം അഭിമുഖീകരിക്കുന്ന നിരവധിയായ പ്രശ്നങ്ങളെക്കുറിച്ച് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ആഴമായ പഠനങ്ങൾ നടത്തുകയും അവയുടെ അടിസ്ഥാനത്തിൽ സമുദായം നേരിടുന്ന വെല്ലുവിളികളെ വിവിധ മേഖലകളായി തിരിച്ച് ഒരു മാർഗരേഖയും ഒരു ചർച്ചാസഹായിയും പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. സമുദായസമുദ്ധാരണത്തിനായി ഒരു കർമപദ്ധതി രൂപീകരിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ പഠനരേഖകൾ അവലംബമാക്കിക്കൊണ്ട് നമ്മുടെ അതിരൂപതയിലും വിവിധ മേഖലകളിൽ ചർച്ചകൾ നടത്തി പരിഹാരനിർദേശങ്ങൾ നൽകേണ്ടതുണ്ട്. അവയിൽ ഇടവകതലത്തിലുള്ള ചർച്ചകൾ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇതിനായി ഇടവകാംഗങ്ങളിൽനിന്ന് സമുദായ വിഷയങ്ങളിൽ താത്പര്യമുള്ളവരും വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവരുമായ 10-15 പേരെ തെരഞ്ഞെടുത്ത് ചർച്ചകൾ നടത്തുകയും പരിഹാരമാർഗങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് പബ്ലിക് അഫയേഴ്സ് കമ്മീഷന് proofjbkc@gmail.com എന്ന email വിലാസത്തിൽ ഒക്ടോബർ 30 ന് മുമ്പായി അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്. വിഷയങ്ങളെക്കുറിച്ചുള്ള തുടർപഠനമല്ല ആവശ്യം, പഠനരേഖകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ മാത്രമാണ് നിർദ്ദേശിക്കേണ്ടത്. കെ.സി.ബി.സി.യുടെ കേരളസഭാനവീകരണപദ്ധതിയും പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ സമുദായസമുദ്ധാരണ കർമപദ്ധതി രൂപീകരണവും വ്യത്യസ്തങ്ങളാണെന്നത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

Ref: 3786/K-5/KCBC/OL/DS 23.09.2022

## കെസിബിസി എസ്.സി./എസ്.ടി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന

# സർക്കുലർ

അഭി. പിതാക്കന്മാരേ, ബഹു. വൈദികരേ, മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വളരെ സുപ്രധാനമായ ഒരു സന്ദേശം നിങ്ങളെ അറിയിക്കുവാനാണ് ഇതെഴുതുന്നത്. മതേതരത്വം മുഖമുദ്രയായി ഭരണം നടക്കുന്ന നമ്മുടെ ഭാരതത്തിൽ ക്രൈസ്തവമതം സ്വീകരിച്ചുവെന്ന ഒറ്റക്കാരണത്താൽ ജന്മാവകാശം നിഷേധിക്കപ്പെട്ട ജനസമൂഹമാണ് പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ദലിത് ക്രൈസ്തവർ.

സ്വതന്ത്രഭാരതത്തിൽ ഭരണഘടന നിലവിൽ വന്നപ്പോൾ നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പിന്തള്ളപ്പെട്ടുപോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി-പട്ടികവർഗ്ഗം എന്ന വകുപ്പ് ചേർക്കുകയും 1950 ഓഗസ്റ്റ് 10-ാം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഉത്തരവിറക്കുകയും ഹിന്ദുമതവിശ്വാസികൾക്കുമാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തുകയും ചെയ്തു. 1956 സിക്കുമതവിശ്വാസികളെയും 1990 ബുദ്ധമതവിശ്വാസികളായ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ, ഇക്കാലമത്രയും ക്രൈസ്തവമതത്തിൽ വിശ്വസിക്കുന്ന ദലിതരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ഈ ജനസമൂഹം നിരന്തരമായ സമരത്തിന്റെയും നിവേദനങ്ങളുടെയും ഫലമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെങ്കിലും കമ്മീഷൻ റിപ്പോർട്ടുകളൊന്നും നടപ്പാക്കിയിട്ടില്ല.

ട്രിച്ചി സ്വദേശിയായ അഡ്വ. ഫ്രാങ്ക്ലിൻ സീസർ 2004 സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തു. 1950 ആഗസ്റ്റ് 10-ാം തീയതി ഇറക്കിയ ഉത്തരവിലെ 3-ാം ഖണ്ഡിക റദ്ദുചെയ്തു ദലിത് ക്രൈസ്തവർക്കും പട്ടികജാതി സംവരണം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ടാണ് കേസ്

ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവച്ചുവെങ്കിലും 2022 ഒക്ടോബർ 11-ാം തീയതി സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്കു വരികയാണ്. പ്രസ്തുത കേസ് വിജയിക്കാനും നമ്മുടെ സഹോദരീസഹോദരന്മാർക്ക് പട്ടികജാതി സംവരണം ലഭിക്കുവാനും 2022 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. അന്നേദിവസം എല്ലാവരും പ്രത്യേകപ്രാർത്ഥന നടത്തുകയും കേസിൽ നമുക്കുവേണ്ടി വാദിക്കുന്ന വക്കീലന്മാരെയും വാദം കേൾക്കുന്ന ജഡ്ജിമാരെയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.


ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
വൈസ് ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682 025

*NB: 2022 ഒക്ടോബർ 09-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും വി. കുർബാനയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*





## I
## വൈദികസമ്മേളനം

ഈ വർഷത്തെ രണ്ടാം വൈദികസമ്മേളനം (Presbyterium) 2022 നവംബർ 2-ാം തീയതി (ബുധൻ) ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിന്റെ പാരീഷ് ഹാളിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട ഈ സമ്മേളനം രാവിലെ 09.45 ന് ആരംഭിക്കും. ഉച്ചകഴിഞ്ഞ് 02.30 ന് അഭി. തോമസ് പാടിയത്ത് പിതാവിന് അനുമോദനങ്ങൾ അർപ്പിക്കുവാൻ അതിരൂപതാ പ്രതിനിധികളുടെ ഒരു സമ്മേളനവും ക്രമീകരിക്കുന്നതാണ്.

## II
## മിഷൻ ഞായർ

2022 ഒക്ടോബർ 23-ാം തീയതിയാണ് ഈ വർഷത്തെ മിഷൻ ഞായർ. ''എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാമുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും'' (അപ്പ. പ്രവ. 1:8) എന്ന ദൈവവചനമാണ് 2022 ലോക പ്രേഷിതദിനത്തിലെ ധ്യാനവിഷയം.

മിഷൻ ഞായറാഴ്ചയിലെ സ്തോത്രകാഴ്ച 2022 ഒക്ടോബർ 31 ന് മുമ്പായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.



## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 സെപ്റ്റംബർ മാസത്തിൽ PPFA കുടുംബത്തിൽനിന്നും നിത്യസമ്മാനത്തിന് യാത്രയായ കൊച്ചുമലയിൽ ബഹു. ജോൺ അച്ചനെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. എല്ലാ അംഗങ്ങളും ബഹു. അച്ചന്റെ നിയോഗത്തിൽ ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. റ്റോം ആര്യങ്കാല**
(സെക്രട്ടറി)

# 'കർമ്മനിരതനായിരുന്ന' കൊച്ചുമലയിൽ ബഹു. ജോൺ അച്ചൻ



വെട്ടിമുകൾ കൊച്ചുമലയിൽ വീട്ടിൽ ജോസഫിന്റെയും അന്നമ്മയുടെയും മകനായി 1963 ഫെബ്രുവരി 17 നു ജോൺ അച്ചൻ ജനിച്ചു. കർമ്മനിരതമായിരുന്നു ആ ജീവിതം. തങ്കച്ചൻ എന്ന വിളിപ്പേര് ഉണ്ടായിരുന്ന ബഹു. ജോൺ കൊച്ചുമലയിൽ അച്ചനോടു നല്ല അടുപ്പം പാലിച്ചിരുന്ന എനിക്ക് അച്ചനെക്കുറിച്ച് അങ്ങനെ പറയാനാണ് തോന്നുന്നത്. പഠനത്തിൽ അദ്ദേഹം മിടുക്കനായിരുന്നു. വടവാതൂർ സെമിനാരിയിൽ അച്ചനൊപ്പം ഒരേ ബെഞ്ചിലിരുന്നു പഠിച്ച ഞാൻ അതിനു സാക്ഷിയാണ്. തന്റെ പഠനത്തിൽ മാത്രമല്ല, തന്നെ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങളിലും അച്ചൻ അങ്ങനെതന്നെയായിരുന്നു.

ഞങ്ങൾ ഒരുമിച്ച് വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം ആരംഭിക്കുന്നത് 1987 ലാണ്. 1991 ഡിസംബർ 26 തീയതി ആയിരുന്നു അദ്ദേഹത്തിന്റെ തിരുപ്പട്ട സ്വീകരണം. സ്വന്തം ഇടവകയായ വെട്ടിമുകൾ സെന്റ് മേരീസ് പള്ളിയിലാണ് തിരുപ്പട്ട ശുശ്രൂഷകൾ നടന്നത്. പുരോഹിതനായി പട്ടം ഏറ്റതിനുശേഷം ആദ്യം അച്ചൻ തന്റെ ശുശ്രൂഷ നിർവഹിച്ചത് കോട്ടയം ലൂർദ് ഫൊറോനാ പള്ളിയിലാണ്. പിന്നീട് ഒരു കാലഘട്ടത്തിനുശേഷം ചുങ്കപ്പാറ, കുമാരനല്ലൂർ, പങ്ങട, താഴത്തങ്ങാടി, ചമ്പക്കര, കട്ടച്ചിറ, മുടിയൂർക്കര എന്നീ ഇടവകകളിൽ അദ്ദേഹം ശുശ്രൂഷ ചെയ്തു. സേവനം ചെയ്ത ഇടവകകളിലൊക്കെ ദൈവജനത്തിന്റെ ഹൃദയങ്ങളെ കീഴടക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നുവെന്നത് വാസ്തവമായ കാര്യമാണ്.

അലസത തൊട്ടു തീണ്ടാത്ത ആളായിരുന്നു ബഹു. അച്ചൻ. അധികാരികൾ തന്നെ ഭരമേൽപ്പിക്കുന്ന ദൗത്യം എന്തുതന്നെയായിരുന്നാലും നിശ്ചയദാർഢ്യത്തോടും വിശ്വസ്തതയോടുംകൂടെ അക്കാര്യത്തിൽ മുഴുമനസ്സോടെ അദ്ദേഹം ഏർപ്പെടുമായിരുന്നു. കഠിനാദ്ധ്വാനം അച്ചന്റെ മുഖമുദ്രയായിരുന്നു. സഭാധികാരികൾ അദ്ദേഹത്തെ ഏൽപ്പിച്ച ദൗത്യങ്ങൾ വിജയിപ്പിച്ച ചരിത്രമേ അദ്ദേഹത്തിനുള്ളു. അതിന്റെ നല്ല തെളിവാണല്ലോ പത്ത് വർഷക്കാലം അദ്ദേഹം സേവനം ചെയ്ത ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും (CHASS) ഖാദി പ്രസ്ഥാനവും. ചങ്ങനാശേരി സെന്റ് ജോസഫ് പ്രസ് & ബുക്ക്സ്റ്റാളിന്റെ മാനേജർ, SIITMARന്റെ ഡയറക്ടർ എന്നീ തസ്തികകളിലുള്ള ബഹു. അച്ചന്റെ സേവനവും പ്രശംസനീയമാണ്. സൗഹൃദത്തിന് വില കൽ

പ്പിച്ചിരുന്ന വ്യക്തിയായിരുന്നു കൊച്ചുമല അച്ചൻ. തന്റെ സുഹൃത്‌വലയത്തിലുള്ളവരോട് മുഖം നോക്കാതെ വിവിധ കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായങ്ങൾ വെട്ടിത്തുറന്നു പറയുമായിരുന്നെങ്കിലും സൗഹൃദ ബന്ധങ്ങളുടെ ഊഷ്മളത അദ്ദേഹം എന്നും പാലിച്ചിരുന്നു. ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും സഹപാഠികളോടൊത്തുള്ള വാർഷികസമ്മേളനങ്ങൾ അച്ചൻ ഒരിക്കലും മുടക്കുമായിരുന്നില്ല. അച്ചന് സ്വതന്ത്ര ചുമതലയുണ്ടായിരുന്ന പള്ളികളിലൊക്കെ ഒന്നിൽ കൂടുതൽ പ്രാവശ്യം ധ്യാനങ്ങൾക്കും സെമിനാറുകൾക്കും മറ്റും പോയ കാര്യം ഞാൻ ഓർക്കുന്നു. ഇടവകാംഗങ്ങളെ നോമ്പ് അവസരങ്ങളിലെങ്കിലും ഒരുക്കി കുമ്പസാരിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. താൻ ചെയ്യുന്ന കാര്യങ്ങളുടെ കാര്യക്ഷമതയിലും ഫലപ്രാപ്തിയിലും അച്ചന് ശ്രദ്ധയുണ്ടായിരുന്നു.

ഏതാണ്ട് പതിനെട്ടോളം വർഷം കിഡ്നി സംബന്ധമായ രോഗാവസ്ഥയിലായിരുന്നു അദ്ദേഹം. ആ വർഷങ്ങളിൽ അദ്ദേഹം പുലർത്തിയിരുന്ന ധൈര്യവും ശുഭാപ്തി വിശ്വാസവും സഹപാഠികളെ മാത്രമല്ല ഏവരെയും അത്ഭുതപ്പെടുത്തിയിരുന്നു. തന്റെ രോഗാവസ്ഥയെക്കുറിച്ചും മരുന്നിനോട് ശരീരം പ്രതികരിക്കുന്നതിനെക്കുറിച്ചും കൃത്യതയോടെയും ശാസ്ത്രീയമായും അദ്ദേഹം സംസാരിക്കുമ്പോൾ ഏതൊരു ഡോക്ടറെക്കാളും ഉപരിയാണ് ജോൺ അച്ചന്റെ അറിവെന്ന് എനിക്കു തോന്നുമായിരുന്നു. ക്ഷമാപൂർവ്വവും സഹനമനോഭാവത്തോടെയുമാണ് ഈ വർഷങ്ങളിലൂടെ അദ്ദേഹം കടന്നുപോയത്. തന്റെ രോഗാവസ്ഥയോട് ബന്ധപ്പെട്ട് ആരെയും ബുദ്ധിമുട്ടിക്കാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ആഴ്ചയിൽ രണ്ടുതവണ ഡയാലിസിസ് ചെയ്യാൻ സ്വയം കാറോടിച്ചാണ് പോയിരുന്നത്. ആ ദിവസങ്ങളിൽ തന്റെ ഉത്തരവാദിത്തങ്ങളിൽനിന്ന് അദ്ദേഹം മാറി നിന്നിരുന്നുമില്ല.

രോഗകാരണം പറഞ്ഞു അദ്ദേഹത്തിന് വേണമെങ്കിൽ പള്ളികളുടെ ഉത്തരവാദിത്വങ്ങളിൽ നിന്ന് മാറി നിൽക്കാമായിരുന്നു. അഭി. പിതാവ് അതിന് അനുമതി നൽകുകയും ചെയ്യുമായിരുന്നു. എന്നാൽ, ബഹു. അച്ചൻ എപ്പോഴും ഇടവക ശുശ്രൂഷയിലായിരിക്കാൻ ആഗ്രഹിച്ചു. ഞാൻ മനസ്സിലാക്കുന്നിടത്തോളം ആ ഇടവകകളിൽ നിന്നൊന്നും ആളുകളിൽനിന്ന് ഒരു പരാതിയും അധികാരികളുടെ പക്കൽ എത്തുമായിരുന്നില്ല. ഇടവക ശുശ്രൂഷകളിലോ ഇടവകാംഗങ്ങളോടുള്ള ബന്ധത്തിലോ അദ്ദേഹം ഒരു വീഴ്ചയും വരുത്തിയിരുന്നില്ലയെന്നത് അതു വ്യക്തമാക്കുന്നു.

നല്ല ഒരുക്കം നടത്തിയാണ് പ്രിയപ്പെട്ട കൊച്ചുമലയച്ചൻ മരണത്തെ സ്വീകരിച്ചത്. രോഗിലേപനം അഭി. പെരുന്തോട്ടം പിതാവിൽ നിന്ന് സ്വീകരിക്കാനും തന്റെ മരണത്തെ മുൻപിൽ കണ്ട് പ്രതീക്ഷയോടെ നിത്യജീവനിലേക്ക് പ്രവേശിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. പി.പി.എഫ്. സെക്രട്ടറി ടോം ആര്യങ്കാല അച്ചനോട് പുതിയൊരു കാപ്പ തയ്പ്പിച്ചു വയ്ക്കണമെന്ന് പറയാൻ അച്ചനെ പ്രേരിപ്പിച്ച വിചാരം അതുതന്നെ ആയിരുന്നിരിക്കാം. സെമിനാരി ഡേയോട്

അനുബന്ധിച്ച് നടത്തിയിരുന്ന അത്‌ലറ്റിക് മത്സരങ്ങളിൽ പിറകിൽനിന്ന് മുൻപിലേക്ക് കുതിച്ചു ഒന്നാം സ്ഥാനം നേടിയിരുന്ന കൊച്ചുമല ബഹു. ജോൺ അച്ചൻ തന്റെ മരണത്തിലും നിത്യജീവനിലേക്കുള്ള പ്രവേശനത്തിലും ഒരു കുതിപ്പ് നടത്തിയിരിക്കുന്നു. 2022 സെപ്റ്റംബർ 21 നു ബഹു. ജോൺ അച്ചൻ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടു. പ്രിയപ്പെട്ട സഹപാഠിക്ക് വിട, ആ ആത്മാവിന് നിത്യശാന്തിയും.

കൊച്ചുമലയിൽ ബഹു. ജോൺ അച്ചന്റെ മൃതസംസ്കാരകർമങ്ങൾ 2022 സെപ്റ്റംബർ 24 നു അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭി. മാർ തോമസ് തറയിൽ പിതാവിന്റെയും ഷംഷാബാദ് രൂപത നിയുക്ത സഹായ മെത്രാൻ മോൺ. തോമസ് പാടിയത്തിന്റെയും കാർമികത്വത്തിൽ വെട്ടിമുകൾ സെന്റ് മേരീസ് ദൈവാലയത്തിൽ നടത്തപ്പെട്ടു.

**ഫാ. സിറിയക് കോട്ടയിൽ**

## നിത്യതയിലേക്ക്



**സി. ലിഗോറിയ കോച്ചേരി SH**



**സി. ആഗ്നസ് പീടിയേക്കൽ JS**



**സി. സുനന്ദ അഞ്ചുകണ്ടത്തിൽ SD**



**സി. റോസ് മാത്യു വെട്ടികാട് പുത്തൻപുരയ്ക്കൽ CMC**



**സി. മരിയ റൊസാരിയ മുക്കുടിയിൽ DSJ**

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." (2 തിമോ. 4:7)

## 15–ാമത് പാസ്റ്ററൽ കൗൺസിലിന്റെ 12–ാമത് മീറ്റിംഗ് റിപ്പോർട്ട്

അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു പൊതുയോഗം ആഗസ്റ്റ് 13 ന് SB കോളേജ് കല്ലറയ്ക്കൽ ഹാളിൽ നടന്നു. 120 അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത യോഗം കൃത്യം 9.30 ന് ആരംഭിച്ചു. ഭാരതസ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം ആഘോഷിക്കുന്ന 'അമൃത് മഹോത്സവത്തിൽ' പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കാളികളായി. അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത പതാക ഉയർത്തി ഹ്രസ്വമായ ഒരു സന്ദേശവും നൽകി. തുടർന്ന് എല്ലാവരും ചേർന്നു ദേശീയഗാനം ആലപിച്ചു.

ASMI സന്യാസിനീസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. നമ്മിൽനിന്ന് മരണംമൂലം വേർപിരിഞ്ഞ പ്രിയ ബഹു. വിരുപ്പേൽ ജോസച്ചനെ അനുസ്മരിച്ചു പ്രാർത്ഥിച്ചു. തുടർന്ന് അഭി. തോമസ് തറയിൽ പിതാവ് സ്വാഗതമാശംസിച്ചു. സിനഡാലിറ്റിയെക്കുറിച്ചു ചർച്ചകളുയരുന്ന ഈ കാലഘട്ടത്തിൽ പരസ്പരശ്രവണത്തിന്റെ പ്രസക്തി എത്ര വലുതാണെന്ന് അഭി. പിതാവ് ഓർമ്മിപ്പിച്ചു.

അത്യന്തം സന്തോഷപ്രദവും പ്രൗഢവുമായ ഒരു പുസ്തകപ്രകാശനത്തിന് ഈ കൗൺസിൽ യോഗം വേദിയായി. അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയോടനുബന്ധിച്ച് ചങ്ങനാശേരി അതിരൂപത പുറത്തിറക്കുന്ന ''സമ്പൂർണ്ണകൃതിക''ളുടെ പ്രകാശനം അഭി. ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. അഭി. തോമസ് തറയിൽ പിതാവ് പുസ്തകം ഏറ്റുവാങ്ങി. പെ. ബഹു. തോമസ് പാടിയത്തച്ചൻ പുസ്തകം പരിചയപ്പെടുത്തി സംസാരിച്ചു. ആഗതമാകുന്ന മഹായോഗത്തെക്കുറിച്ചും അച്ചൻ സംസാരിച്ചു. 93–ാം ജന്മദിനം ആഘോഷിക്കുന്ന അഭി. പവ്വത്തിൽ പിതാവിനെ യോഗത്തിൽ പൊന്നാടയണിയിച്ച് ആദരിച്ചു. എസ്.ബി. കോളേജ് പ്രിൻസിപ്പലും കൗൺസിൽ അംഗവുമായ റവ. ഫാ. റെജി പ്ലാത്തോട്ടം ജന്മദിനാശംസകൾ നേർന്നു സംസാരിച്ചു; കേക്കുമുറിച്ചു സന്തോഷം പങ്കുവച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് റിപ്പോർട്ടവതരിപ്പിച്ചു. XV-ാമത് പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായിരിക്കുന്ന 4 പേർക്കു കൈവന്ന സ്ഥാനലബ്ധിയിലും അംഗീകാരങ്ങളിലും യോഗം അഭിനന്ദനമറിയിച്ചു – അഡ്വ. സണ്ണി ചാത്തുകുളം (പബ്ലിക് പ്രോസിക്യൂട്ടർ, കോട്ടയം), ഡോ. റോയി ജോസഫ്, എസ്.ബി. കോളേജ് ഹിന്ദി വകുപ്പ് അദ്ധ്യക്ഷൻ (മികച്ച റിസേർച്ച് ഗൈഡിനുള്ള എം.പി. സർക്കാരിന്റെ അവാർഡ്), ശ്രീ. ജയിംസ് ഇലവുങ്കൽ (DCMS സംസ്ഥാന പ്രസിഡന്റ്), ശ്രീ. ആന്റണി തോമസ് മലയിൽ (50 വർഷം സൺഡേസ്കൂൾ അദ്ധ്യാപകനായിരുന്നതിന്റെ അതിരൂപതാ പുരസ്കാരം). അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ സഭയുടെ കരുത്തും ഊർജ്ജവുമായി വർത്തിക്കണമെന്ന് ഓർമ്മിപ്പിച്ചു. സഭ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ തളരാതെ ശക്തീകരണത്തിന്റെയും അതിജീവനത്തിന്റെയും വഴികളിൽ ഒറ്റക്കെട്ടായി മുന്നേറാൻ വിളിക്കപ്പെട്ടവരാണ് നമ്മളെന്നും കൂട്ടിച്ചേർത്തു. ബഫർ സോൺ വിഷയം ചർച്ച ചെയ്യുന്നതിന് കൗൺസിൽ കാണിച്ച ഉത്സാഹത്തെ പിതാവ് അഭിനന്ദിച്ചു.

തുടർന്ന് പുതിയതായി രൂപീകരിക്കപ്പെട്ട ഫൊറോനകളിൽനിന്നുള്ള അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. ഡോ. ഷേർലി ഫിലിപ്പ് പുതുമന (ചെങ്ങന്നൂർ), ശ്രീ. മിഥുൻ ജോസ് (മാവേലിക്കര), ശ്രീ. ജയിംസ് വർഗീസ് (അയിരൂർ), ശ്രീ. കുഞ്ഞുമോൻ തോമസ് (പന്തളം) എന്നിവരാണ് XV-ാം കൗൺസിലിലെ പുതിയ അംഗങ്ങൾ. അഭി. പെരുന്തോട്ടം പിതാവ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

കേരള സ്റ്റേറ്റ് മൈനോരിറ്റി വികസന ധനകാര്യ കോർപ്പറേഷൻ ചെയർമാൻ ബഹു. ശ്രീ. സ്റ്റീഫൻ ജോർജ് തന്റെ മുഖ്യപ്രഭാഷണത്തിൽ ന്യൂനപക്ഷ വികസനത്തിനുള്ള വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. കോട്ടയത്ത് പ്രസ്തുത കോർപ്പറേഷന്റെ ഓഫീസ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം ഡോ. ഡൊമിനിക് ജോസഫ് അദ്ദേഹത്തിന് കൈമാറി. നടപടികൾ ത്വരിതപ്പെടുത്താമെന്ന് അദ്ദേഹം ഉറപ്പുനൽകി. അമ്പൂരിയിൽനിന്നുള്ള കൗൺസിൽ അംഗം ശ്രീ. സുരേഷ് മണലിവിളാകം സ്വന്തമായി രചിച്ച് സംഗീതം നൽകിയ കവിത അവതരിപ്പിച്ചത് ഏവർക്കും വളരെ ഹൃദ്യമായി.

പാസ്റ്ററൽ കൗൺസിൽ യോഗത്തിന്റെ പഠനവിഷയമായി തെരഞ്ഞെടുത്തത് 'ബഫർ സോൺ : സത്യവും മിഥ്യയും' എന്നതായിരുന്നു. കേരള ഇൻഡിപെൻഡന്റ് ഫാർമേഴ്സ് അസോസിയേഷന്റെ (KIFA) ചെയർമാൻ ശ്രീ. അലക്സ് ഒഴുകയിൽ ഉജ്ജ്വലമായി വിഷയാവതരണം നടത്തി. വന്യജീവി സംരക്ഷണത്തിനെന്ന പേരിൽ കേരളത്തിലെ 24 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോൺ എന്ന ഓമനപ്പേരിൽ പരിസ്ഥിതിലോല പ്രദേശങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് അപ്രഖ്യാപിത കുടിയിറക്കലും മലയോര കർഷകന്റെ കഴുത്തിലെ കുരുക്കുമാകുന്ന നിയമനിർമ്മാണവുമെല്ലാം കേരളസമൂഹം ജാഗ്രതയോടെ മനസ്സിലാക്കണം എന്ന് കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. ഒഴുകയിൽ വിശദീകരിച്ചു. തുടർന്ന് ഫലപ്രദമായ ചർച്ചകൾ നടന്നു. സ്കൂൾ പാഠപുസ്തകങ്ങളിൽ ബോധപൂർവം ചരിത്രം വളച്ചൊടിച്ചും വക്രീകരിച്ചും അവതരിപ്പിച്ച് വിദ്യാർത്ഥിസമൂഹത്തിൽ തെറ്റിദ്ധാരണകൾ വളർത്തുകയും ശരിയായ വിവരങ്ങൾ അവരിൽ എത്താതെ പോകുന്നതിന് കാരണവുമാകുന്ന ഈ ദുരവസ്ഥയെ അധികരിച്ച് ശ്രീ. റ്റോജോ മാത്യു (St. Mary's HS, Edathua) വും ശ്രീ. എം.എഫ്. തോമസ് (St. Aloysius HSS, Athirampuzha) ഉം പ്രബന്ധങ്ങളവതരിപ്പിച്ചു. ഉയർന്ന നിലവാരം പുലർത്തിയ പ്രസ്തുത അവതരണങ്ങൾക്കുശേഷം ഗൗരവതരമായ ചർച്ചയും നടന്നു. ഈ വിഷയത്തിൽ പാസ്റ്ററൽ കൗൺസിലിന്റെ ഉത്ക്കണ്ഠ ശ്രീ. എബിൻ അലക്സാണ്ടർ പ്രമേയമായി അവതരിപ്പിച്ചു.

റവ.ഫാ. ജോർജ് മാന്തുരുത്തിൽ മാർതോമ്മാവർഷാചരണത്തിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്ന വിവിധ പരിപാടികളെക്കുറിച്ച് സംക്ഷിപ്തമായി സംസാരിച്ചു. കുടുംബക്കൂട്ടായ്മകളുടെ ശാക്തീകരണവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ബഹു. അച്ചൻ ഓർമ്മപ്പെടുത്തി.

അഭി. പിതാവുമായി അംഗങ്ങൾ ചർച്ച നടത്തി. ശ്രീ. ആന്റണി തോമസ് നന്ദി പ്രകാശിപ്പിച്ചു. അഭി. പിതാവിന്റെ ആശീർവ്വാദത്തോടെ 1.35 ന് യോഗം സമാപിച്ചു.

**ഡോ. ഡൊമിനിക് ജോസഫ്**
(സെക്രട്ടറി)

**ഡോ. രേഖാ മാത്യൂസ്**
**ആന്റണി തോമസ് മലയിൽ**
(ജോ. സെക്രട്ടറിമാർ)

ചങ്ങനാശേരി അതിരൂപതയുടെ മാധ്യമപ്രേഷിത വിഭാഗമായ MAC TEAM ന്റെ ആശംസകൾ.

## MY PARISH

My Parish Online software ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ സർവേയോടു കൂടി പൂർത്തിയാക്കാനാണ് നമ്മൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇടവകയെ സംബന്ധിച്ചുള്ള വിവരങ്ങൾ, കുടുംബങ്ങളെ സംബന്ധിച്ചുള്ള പൊതുവിവരങ്ങൾ എന്നിങ്ങനെ പള്ളിയിൽനിന്നും പൊതുവായി ചെയ്യേണ്ട കാര്യങ്ങൾ നമ്മുടെ 90 ശതമാനം പള്ളികളും പൂർത്തിയാക്കിയിട്ടുണ്ട്.

സ്മാർട്ട് ഫോണുള്ള ഇടവകയിലെ എല്ലാവരെയുംകൊണ്ട് My Parish ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യിപ്പിച്ചശേഷം കുടുംബാംഗങ്ങളെക്കൊണ്ടുതന്നെ അവരുടെ കുടുംബങ്ങളെക്കുറിച്ചും അവിടെയുള്ള അംഗങ്ങളെക്കുറിച്ചും അവരുടെ കൂദാശകളുടെ വിവരങ്ങൾ ഒഴികെയുള്ള കാര്യങ്ങൾ ചേർക്കാൻ പ്രേരിപ്പിക്കുക തുടർന്നുമാത്രം സർവേ ചെയ്യുക എന്നിവയാണ് ഇനി പല പള്ളികളും ആദ്യഘട്ടത്തിന്റെ ഭാഗമായി പൂർത്തിയാക്കാനുള്ളത്. കൂട്ടായ്മ അടിസ്ഥാനത്തിൽ follow up നടത്തിയെങ്കിൽ മാത്രമേ ചിട്ടയോടെ മുകളിൽ പറഞ്ഞ ജോലികൾ തീർക്കാൻ സാധിക്കുകയുള്ളു.

നമ്മുടെ രൂപതയിലെ സ്മാർട്ട് ഫോണുള്ള മുഴുവൻ ആളുകളിലേയ്ക്കും രൂപത ഒരുക്കുന്ന മൊബൈൽ അപ്ലിക്കേഷൻ എത്തിക്കുകയെന്നത് നമ്മുടെ വലിയ ലക്ഷ്യമാണ്. അതുവഴി രൂപതയുടെ ആത്മീയ-ഭൗതിക സാധ്യതകൾ എല്ലാവരിലും വേഗത്തിലെത്തിക്കാൻ സാധിക്കുകയും രൂപത മുഴുവൻ പരസ്പരം വലിയ ഒരു നെറ്റ്വർക്ക് സിസ്റ്റത്തിലാവുകയും ചെയ്യും.

എല്ലാ വ്യക്തികളെയും ചേർത്തശേഷം മാത്രം സർവ്വേ നടത്തുക My Parish Android Application Link ☞https://play.google.com/store/apps/details?id=com.archeparchy.myparish എന്തെങ്കിലും സംശയമോ മറ്റു സപ്പോർട്ടോ ആവശ്യമുണ്ടെങ്കിൽ 8848390930, 9495112288, 9496935651 ഈ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## MAC TV, MAC RADIO

നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ mac tv യിലൂടെയും online radio ആയ mac radio യിലൂടെയും ലഭ്യമാകുന്ന ശുശ്രൂഷകളെ പരമാവധി പ്രയോജനപ്പെടുത്താൻ എല്ലാവരും ശ്രമിക്കുമല്ലോ. നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി.

## FACEBOOK PAGES

അതിരൂപതാദിനത്തിന്റെ ലോഗോയോടുകൂടിയ Changanacherry Archdiocese എന്ന ഫെയ്സ്ബുക്ക് പേജാണ് നമ്മുടെ അതിരൂപതയുടെ ഔദ്യോഗിക പേജ്. ചങ്ങനാശേരി അതിരൂപത എന്ന രീതിയിലുള്ള മറ്റ് ചില പേജുകൾ ശ്രദ്ധയിൽ പെട്ടതിനാലാണ് ഇക്കാര്യം അറിയിക്കുന്നത്. MAC TV എന്ന ഫെയ്സ്ബുക്ക് പേജിലും നമ്മുടെ മീഡിയാ അപ്പോസ്തലേറ്റുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങൾ പോസ്റ്റുചെയ്യാൻ ശ്രദ്ധിക്കുന്നുണ്ട്.

സ്നേഹപൂർവം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

മിശിഹായിൽ സ്നേഹമുള്ളവരേ,

നമ്മുടെ ഒരു വർഷത്തെ വിശ്വാസപരിശീലനത്തിന്റെ പാതിവഴി നാം പിന്നിടുകയാണ്. ഈ അവസരത്തിൽ നമ്മുടെ പരിശീലനം എത്ര നന്നായി പുരോഗമിക്കുന്നുവെന്ന് വിശകലനം ചെയ്യാൻ ഒന്നാം ടേം പരീക്ഷകൾ സഹായിക്കും. വിശ്വാസം കലകളിലൂടെ അവതരിപ്പിക്കുന്ന വേദിയായ ബൈബിൾ കലോത്സവം വിശ്വാസപ്രഘോഷണത്തിന്റെ അവസരമാക്കി മാറ്റാൻ നമുക്കു ശ്രദ്ധിക്കാം. ഏലിയാ-സ്ലീവാ-മൂശേക്കാലത്തിൽ നമ്മുടെ അന്ത്യവും ശിക്ഷാവിധിയും ലോകാവസാനവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവുമൊക്കെ നാം ധ്യാനവിഷയമാക്കുമ്പോൾ വിശ്വാസത്തിൽ ഉറച്ചുനിന്ന് മഹത്വത്തിൽ വരുന്ന കർത്താവിന്റെ വലതുവശത്ത് അണിനിരക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ഒക്ടോബർ 2022**

1 ശനി : CLT ക്ലാസ്സ്
2 ഞായർ : **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്തു പരീക്ഷ; വാചിക പരീക്ഷ ആരംഭിക്കുന്നു.**
8 ശനി : **അതിരൂപതാ രചനാ മത്സരങ്ങൾ**, CLT ക്ലാസ്സ്
9 ഞായർ : ഏലിയാ സ്ലീവാ മൂശേക്കാലം 5-ാം ഞായർ, ക്ലാസ്സ്-18
15 ശനി : CLT ക്ലാസ്സ്, **ഒന്നാം ടേം വാചിക പരീക്ഷ അവസാനിപ്പിക്കേണ്ട ദിവസം**
16 ഞായർ : ഏലിയാ സ്ലീവാ മൂശേക്കാലം 6-ാം ഞായർ, ക്ലാസ്സ്-19
22 ശനി : CLT ക്ലാസ്സ്, BCT ക്ലാസ്സ് (Dayscholar Batch)
23 ഞായർ : ഏലിയാ-സ്ലീവാ-മൂശേക്കാലം 7-ാം ഞായർ, ക്ലാസ്സ്-20
29 ശനി : CLT ക്ലാസ്സ്
30 ഞായർ : പള്ളിക്കൂദാശ 1-ാം ഞായർ, ക്ലാസ്സ്-21

**മതാധ്യാപകരുടെ ഫൊറോനാതല ഏകദിന സെമിനാർ**

മതാദ്ധ്യാപകരെ കാലഘട്ടത്തിന്റെ വെല്ലുവിളികളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും അങ്ങനെ കൂടുതൽ മെച്ചപ്പെട്ട ശുശ്രൂഷയ്ക്ക് അവരെ സജ്ജരാക്കുന്നതിനും ഫൊറോനാതലത്തിൽ വിശ്വാസപരിശീലകരുടെ സെമിനാർ

സംഘടിപ്പിക്കുന്നു. എല്ലാ വിശ്വാസപരിശീലകരും ഇതിൽ സംബന്ധിക്കേണ്ട താണ്. ഓരോ ഫൊറോനയിലും ഈ ഏകദിന സെമിനാർ നടത്തുന്ന തീയതി സൺഡേസ്കൂളുകളിൽ അറിയിക്കുന്നതാണ്.

## ബി.സി.റ്റി. കോഴ്സ് (Dayscholar Batch)

ബി.സി.റ്റി. കോഴ്സിന്റെ Dayscholar Batch ഒക്ടോബർ 22, നവംബർ 5, 12 തീയതികളിൽ നടത്തപ്പെടുന്നു. ബി.സി.റ്റി. കോഴ്സിനായി രജിസ്റ്റർ ചെയ്ത വരിൽ നിന്നും പങ്കെടുക്കാനുള്ളവരെ മുൻഗണനാക്രമത്തിൽ ഓഫീസിൽ നിന്നും അറിയിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ലഭിക്കാൻ മുകളിൽ പറഞ്ഞിരി ക്കുന്ന മൂന്നു ദിവസങ്ങളിൽ പൂർണ്ണമായും പങ്കെടുത്തിരിക്കണം. തുടർന്നുള്ള ബാച്ചുകളുടെ സമയം പിന്നീട് അറിയിക്കുന്നതാണ്. കോഴ്സ് ഫീസ് 400 രൂപ. സ്ഥലം: സന്ദേശനിലയം. സമയം: 9.30 മുതൽ 4.00 മണിവരെ; ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രം നിർബന്ധമായും ഹാജ രാക്കേണ്ടതാണ്.

## സീറോ മലബാർ സഭാപ്രതിഭാ അവാർഡ്

സീറോമലബാർ സിനഡ് കാറ്റകെറ്റിക്കൽ കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഹയർകോഴ്സ് കുട്ടികൾക്കായുള്ള സഭാപ്രതിഭാ അവാർഡിനുള്ള രൂപതാതല തിരഞ്ഞെടുപ്പ് ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവിധ ഫൊറോനാകൾ ക്കായി സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതായിരിക്കും. ഓരോ ഇടവകയിൽ നിന്നും പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന പാഠ്യ പാഠ്യേതരപ്രവർത്തനങ്ങളിലും വിശ്വാസജീവിതചര്യകളിലും മികവു പുലർത്തുന്ന ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയുമാണ് അയയ്ക്കേണ്ടത്. ഇടവകയിൽനിന്നും തിരഞ്ഞെ ടുക്കപ്പെടുന്നവരുടെ പേരുകൾ നിശ്ചിത ഫോമിൽ പൂരിപ്പിച്ച് ഒക്ടോബർ-15ന് മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കുക. ഫോമുകൾ സന്ദേശനിലയം ഓഫീസിലും വെബ്സൈറ്റിലും ലഭ്യമാണ്.

## SMCC പ്രതിഭാ അവാർഡ് ഫൊറോനാതല തിരഞ്ഞെടുപ്പ് തീയതികൾ

| | |
|---|---|
| ഒക്ടോബർ 30 | – കോട്ടയം, കുടമാളൂർ, അതിരമ്പുഴ |
| നവംബർ 06 | – ആലപ്പുഴ, മുഹമ്മ, മണിമല, തൃക്കൊടിത്താനം |
| നവംബർ 13 | – എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം |
| നവംബർ 20 | – ചെങ്ങന്നൂർ, ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, നെടുംകുന്നം |

തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനാകൾക്കായുള്ള തീയതികൾ അതാത് ഫൊറോനാകേന്ദ്രങ്ങൾ അറിയിക്കുന്നതായിരിക്കും.

## ബൈബിൾ കലോത്സവം

നമ്മുടെ ബൈബിൾ കലോത്സവം ഫൊറോനകളിൽ നടന്നുകൊണ്ടിരി ക്കുന്നു. സൗഹാർദ്ദതയിലും കൂട്ടായ്മാബോധത്തിലും കലോത്സവം സംഘടി പ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഈ കലോത്സവത്തിന്റെ ലക്ഷ്യം മറന്നു പോകാതെ വിശ്വാസത്തിന്റെ സാക്ഷ്യമായി കലോത്സവദിനങ്ങൾ തീരാൻ

*ശേഷം പേജ് 40 ൽ.....»*

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

വിശ്വാസപരിശീലനവർഷത്തിന്റെ രണ്ടാം ടേമിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. കൂടുതൽ തീക്ഷ്ണതയോടുകൂടി സംഘടനയോടു ചേർന്നു പ്രവർത്തിക്കാം. ഒക്ടോബർ മാസം മിഷൻലീഗിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസമാണ്. ചെറുപുഷ്പ മിഷൻലീഗിന്റെ ജന്മദിനം, സ്വർഗീയ മധ്യസ്ഥയുടെ തിരുനാൾ, സ്ഥാപക പിതാവിന്റെ ചരമദിനം എന്നിങ്ങനെ.... എല്ലാ ശാഖകളിലും ഈ ദിനങ്ങളുടെ പ്രാധാന്യം കുഞ്ഞു മിഷണറിമാരുടെ ഹൃദയത്തിൽ തങ്ങിനിൽക്കുന്ന വിധത്തിൽ സമുചിതമായി ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ അതിരൂപതാ കൗൺസിൽ വളരെ ദൈവാനുഗ്രഹ പ്രദമാക്കിത്തീർത്ത മേഖല, ശാഖ ജോയിന്റ് ഡയറക്ടർ, ഓർഗനൈസേഴ്സ്, ഭാരവാഹികൾ, എല്ലാവർക്കും ഒത്തിരി നന്ദിയർപ്പിക്കുന്നു. കൂടുതൽ തീക്ഷ്ണതയോടെ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലൂടെ ദൈവരാജ്യം പ്രഘോഷിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ഒക്ടോബർ 2022**

01 ശനി : **വി. കൊച്ചുത്രേസ്യയുടെ തിരുനാൾ**
അംഗത്വ നവീകരണം നടത്തുക. ദൈവവിളിദിനം, ദൈവവിളിക്കായി പ്രാർത്ഥിക്കാം.

03 തിങ്കൾ : **മിഷൻലീഗ് സ്ഥാപകദിനം**

04 ചൊവ്വാ : വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ

23 ഞായർ : **മിഷൻ ഞായർ**, പ്രത്യേക സമ്മേളനം ശാഖകളിൽ, ഭവന സന്ദർശനം ശാഖാതലത്തിൽ

27 വ്യാഴം : **അഭി. ജയിംസ് കാളാശേരി പിതാവിന്റെ ചരമദിനം**
(CML സ്ഥാപക പിതാവ്)

29 ശനി : മാർ ജയിംസ് കാളാശേരി അനുസ്മരണം ശാഖകളിൽ

30 ഞായർ : സീറോ മലബാർ Mission Quest 2022-23

### സ്വർഗീയ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ

ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ എല്ലാ ശാഖകളിലും സമുചിതമായി ആഘോഷിക്കേണ്ടതാണ്. അനുരഞ്ജനകൂദാശ സ്വീകരിച്ച് വി. കുർബാനയിൽ പങ്കെടുക്കുകയും അംഗത്വ

നവീകരണം നടത്തുകയും വിശുദ്ധയുടെ ജീവിതശൈലി അനുകരിക്കുവാൻ ഉതകുന്ന രീതിയിലുള്ള വിവിധ മത്സരങ്ങൾ, സെമിനാർ എന്നിവ സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്. വിശുദ്ധയുടെ ആത്മകഥയായ 'നവമാലിക' വായിക്കാൻ പ്രോത്സാഹിപ്പിക്കുകയും അതിനെ അടിസ്ഥാനമാക്കി വിവിധ മത്സരങ്ങൾ യൂണിറ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**മിഷൻ ഞായർ – ഒക്ടോബർ 23**

ഒക്ടോബർ 23 ആഗോള മിഷൻ ഞായർ. സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും കുഞ്ഞു മിഷനറിമാരിൽ മിഷൻ തീക്ഷ്ണത വളർത്തുന്നതിനുമായി ശാഖകളിൽ വിവിധ പരിപാടികൾ ക്രമീകരിക്കുന്നത് നല്ലതായിരിക്കും. ഉദാ. ഇടവകാംഗമായ മിഷനറിമാരുടെ സംഗമം നടത്തുക. (Online /offline)

- മിഷൻ എക്സിബിഷൻ
- മിഷനറിമാരുടെ അനുഭവങ്ങൾ പങ്കുവയ്ക്കൽ
- കൂടാതെ മിഷൻ ഞായറിനോടനുബന്ധിച്ച് ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് സംഭാവനകൾ ശേഖരിച്ച് ജയ്പൂർ മിഷനെ സഹായിക്കുന്നതിനായി അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കുക.

**മാർ ജയിംസ് കാളശേരി പിതാവിന്റെ ചരമദിനം**

ഒക്ടോബർ 27 വ്യാഴാഴ്ച ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക പിതാവായ മാർ ജയിംസ് കാളാശേരി പിതാവിന്റെ ചരമദിനം. അന്നേദിവസം വൈകുന്നേരം 4.45 ന് ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയും കബറിടത്തിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം സാധിക്കുന്ന എല്ലാവരും പ്രത്യേകിച്ച് ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം മേഖലയിലെ ഭാരവാഹികളും കുഞ്ഞുമിഷനറിമാരും അതിൽ സംബന്ധിക്കേണ്ടതാണ്. മേഖലാ ജോയിന്റ് ഡയറക്ടർ, മേഖലാ ഭാരവാഹികൾ എന്നിവർ പ്രത്യേക നേതൃത്വം വഹിക്കുമല്ലോ.

**ഛായാചിത്ര പ്രയാണം**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിലുള്ള ഛായാചിത്ര പ്രയാണത്തിന് ഒക്ടോബർ 2 മുതൽ 9 വരെ അതിരൂപതയിലെ വിവിധ മേഖലകളിൽ സ്വീകരണം നല്കും.

## MISSION QUEST 2022-23

'മിഷനെ അറിയുക, മിഷനറി ആകുക' എന്ന ലക്ഷ്യത്തോടെ 2022 ഒക്ടോബർ 30 ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി MISSION QUEST എന്ന പേരിൽ നടത്തുന്ന ഓൺലൈൻ ക്വിസ് മത്സരത്തിൽ എല്ലാ മതാധ്യാപകരും കുട്ടികളും മുതിർന്നവരും മിഷൻലീഗ് ഭാരവാഹികളും നിർബന്ധമായി പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. ഏറ്റവും കൂടുതൽ ആൾക്കാരെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് പ്രത്യേക സമ്മാനം ഉണ്ടായിരിക്കും.

**പാഠഭാഗങ്ങൾ**

1. വി. മത്തായിയുടെ സുവിശേഷം, റോമാക്കാർക്കുള്ള ലേഖനം (മുതിർന്ന വർക്കുമാത്രം) - 40%
2. ഇന്ത്യയും തോമാശ്ലീഹായും- 20%
3. വി. ലാസറസ് ദേവസഹായം- 10%
4. പൊതുവിജ്ഞാനം- 30%
   - സീറോമലബാർസഭ ചരിത്രവും ഹയരാർക്കിയും.
   - സീറോമലബാർസഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ധന്യരും.
   - സീറോമലബാർസഭയുടെ പ്രേഷിതദൗത്യവും മിഷൻ രൂപതകളും.
   - സഭയിലെ പ്രേഷിതമുന്നേറ്റങ്ങൾ- മിഷൻലീഗ്, ഫിയാത്ത്, ജീസസ് യൂത്ത് തുടങ്ങിയവ.

**പൊതുനിർദ്ദേശങ്ങൾ**

* മതബോധന വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെ നടത്തപ്പെടുന്ന ഓൺലൈൻ മിഷൻ ക്വിസ് ആണ് MISSION QUEST.
* ഗൂഗിൾ ഫോം ഉപയോഗിച്ചാണ് മത്സരം നടത്തപ്പെടുന്നത്.
* ഗൂഗിൾ ഫോമിന്റെ ലിങ്കുകൾ സീറോ മലബാർ മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കും. www.syromalabarmission.com
* ഒക്ടോബർ 30 ഞായറാഴ്ച വൈകുന്നേരം 6 മുതൽ 6.40 വരെ ആയിരിക്കും മത്സരസമയം.
* മത്സരത്തിൽ പങ്കെടുക്കാൻ മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ മത്സരസമയത്ത് പേര്, ഇടവക, ഫോൺ നമ്പർ, ഇ-മെയിൽ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.
* സാമ്പിൾ ചോദ്യങ്ങൾക്ക് www.syromalabarmission.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

❍

---

» *സന്ദേശനിലയം തുടർച്ച...*

എല്ലാവരും സഹകരിക്കുമല്ലോ. അതിരൂപതാ രചനാമത്സരം ഒക്ടോബർ 8-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്നതാണ്.

കലോത്സവത്തിനു സഹായകമായ Software സന്ദേശനിലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.sandesanilayam.org ലഭ്യമാണ്.

**ആദരാഞ്ജലികൾ**

പുളിങ്കുന്ന് സെന്റ് മേരീസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി കുമാരി റോസ്മോൾ ജോർജിന്റെയും ആയൂർ ക്രിസ്തുരാജാ സൺഡേസ്കൂൾ വിദ്യാർത്ഥി പോൾ ചെറിയാൻ മുളന്താനത്തിന്റെയും വെരൂർ സെന്റ് ജോസഫ് സൺഡേസ്കൂൾ അധ്യാപികയായ സി. നോബിൾ എഫ്.സി.സി.യുടെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

❍

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

നമ്മുടെ കുടുംബക്കൂട്ടായ്മകൾ എല്ലാ ഇടവകകളിലും സജീവമായിട്ടുണ്ടെന്നു കരുതുന്നു. ഏതെങ്കിലും ഇടവകയിൽ ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ ഉടൻതന്നെ ആരംഭിക്കേണ്ടതാണ്. സെപ്. 25 ന് നമ്മുടെ ലോഗോസ് ക്വിസ് പരീക്ഷ ഭംഗിയായി നടക്കാൻ കാരണക്കാരായ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഇതുവരേയും ഉത്തരക്കടലാസുകൾ നൽകിയിട്ടില്ലാത്തവർ ഒക്ടോബർ 5-ാം തീയതിക്കകം അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഇതുവരെ നൽകാത്തവർ എത്രയുംവേഗം നൽകണമേ.

ഒരു പ്രത്യേകകാര്യം ഏവരുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഭി. പിതാവ് ദീപികയും കുടുംബക്കൂട്ടായ്മയും ഒന്നിച്ചു പ്രവർത്തിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഡയറക്ടറായി എനിക്കു നിയമനം നൽകിയത്. അതിനുള്ള പരിശ്രമങ്ങളുടെ ആദ്യപടി എന്ന നിലയിൽ സെപ്റ്റംബർ 28 ന് കത്തീഡ്രൽ പള്ളിയിൽ അഭി. പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ഓരോ ഇടവകയിൽ നിന്നുമുള്ള കൂട്ടായ്മ ഫൊറോനാ ഡയറക്ടേഴ്സ്, ജനറൽ കൺവീനർ, ജനറൽ സെക്രട്ടറി, ആനിമേറ്റർ സിസ്റ്റർ, ഡി.എഫ്.സി. പുരുഷ-വനിതാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്ത സമ്മേളനം കൂടി ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കേണ്ട ദീപിക തീവ്രപ്രചാരണപ്രവർത്തനങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. ഇടവക നേതൃത്വവുമായിച്ചേർന്ന് കൂട്ടായ്മ ലീഡേഴ്സ് തങ്ങളുടെ കൂട്ടായ്മയിലെ എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കാനുള്ള പരിശ്രമത്തിൽ പങ്കാളികളാകണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. നമ്മുടെ സമുദായബോധം നഷ്ടമായാൽ അതിനു നാം കൊടുക്കേണ്ടിവരുന്ന വില വളരെ വലുതാണെന്ന് മനസ്സിലാക്കണം. നമ്മുടെ നാവും സ്വരവും ദീപികയാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ഒരേ ലക്ഷ്യത്തോടെ ദീപികയെ വളർത്താൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം.

കേരളസഭാനവീകരണത്തിന്റെ ഭാഗമായി ബൈബിൾ അപ്പോസ്തലേറ്റ് കുടുംബക്കൂട്ടായ്മവഴി മാക് ടിവിയുടെ സഹകരണത്തോടെ നടത്തുന്ന ഫാമിലി വചന മനഃപാഠ മത്സരം **'നൂറുമേനി'** വലിയവിജയമാക്കാൻ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണമുണ്ടാകണം. ദൈവാനുഗ്രഹങ്ങൾ നേരുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

## വാർത്തകൾ - പ്രവർത്തനങ്ങൾ

### നൂറുമേനി

കേരളസഭാനവീകരണ വർഷാചരണത്തിന്റെ ഭാഗമായി ദൈവവചനം സ്വന്തമാക്കി നൂറുമേനി ഫലം നൽകുകയെന്ന ലക്ഷ്യത്തോടെ നാം സംഘടിപ്പിക്കുന്ന വചനപഠന സപര്യയ്ക്ക് സെപ്. 28 ന് നാം തുടക്കം കുറിച്ചിരിക്കുകയാണല്ലോ. 201 ബൈബിൾ വചനങ്ങൾ കുടുംബങ്ങളുടെ പഠനത്തിനായി വാട്സ്ആപ്പിലൂടെ കൂട്ടായ്മകൾവഴി നൽകുന്നതാണ്. കൂട്ടായ്മാതലത്തിൽ മത്സരം നടത്തുമ്പോൾ 25 വചനത്തിൽ കൂടുതൽ ശരിയുത്തരങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾക്ക് ഇടവകതലമത്സരത്തിന് യോഗ്യതനേടാവുന്നതാണ്. കൂട്ടായ്മ -ഇടവകതലമത്സരങ്ങൾ നടത്തുന്നത് നല്കപ്പെടുന്ന 201 ചോദ്യങ്ങളടങ്ങിയ വചനബാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇടവകതലത്തിൽ ആദ്യമൂന്നു സ്ഥാനങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾക്കാണ് അതിരൂപതാ മത്സരത്തിന് പ്രവേശനം ലഭിക്കുന്നത്.

### കെ.എൽ.റ്റി. കോഴ്സ്

കെ.എൽ.റ്റി. കോഴ്സ് 4-ാം ബാച്ച് നടന്നുവരുന്നു. ബൈബിൾ കയ്യെഴുത്തും ബൈബിൾ കോഴ്സും ക്രമമായി നടക്കുന്നു. ഈ വർഷം 20510 പേർ ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുത്തു.

### ബൈബിൾ കോഴ്സ്

ബൈബിളിലെ വിജ്ഞാനഗ്രന്ഥങ്ങളെ ആസ്പദമാക്കി സെപ്റ്റംബർ മാസത്തെ ക്ലാസ്സുകൾ നയിച്ച റവ. ഡോ. സി. ലിന്റാ SH നെ നന്ദിയോടെ ഓർക്കുന്നു.

### ബൈബിൾ കയ്യെഴുത്ത്

എല്ലാവരും നന്നായി സഹകരിക്കുന്നതിന് നന്ദി. ഇതുവരെയുള്ള ഭാഗങ്ങൾ എഴുതി പൂർത്തിയാക്കാത്തവർ എത്രയുംവേഗം എഴുതി പൂർത്തിയാക്കേണ്ടതാണ്. 2023 ൽ കുടുംബക്കൂട്ടായ്മ മഹാസംഗമം നടക്കുമ്പോൾ ഈ ഉദ്യമം പൂർത്തീകരിച്ചവരെ പ്രത്യേകം ആദരിക്കുന്നതാണ്.

### പ്രത്യേക ശ്രദ്ധയ്ക്ക്

ഈ വർഷം ഹോം മിഷൻ നടത്താനാഗ്രഹിക്കുന്ന ഇടവകകൾ അതാത് ഇടവകകളിൽ ശുശ്രൂഷചെയ്യുന്ന സന്യാസിനിസമൂഹങ്ങളുടെ ഹോം മിഷൻ ടീമുമായോ അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസുമായോ ബന്ധപ്പെട്ട് വേണ്ട ക്രമീകരണങ്ങൾ ഉടൻതന്നെ ചെയ്യേണ്ടതാണ്. 9447432531, 7306208356

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് 2022

ലോഗോസ് ക്വിസ് 2022 മത്സരപ്പരീക്ഷ സെപ്റ്റംബർ 25 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽ നടന്നു. എല്ലാവരുടെയും നല്ല സഹകരണം ഉണ്ടായിരുന്നു. ഉത്തരക്കടലാസുകൾ ഇനിയും നൽകുവാനുള്ള ഇടവകകൾ ഒക്ടോബർ 5 നകം ഓഫീസിൽ എൽപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ്

ഇനിയും അടയ്ക്കാനുള്ളവർ ഓഫീസിലോ, ഗൂഗിൾ പേ വഴിയോ അടയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട നമ്പർ– 7561092580.

**അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിനായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യ 3 സ്ഥാനങ്ങൾ കരസ്തമാക്കിയ ഇടവകകൾ.

| | | | |
|---|---|---|---|
| 1. | സെന്റ് ആന്റണീസ് ചർച്ച് കുറുമ്പനാടം | – ഒന്നാം സ്ഥാനം | – 613 പേർ |
| 2. | സെന്റ് തോമസ് നാലുകോടി-പായിപ്പാട് | – രണ്ടാം സ്ഥാനം | – 472 പേർ |
| 3. | ലൂർദ്ദ് ഫൊറോനാ ചർച്ച് കോട്ടയം | – മൂന്നാം സ്ഥാനം | – 450 പേർ |
| 4. | ലിറ്റിൽ ഫ്ളവർ ചർച്ച് മാടപ്പള്ളി | – നാലാം സ്ഥാനം | – 413 പേർ |

**വിശ്വാസവും ക്രിസ്തീയ ധാർമ്മികതയും (പഞ്ചവത്സര പഠനവിഷയം)**

പഞ്ചവത്സര പഠനവിഷയത്തെ ആസ്പദമാക്കി ഓരോ മാസവും പ്രബോധനങ്ങൾ ഓൺലൈനായി നൽകിവരുന്നു. എല്ലാവർക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും. ഈ വർഷത്തെ സംഘടനാമത്സരങ്ങൾ ഈ പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. പുസ്തകം കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. വില 120 രൂപ.

# അഭിനന്ദനങ്ങൾ

റോമിലെ പൊന്തിഫിക്കൽ സലേഷ്യൻ യൂണിവേഴ്സിറ്റിൽനിന്നും സോഷ്യൽ കമ്മ്യൂണിക്കേഷനിൽ USES AND GRATIFICATIONS OF SOCIAL MEDIA: A Study on the Use of Social Media among the College Students in Kerala എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**മുര്യങ്കരി ബഹു. മാത്യു അച്ചന്**

**അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...**



മാതൃവേദി-പിതൃവേദിയുടെ ഫൊറോനാ മത്സരങ്ങൾ നടന്നുവരികയാണല്ലോ. ഫാമിലി അപ്പോസ്തലേറ്റിന്റെയും അതിന്റെ വിവിധ ശുശ്രൂഷകളുടെയും ലക്ഷ്യം കുടുംബങ്ങളുടെ വിശ്വാസപരിശീലനവും ജീവിതനവീകരണവുമാണ്. മാതൃവേദി-പിതൃവേദി സംഘടനകൾ നടത്തുന്ന കലോത്സവങ്ങളുടെ ലക്ഷ്യവും ഇവ തന്നെ. മത്സരം മികവു തെളിയിക്കാനുള്ള മാർഗങ്ങളാണ്; ഒപ്പം സമ്മാനങ്ങൾ നേടുവാനും. എല്ലാവരും സമ്മാനിതരാവുകയില്ലയെന്നത് ഒരു യാഥാർത്ഥ്യവുമാണ്. എന്നാൽ എല്ലാവരും സ്വന്തമാക്കേണ്ട സന്ദേശങ്ങളും മൂല്യങ്ങളും അവയിലുണ്ട്.

'വിശുദ്ധ കലകൾ അനന്തമായ ദൈവികസൗന്ദര്യത്തിന് മാനുഷിക യത്നത്തിലൂടെ പ്രകാശനം നൽകുന്നു. മനുഷ്യമനസിനെ ദൈവത്തിങ്കലേക്കു തിരിക്കാൻ വളരെ സഹായകമെന്ന നിലയിൽ ദൈവത്തിനും അവിടുത്തെ ഉപരി മഹത്വത്തിനുമായി കലകൾ സമർപ്പിതങ്ങളാണെന്ന്' വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പിക്കുന്നു. മത്സരങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന വിഷയങ്ങൾ വിശ്വാസപരമായി നാം സ്വായത്തമാക്കേണ്ട ആശയങ്ങളും സാമൂഹികമായി നാം ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. കലോത്സവത്തിന്റെ ഉദ്ദേശം സഫലമാകുന്ന വിധത്തിൽ അവ ക്രമീകരിക്കുവാനും പങ്കുചേരുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. കലോത്സവത്തിന്റെ ക്രമീകരണങ്ങൾക്കായി അധ്വാനിക്കുന്ന നേതൃനിരയ്ക്കും പങ്കെടുക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവം,

**ഫാ. ബിജോ ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## നന്ദി.... ആശംസകൾ

കഴിഞ്ഞ മൂന്നുവർഷങ്ങളായി ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവഹിക്കുകയായിരുന്ന ബഹു. റ്റിജോ പുത്തൻപറമ്പിൽ അച്ചൻ ഓസ്ട്രേലിയയിലെ മെൽബൺ രൂപതയിലേക്ക് പുതിയ അജപാലനദൗത്യം ഏറ്റെടുത്ത് യാത്രയായി. അച്ചന് ഫാമിലി അപ്പോസ്തലേറ്റ് കുടുംബത്തിന്റെ നന്ദിയും സ്നേഹാശംസകളും നേരുന്നു.

## റിപ്പോർട്ട്

**നിയമാവലി പരിഷ്കരണം:** മാതൃവേദി-പിതൃവേദിയുടെ നിയമാവലി പരിഷ്കരണത്തിനായുള്ള കമ്മിറ്റിയുടെ മൂന്നാമത് യോഗം സെപ്റ്റംബർ 18-ാം തീയതി 8 pm ന് ഓൺലൈനായി ചേർന്ന് വിവിധ ഭേദഗതികൾ സംബന്ധിച്ച് ചർച്ച നടത്തി.

**മാതൃവേദി ജന്മദിനാഘോഷങ്ങൾ:** മാതൃവേദിയുടെ 42-ാമത് ജന്മദിനം, സെപ്റ്റംബർ 20 ന് അതിരൂപതാതലത്തിൽ സമുചിതമായി ആഘോഷിച്ചു.

ജന്മദിനാഘോഷത്തിന്റെ ഭാഗമായി ഡയറക്ടറച്ചന്മാരും മാതൃവേദി- പിതൃവേദി അതിരൂപതാ ഭാരവാഹികളും ചങ്ങനാശേരി സെന്റ് വിൻസെന്റ് പുവർഹോം സന്ദർശിച്ച് കേക്കു മുറിക്കുകയും അന്തേവാസികൾക്ക് സമ്മാനം കൈമാറു കയും ചെയ്തു. സെന്റ് വിൻസെന്റ് ഹോം നിവാസികളും മാതൃവേദി ഭാരവാ ഹികളും ഗാനങ്ങൾ ആലപിച്ച് ആശംസകൾ കൈമാറി.

**അതിരൂപതാ ഭാരവാഹിയോഗം:** കലോത്സവം തുടങ്ങിയുള്ള ഭാവിപരിപാ ടികളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനും അടുത്ത എക്സിക്യൂട്ടീവ് മീറ്റിംഗിന്റെ തീയതിയും അജണ്ടകളും നിശ്ചയിക്കുന്നതിനും സെപ്റ്റംബർ 20, രാവിലെ 10.30 ന് സന്ദേശനിലയം ഹാളിൽ യോഗം ചേർന്നു.

**യാത്രയയപ്പ്:** ഫാമിലി അപ്പോസ്തലേറ്റ് അസി. ഡയറക്ടറായി കഴിഞ്ഞ മൂന്നുവർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം ഓസ്ട്രേ ലിയായിലെ മെൽബൺ രൂപതയിൽ സേവനത്തിനായി യാത്രയാകുന്ന ബഹു. പുത്തൻപറമ്പിൽ റ്റിജോ അച്ചന് മാതൃവേദി-പിതൃവേദി അതിരൂപതാ സമിതി ഹൃദ്യമായ യാത്രയയപ്പ് നൽകി.

## അറിയിപ്പുകൾ

**ഫൊറോനാ കലോത്സവങ്ങൾ**

| | | |
|---|---|---|
| തിരുവനന്തപുരം | - | സെപ്റ്റംബർ 21 |
| ചങ്ങനാശേരി | - | ഒക്ടോബർ 4, 5 |
| നെടുങ്കുന്നം | - | ഒക്ടോബർ 5 |
| കുടമാളൂർ | - | ഒക്ടോബർ 5 |
| തൃക്കൊടിത്താനം - ചെങ്ങന്നൂർ | - | ഒക്ടോബർ 8 |
| ചമ്പക്കുളം | - | ഒക്ടോബർ 8 |
| എടത്വാ | - | ഒക്ടോബർ 8 |
| തുരുത്തി | - | ഒക്ടോബർ 8 |
| കുറുമ്പനാടം | - | ഒക്ടോബർ 8 |
| അതിരമ്പുഴ | - | ഒക്ടോബർ 15 |
| പുളിങ്കുന്ന് | - | ഒക്ടോബർ 15 |
| അമ്പൂരി | - | ഒക്ടോബർ 24 |
| കൊല്ലം | - | ഒക്ടോബർ 24 |
| കോട്ടയം | - | ഒക്ടോബർ 24 |
| മണിമല | - | ഒക്ടോബർ 29 |
| ആലപ്പുഴ - മുഹമ്മ | - | ഒക്ടോബർ 30 |

## വിവാഹ ഒരുക്ക ധ്യാനം

| OCTOBER | | NOVEMBER | |
|---|---|---|---|
| 03, 04, 05 | Chry | 07, 08, 09 | Zion |
| 10, 11, 12 | Zion | 14, 15, 16 | Chry |
| 24, 25, 26 | Chry | 21, 22, 23 | Zion |

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക**
0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

### പരി. കുർബാനയും ജപമാല റാലിയും

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനൊരുക്കമായി 2022 സെപ്റ്റംബർ 03, ശനി, വൈകുന്നേരം 04.30 ന് പാറേൽ സെന്റ് മേരീസ് തീർത്ഥാടന കേന്ദ്രത്തിൽ അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോബിൻ ആനക്കല്ലുങ്കലിന്റെ മുഖ്യകാർമികത്വത്തിൽ പരി. കുർബാനയും തുടർന്ന് ജപമാല റാലിയും നടത്തപ്പെട്ടു. ഭക്തിസാന്ദ്രമായ തിരുക്കർമങ്ങളിൽ വിവിധ യൂണിറ്റുകളിൽ നിന്നായി നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

### ജീവകാരുണ്യ ദിനം

ജീവകാരുണ്യ ദിനാചരണത്തിന്റെ ഭാഗമായി വണ്ടാനം മെഡിക്കൽ കോളേജിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പുന്നപ്ര ഓൾഡ് ഏജ് ഹോമിലെ അന്തേവാസികൾക്കുമായി വണ്ടാനം മദർ തെരേസാ കെയർ ഹോം നടത്തുന്ന ഭക്ഷണ വിതരണത്തിൽ 2022 സെപ്റ്റംബർ 5 ന് വി. മദർ തെരേസയുടെ 25-ാം ചരമവാർഷികത്തിൽ അതിരൂപതാ ഭാരവാഹികളും യുവജനങ്ങളും പങ്കുചേർന്നു.

### കെ റെയിൽ വിരുദ്ധ ഉപവാസ സമരം

കെ റെയിൽ വിരുദ്ധ സമരസമിതിയുടെ ആവശ്യങ്ങളോട് ഐകദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് 2022 സെപ്റ്റംബർ 8 ന് തിരുവോണനാളിൽ രാവിലെ 09.30 ന് ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം. മാടപ്പള്ളിയിലെ സമരവേദിയിൽ അണിചേർന്നു. കടുത്ത പാരിസ്ഥിതിക ആഘാതങ്ങൾക്ക് കാരണമാകുന്ന ഈ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിലുള്ള ആശങ്ക പൂർണമായി പരിഹരിച്ചശേഷം മാത്രമേ മുന്നോട്ടുപോകാവൂവെന്ന് ശക്തമായി ആവശ്യപ്പെട്ടുകൊണ്ടുള്ള സമരവേദിയിൽ വിവിധ അതിരൂപത- ഫൊറോന- യൂണിറ്റ് പ്രതിനിധികൾ പങ്കെടുത്തു.

### ഗോൾഡൻ ജൂബിലി സിമ്പോസിയം

യുവദീപ്തി-എസ്.എം.വൈ.എം. സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചങ്ങനാശേരി മീഡിയ വില്ലേജിൽ 2022 സെപ്റ്റംബർ 21 ന് നടത്തപ്പെട്ട സിമ്പോസിയം എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുത്ത ചർച്ചകളിൽ ഡോ. വിനു ജെ. ജോർജ്, മിബി മിറിയം ജേക്കബ്, അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ എന്നിവർ യുവാക്കൾ നേരിടുന്ന സാമൂഹിക സാംസ്കാരിക വെല്ലുവിളികളുടെ വിവിധ വശങ്ങളെക്കുറിച്ച് സംസാരിച്ചു. അതിരൂപതാ പ്രസിഡന്റ് ജോർജ് ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ റവ. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. ഫാ. സോണി പള്ളിച്ചിറയിൽ, റ്റോം തോമസ്, ജെയ്നറ്റ് മാത്യു, അലൻ ടോമി തുടങ്ങിയ അതിരൂപതാ ഭാരവാഹികൾ സംസാരിച്ചു.

*ശേഷം പേജ് 59 ൽ.....»*

# പൗരസ്ത്യരത്നം



## മാർ ജോസഫ് പവ്വത്തിൽ

സീറോമലബാർ സഭയുടെ പ്രഥമ പൗരസ്ത്യരത്നം അവാർഡ് ചങ്ങനാശേരി അതിരൂപത യുടെ മെത്രാപ്പോലീത്തൻ എമിരിത്തൂസ് മാർ ജോസഫ് പവ്വത്തിലിനു സമ്മാനിച്ചു. 2022 സെപ്തംബർ 12 തിങ്കൾ രാവിലെ 9 മണിക്ക് ചങ്ങനാശേരി അതിരൂപതാഭവനത്തിൽ നടന്ന ചടങ്ങിൽ സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആല ഞ്ചേരിയാണ് അവാർഡ് സമ്മാനിച്ചത്. സീറോമലബാർ ആരാധനക്രമ കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ എന്നിവരടങ്ങിയ കമ്മി റ്റിയാണ് അവാർഡ് നിശ്ചയിച്ചത്. പൗരസ്ത്യരത്നം അവാർഡിനർഹനായ അഭി. ജോസഫ് പവ്വത്തിൽ പിതാവിന് അതിരൂപതാകുടുംബത്തിന്റെ അനുമോദനങ്ങൾ.

















# മാതൃഅതിരൂപതയിലേയ്ക്കു സ്വാഗതം



## മാർ ജോർജ് കോച്ചേരി

വത്തിക്കാൻ നയതന്ത്രവിഭാഗത്തിൽ 44 വർഷത്തെ സേവനം പൂർത്തിയാക്കി വിശ്രമജീവിതത്തിലേയ്ക്കു പ്രവേശിച്ച ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി പിതാവിന് മാതൃഅതിരൂപതയായ ചങ്ങനാശേരിയിലേയ്ക്കു സ്വാഗതം. സൗത്ത് കൊറിയ, കോസ്റ്ററിക്കാ, നൈജീരിയ, ട്രിനിഡാഡ്, ടൊബാഗോ, തായ്ലന്റ്, സിംഗപ്പൂർ, സ്വിറ്റ്സർലന്റ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ വത്തിക്കാൻ നയതന്ത്രവിഭാഗത്തിലെ സ്തുത്യർഹമായ സേവനത്തിനു ശേഷം ഘാന, ടോഗോ, സിംബാബ്വേ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ അപ്പസ്തോലിക് നുൺഷ്യോ എന്ന നിലയിൽ പ്രശംസനീയമായ ശുശ്രൂഷ നിർവഹിച്ചാണ് അഭി. പിതാവ് മടങ്ങിയെത്തിയിരിക്കുന്നത്. ചങ്ങനാശേരി അതിരൂപതയുടെ അഭിമാനമായ പിതാവിന് അതിരൂപതാകുടുംബത്തിലേയ്ക്കു ഊഷ്മളമായ സ്വാഗതവും ചങ്ങനാശേരി ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ വൈദിക മന്ദിരത്തിൽ ശാന്തമായ വിശ്രമജീവിതവും ആശംസിക്കുന്നു.


Our Heartfelt Gratitude and
His Excellency George













# കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന KCSL കുടുംബാംഗങ്ങളേ,

KCSL പ്രസ്ഥാനത്തിന്റെ മുൻ റീജന്റും ഇപ്പോൾ ചങ്ങനാശേരി അതിരൂപതയുടെ വിദ്യാഭ്യാസമേഖലയുടെ വികാരി ജനറാളുമായിരുന്ന ഷംഷാബാദ് രൂപതയുടെ നിയുക്ത മെത്രാൻ അഭി. മാർ തോമസ് പാടിയത്ത് പിതാവിന് KCSL കുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു.

നമ്മുടെ പ്രവർത്തനങ്ങളെല്ലാം നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ട്. ഡയറക്ടർ അച്ചന്റെ സ്കൂൾതല സന്ദർശനങ്ങളും കാര്യക്ഷമമായി നടക്കുന്നു. സെപ്റ്റംബർ 17 നു അതിരൂപത KCSL മുൻ ഡയറക്ടറായി സേവനം ചെയ്തിരുന്ന റവ. ഡോ. ജോർജ് കോലത്തിന്റെ അനുസ്മരണാർത്ഥം കുടുംബാഗങ്ങളും KCSL ഉം സംയുക്തമായി സംഘടിപ്പിച്ച പ്രസംഗമത്സരം വിജയപ്രദമായിരുന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത വിജയികൾക്ക് സമ്മാനങ്ങൾ വിതരണംചെയ്തു സംസാരിച്ചു. മത്സരത്തിൽ കോലത്ത് കുടുംബാംഗങ്ങളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. ആദ്യമൂന്ന് സ്ഥാനങ്ങളോടൊപ്പം തുടർന്നുള്ള ഏഴുപേർക്ക് പ്രോത്സാഹനസമ്മാനവും നൽകി. ഉച്ചയോടുകൂടി പരിപാടികളെല്ലാം അവസാനിച്ചു. ഫാ. ജോർജ് കോലത്ത് പ്രസംഗമത്സര വിജയികൾ: I$^{st}$: Don Joseph Saji (SB HS Changanacherry), II$^{nd}$: Christy Philson (Fr Thomas Porukara Central School Champakulam), III$^{rd}$: Maria Rose Sebastian (St. Joseph's GHS Changanacherry). കഴിഞ്ഞ അധ്യയനവർഷത്തിൽ FULL A+ നേടിയ SSLC, +2 വിദ്യാർത്ഥികൾക്കായി Excellencia -2K22 സംഘടിപ്പിച്ചു. 250 കുട്ടികൾ പങ്കെടുത്തു. അഭി. മാർ തോമസ് തറയിൽ പിതാവ് കുട്ടികളോടു സംസാരിക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു. സെപ്റ്റംബർ 24-നു അതിരൂപത KCSL ലും SABS ചങ്ങനാശേരി പ്രൊവിൻസും സംയുക്തമായി സംഘടിപ്പിക്കുന്ന ധന്യൻ മാർ തോമസ് കുര്യാളശേരി ശതോത്തര സുവർണ്ണ ജയന്തി ക്വിസ് മോർക്കുളങ്ങര AKM പബ്ലിക് സ്കൂളിൽ നടത്തപ്പെട്ടു.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

### സാഹിത്യോത്സവം

ഒക്ടോബർ ഒന്നാംതീയതി രാവിലെ 9 ന് എട്ട് സോണുകളിലായി അതിരൂപതാതല സാഹിത്യമത്സരങ്ങൾ നടത്തപ്പെടുന്നു. കഴിവുള്ള കുട്ടികളെ മത്സരങ്ങളിലെല്ലാം പങ്കെടുപ്പിക്കാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ. വിജയികളാകുന്ന കുട്ടികൾക്കുവേണ്ടിയുള്ള സംസ്ഥാനതലമത്സരം ഒക്ടോബർ 8നു രാവിലെ 9:30നു സെന്റ് ആൻസ് ഗേൾസ് ഹൈസ്കൂളിൽ നടത്തപ്പെടുന്നു. എല്ലാവർക്കും വിജയാശംസകൾ നേരുന്നു. സാഹിത്യോത്സവ-കലോത്സവ സംബന്ധമായ സംശയങ്ങൾക്ക് വിളിക്കുക: 7306157185

### ധ്യാനവും ഓറിയന്റേഷൻ പ്രോഗ്രാമുകളും

ഒക്ടോബർ മുതൽ KCSL ന്റെ ആഭിമുഖ്യത്തിൽ ധ്യാനവും ഓറിയന്റേഷൻ പ്രോഗ്രാമുകളും സ്കൂളുകളിൽ നടത്താൻ ആഗ്രഹിക്കുന്നു. താല്പര്യമുള്ളവർ ഡയറക്ടർ അച്ചനെ വിളിക്കുക: 9497197119, 8921039872

### കേന്ദ്ര ഇ.ഡബ്ല്യൂ.എസ്. മാനദണ്ഡ ഭേദഗതി

സീറോമലബാർ സഭാംഗങ്ങൾ ഉൾപ്പെടുന്ന സംവരണരഹിത വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് സർക്കാർ ജോലികളിലും സർക്കാർ സ്ഥാപനങ്ങളിലെ അഡ്മിഷനുകളിലും 10% സംവരണം ലഭിക്കുന്നതിനുള്ള ക്രമീകരണമാണ് EWS. ഇതിന്റെ മാനദണ്ഡങ്ങൾ കേന്ദ്രത്തിലും സംസ്ഥാനത്തും വിഭിന്നമാണ്.

ഇതിൽ കേന്ദ്രമാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്

1. ഒരു കുടുംബത്തിന്റെ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെ
2. കൃഷിഭൂമി 5 എക്കർ വരെ
3. വീടിന്റെ വിസ്തീർണം 1000 സ്ക്വയർഫീറ്റ് വരെ
4. ഹൗസ് പ്ലോട്ട് പഞ്ചായത്തിൽ നാല് (4.1) സെന്റ് വരെ, മുൻസിപ്പാലിറ്റിയിൽ രണ്ട് സെന്റ് (2.06) വരെ

ഇതിൽ നാലാമത്തെ മാനദണ്ഡം കേരളത്തിലെ കർഷകരെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ടേറിയതായിരുന്നു. കാരണം കേരളത്തിലെ കരഭൂമി (പുരയിടം) മുഴുവനും കൃഷിയുണ്ടെങ്കിലും ഇല്ലെങ്കിലും ഹൗസ്പ്ലോട്ടായിട്ടാണ് സർക്കാർ കണക്കാക്കിയിരുന്നത്. ഇതിന് മാറ്റം വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ 2022 സെപ്റ്റംബർ 19 ന് പുതിയ ഉത്തരവ് ഇറക്കിയിരിക്കുകയാണ്. അതുപ്രകാരം അപേക്ഷകന്റെ വീട് കൃഷിഭൂമിയിലാണ് സ്ഥിതിചെയ്യുന്നതെങ്കിൽ വീടുനിൽക്കുന്ന സ്ഥലവും തൊട്ടുചേർന്നുള്ള മുറ്റവും മാത്രമേ ഹൗസ്പ്ലോട്ട് / റെസിഡൻഷ്യൽ പ്ലോട്ടായി പരിഗണിക്കുകയുള്ളൂ. ബാക്കി സ്ഥലത്ത് കൃഷി നടക്കുന്നതിനാൽ കൃഷി ഭൂമിയായിട്ടായിരിക്കും പരിഗണിക്കുന്നത്. 5 ഏക്കർ വരെ മാത്രം കുടുബാംഗങ്ങൾക്ക് (അപേക്ഷക/ൻ, മാതാപിതാക്കൾ, ജീവിതപങ്കാളി എന്നിവർ മാത്രം) ഭൂസ്വത്ത് ഉണ്ടായിരിക്കുകയും വീട് 1000 സ്ക്വയർ ഫീറ്റ് വരെ ആയിരിക്കുകയും വീടിരിക്കുന്ന സ്ഥലവും മുറ്റവുംകൂടി പഞ്ചായത്തിൽ 4 സെന്റും മുൻസിപ്പൽ പ്രദേശങ്ങളിൽ 2 സെന്റും ആയി ക്രമീകരിക്കുകയും ചെയ്യുന്നവർക്ക് കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ലഭിക്കും.

### പി.എസ്.സി. യിൽ ഇ.ഡബ്ല്യൂ.എസ്. സംവരണം ലഭിച്ചവരുടെ ശ്രദ്ധയ്ക്ക്

PSC യിൽ EWS സംവരണം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഷോർട്ട് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിരിക്കുകയാണ്. Certificate Verification ഉം ആരംഭിച്ചിരിക്കുന്നു. എന്നാൽ ചിലയിടങ്ങളിൽ ഉദ്യോഗാർത്ഥികളുടെ EWS സർട്ടിഫിക്കറ്റ് സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി നിരാകരിക്കപ്പെടുന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം ബുദ്ധിമുട്ടനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സഹായത്തിനായി CARP Helpdesk ന്റെ 6238214912 എന്ന Number ൽ വിളിക്കുകയോ WhatsApp സന്ദേശം അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

*ശേഷം പേജ് 59 ൽ.....»*

CHASS

# ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി സ്വാതന്ത്ര്യലബ്ധിക്ക് മുൻപു തന്നെ 'ഗ്രാമസ്വരാജ്' എന്ന ആശയം മുൻപോട്ട് വച്ചിരുന്നു. ഗ്രാമസ്വരാജ് എന്നാൽ 'സ്വാശ്രയഗ്രാമം' എന്നാണ് അർത്ഥമാക്കുന്നത്. ഗ്രാമീണ പുനർനിർമ്മാണത്തിന്റെ സവിശേഷമായ ഒരു ആശയമാണ് സ്വാശ്രയഗ്രാമം. മനുഷ്യന്റെ സമഗ്രവികസനത്തിന് പ്രാധാന്യം നൽകുന്ന ഗാന്ധിയൻ സങ്കൽപ്പത്തിന് ഏറെ പ്രസക്തിയുള്ള ഒരു കാലഘട്ടമാണ് ഇത്. ഒരു രാജ്യത്തിന്റെ പുനർനിർമ്മാണം ഗ്രാമീണ മേഖലകളുടെ സ്വാശ്രയത്വത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്കാലവും ഗ്രാമതല വികസന പദ്ധതികൾക്ക് ഊന്നൽ കൊടുത്തിരുന്നു. ചാസിന്റെ സ്വാശ്രയസംഘങ്ങളും മഹിളാസമാജങ്ങളും കർഷകസംഘങ്ങളും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമുകളും പ്രാദേശിക വികസനസമിതികളും സ്വാശ്രയഗ്രാമം എന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. വ്യക്തിത്വവികസനം, നേതൃത്വപരിശീലനം, സംഘബോധം, പ്രതികരണശേഷി, മൂല്യാധിഷ്ഠിത ജീവിതശൈലി എന്നിവ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം 'ഭൂസുരക്ഷ, ഭക്ഷ്യസുരക്ഷ, ആരോഗ്യസുരക്ഷ, സാമ്പത്തികസുരക്ഷ' എന്ന ചാസിന്റെ പ്രഖ്യാപിത നയങ്ങളും സ്വാശ്രയഗ്രാമ നിർമ്മിതിയുടെ ആക്കം കൂട്ടുന്നു. ഗാന്ധിജി സ്വപ്നംകണ്ട ഗ്രാമസ്വരാജ് അഥവാ സ്വാശ്രയഗ്രാമം ലക്ഷ്യത്തിലേയ്ക്ക് സമൂഹത്തെ കൈപിടിച്ചുനടത്തുന്നതിന്റെ ഭാഗമായി ചാസ് ഈ വർഷം തുടക്കം കുറിച്ചിരിക്കുന്ന പദ്ധതിയാണ് 'എന്റെ ഗ്രാമം മാതൃകാഗ്രാമം'. ഗ്രാമ പുനർനിർമ്മാണത്തിനായുള്ള ഈ പദ്ധതിക്കുവേണ്ട എല്ലാ പിന്തുണകളും സഹകരണവും നൽകി ഈ യജ്ഞത്തെ വിജയിപ്പിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ഗാന്ധിജയന്തിയുടെ ഭാവുകങ്ങളും ആശംസകളും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ജോർജ്ജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്ര വാർത്തകൾ

### മേഖലാ PME

ചാസിന്റെ ഗ്രാമതല പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിപരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മേഖലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേഖലാ PME സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലും പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യുവും യൂണിറ്റ്/മേഖലാ ഭാരവാഹികളുമായി ചർച്ച നടത്തി. മേഖലാ കോ-ഓർഡിനേറ്റർമാർ നേതൃത്വം നൽകി.

| *തീയതി* | *മേഖല* |
|---|---|
| 26.08.2022 | അതിരമ്പുഴ |
| 27.08.2022 | ചമ്പക്കുളം |
| 30.08.2022 | ആലപ്പുഴ |
| 05.09.2022 | കോട്ടയം |
| 05.09.2022 | കുടമാളൂർ |

**MSW വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ**

ചങ്ങനാശേരി എസ്.ബി., അസംപ്ഷൻ കോളേജുകളിലെ ഒന്നാം വർഷ MSW വിദ്യാർത്ഥികൾക്കായി 'ഗ്രാമതലത്തിൽ സാമൂഹികപ്രവർത്തനത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ ഓറിയന്റേഷൻ പ്രോഗ്രാം ചാസ് കോൺഫറൻസ് ഹാളിൽ സെപ്റ്റംബർ മാസം 12-ാം തീയതി സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു. 52 വിദ്യാർത്ഥികൾ പങ്കെടുത്തു.

**ഭക്ഷ്യകിറ്റ് വിതരണം**

2022 ആഗസ്റ്റ് മാസം ഉണ്ടായ മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ദുരിതം അനുഭവിച്ച കുട്ടനാടൻ മേഖലയ്ക്ക്, കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടുകൂടി ചാസ് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു. 312 കുടുംബങ്ങൾക്കാണ് സെപ്റ്റംബർ മാസം ആദ്യവാരം സഹായം ലഭ്യമാക്കിയത്. ചാസ് ഡയറക്ടർ ഫാ. തേമസ് കുളത്തുങ്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ബ്രദർ ടോണി പുറവടി, മേഖലാ കോ-ഓർഡിനേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

**ഓണവിപണി**

കേരള സർക്കാരിന്റെ കാർഷികവികസന കർഷകക്ഷേമവകുപ്പുമായി സഹകരിച്ച് ചാസ് അങ്കണത്തിലും ബൈപ്പാസ് ജംഗ്ഷനിലും സെപ്റ്റംബർ 4-7 തീയതികളിൽ ഓണവിപണി സംഘടിപ്പിച്ചു. നമ്മുടെ നാട്ടിലെ കർഷകർ വിളയിച്ച നാടൻ ഉൽപ്പന്നങ്ങൾ മിതമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഇതുവഴി ചാസിന് സാധിച്ചു. വിപണിയുടെ ഔപചാരിക ഉദ്ഘാടനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാടപ്പള്ളി കൃഷി അസി. ഡയറക്ടർ ശ്രീമതി അനീന സൂസൻ നിർവഹിച്ചു. ചങ്ങനാശേരി കൃഷി ഓഫീസർ ശ്രീ. ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, ശ്രീ. ബൈജു സി. സേവ്യർ എന്നിവർ പ്രസംഗിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. ജോസ് സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങൾ വിപണിക്കുവേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**വാർഷിക പൊതുയോഗം**

ചാസിന്റെ 56-ാമത് വാർഷിക പൊതുയോഗം 2022 സെപ്റ്റംബർ 16 വെള്ളിയാഴ്ച രാവിലെ 10.30 ന് ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ

അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഫാ. തോമസ് കുളത്തുങ്കൽ സ്വാഗതം ആശംസിച്ചു. ചാസിന്റെ വിവിധ പ്രവർത്തനമേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 42 പ്രതിനിധികൾ മീറ്റിംഗിൽ സംബന്ധിച്ചു. 2021-22 കാലയളവിലെ ഓഡിറ്റ് ചെയ്ത റിപ്പോർട്ടും കണക്കും സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് പാസാക്കി. തുടർന്ന് കഴിഞ്ഞ ഒരു വർഷക്കാലം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. പൊതുചർച്ചകൾക്കുശേഷം അടുത്ത ഒരു വർഷത്തേക്കുള്ള പ്രവർത്തനപരിപാടികൾക്ക് പൊതുയോഗം അംഗീകാരം നൽകി. അസി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. ജോസ് സെബാസ്റ്റ്യൻ, ബ്രദർ ടോണി പുറവടി, മേഖലാ കോ-ഓർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ വഴി 2022 സെപ്റ്റംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 40,000/- രൂപ അനുവദിച്ചു)

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 590. | റ്റി.റ്റി. തങ്കച്ചൻ | വേമ്പനാട് | ചീപ്പുങ്കൽ | കുടമാളൂർ |
| 591. | ശ്യാമള മോഹനൻ | ഹരിതം | എടത്വാ | എടത്വാ |
| 592. | സുമ ഉത്തമൻ | മരിയ | പുതുക്കരി | എടത്വാ |
| 593. | പ്രസന്നകുമാരി | ഐശ്വര്യ | പുറക്കാട് | എടത്വാ |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം**

മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 1,00,000/- രൂപ സഹായം അനുവദിച്ചു)

| | *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 771. | പി.ജെ. ചാക്കോ, പറമ്പിൽപ്പറമ്പിൽ | പുന്നമട | ആലപ്പുഴ |
| 772. | ക്ലാരമ്മ ഫിലിപ്പോസ്, കൊച്ചുപുരയ്ക്കൽ | ചങ്ങങ്കരി | എടത്വാ |
| 773. | ലില്ലി ജോസഫ്, കോമുഴയിൽ | ചേപ്പുംപാറ | കോട്ടയം |
| 774. | അന്നമ്മ മാത്യു, വെട്ടത്ത് | പുതുക്കരി | എടത്വാ |
| 775. | സി.റ്റി. ചാക്കോ, ചീരംവേലിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 776. | എൽസമ്മ വി.പി. പനംമൂട് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 777. | ചാക്കോച്ചൻ ഒ.കെ. ഉലക്കപ്പാടി | കോയിൽമുക്ക് | എടത്വാ |
| 778. | മാത്യു ആന്റണി അത്തിക്കളത്തിൽ | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 779. | ദേവസ്യാ ഉൽഹത്താടിവേളി | പാദുവാപുരം | ആലപ്പുഴ |
| 780. | രാജു ജി. മുത്തൻപച്ചയിൽ | മീൻകുളം | കൊല്ലം |

## മേഖലാ വാർത്തകൾ

**ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ച യൂണിറ്റുകൾ**

| *തീയതി* | *യൂണിറ്റ്* |
|---|---|
| 28.08.2022 | അയർക്കുന്നം എയ്ഞ്ചൽ SHG |
| 02.09.2022 | ഏറ്റുമാനൂർ |
| 03.09.2022 | പൊടിപ്പാറ |
| 03.09.2022 | വെട്ടിമുകൾ |
| 05.09.2022 | കുറുമ്പനാടം ഉഷസ് SHG |
| 09.09.2022 | ചേപ്പുംപാറ ചാസ് യൂണിറ്റ് |
| 11.09.2022 | നാൽപ്പാത്തിമല |
| 14.09.2022 | അയർക്കുന്നം |

**സ്വാശ്രയസംഘ വാർഷികം**

സ്വാശ്രയസംഘങ്ങളുടെ വാർഷികം സെപ്റ്റംബർ 3 ന് പൊടിപ്പാറ ഹോളി ഫാമിലി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. അഡ്വ. ശ്രീ. ജോബ് മൈക്കിൾ MLA ഉദ്ഘാടനം നിർവഹിച്ചു. തുരുത്തി ഫൊറോനാ വികാരി വെരി റവ. ഫാ. ജോസ് വരിക്കപ്പള്ളി, ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. രാജു ജോസഫ്, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബോബിനാ തോമസ് എന്നിവർ പ്രസംഗിച്ചു. യൂണിറ്റിന്റെയും സംഘങ്ങളുടെയും സെക്രട്ടറിമാർ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**അവാർഡ് വിതരണം**

ചാസ് വെട്ടിമുകൾ യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായവരുടെ മക്കൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. 10, +2 ക്ലാസുകളിൽ മുഴുവൻ വിഷയങ്ങളിലും A+ കരസ്ഥമാക്കിയ 10 വിദ്യാർത്ഥികൾക്ക് 1000/- രൂപവീതം ക്യാഷ് അവാർഡ് നല്കിയത്.

**ഓണാഘോഷം**

പെരുങ്കാവ് യൂണിറ്റിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 5 ന് കടയനിക്കാട് പുവർഹോം അന്തേവാസികൾക്കായി ഓണാഘോഷവും ഓണസദ്യയും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോജി പുതിയാപറമ്പിൽ നേതൃത്വം നൽകി.

**ബോധവത്ക്കരണ ക്ലാസ്**

| *തീയതി* | *യൂണിറ്റ്* | *വിഷയം* |
|---|---|---|
| 15.9.2022 | തൃക്കൊടിത്താനം | സ്ത്രീ ശാക്തീകരണം |
| 16.9.2022 | ചമ്പക്കര | കുട്ടികളുടെ മാനസികാരോഗ്യം |
| 16.9.2022 | നെടുംകുന്നം | സ്ത്രീകളുടെ മാനുഷികാവകാശങ്ങളും-നേരിടുന്ന പ്രശ്നങ്ങളും |

### സ്വാശ്രയസംഘ സംഗമവും അനുസ്മരണയോഗവും

ചാസ് പുന്നമട യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളുടെ വാർഷികവും ശ്രീ. ടോംസ് ആന്റണി അനുസ്മരണവും സംഘടിപ്പിച്ചു. റവ. ഫാ. ജോസി പൊക്കാവരയത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം അതിരൂപതാ അസി. ഡയറക്ടർ റവ. ഫാ. ജോർജ് തൈച്ചേരിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോളി ജോസഫ്, സെക്രട്ടറി ശ്രീ. ജോഷി ജോർജ് നെടിയാപറമ്പിൽ, ആനിമേറ്റർ സിസ്റ്റർ എലിസബത്ത് FDSHJ, മേഖലാ കോ-ഓർഡിനേറ്റർ ഡി. ജോസഫ്, ശ്രീ. തോമസ് പി.എം. പായിക്കാട്, ശ്രീ. ജോൺ ബോസ്കോ കൂട്ടുങ്കൽ, ശ്രീ. ജോസഫ് മാത്യു പടിഞ്ഞാറേവീട്, ശ്രീമതി ജിജി തോമസ് മഠത്തിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

### ഫലവൃക്ഷത്തൈ വിതരണം

പൊങ്ങ യൂണിറ്റിൽ സെപ്റ്റംബർ 7 ന് ഫലവൃക്ഷത്തൈ വിതരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് വെള്ളാനിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## സ്വാശ്രയ സംഘരൂപീകരണം

ചാസിന്റെ വിവിധ യൂണിറ്റുകളിൽ രൂപീകരിച്ച സ്വാശ്രയസംഘങ്ങൾ.

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 24.08.2022 | പുന്നമട | സെന്റ് അൽഫോൻസാമ്മ | 11 |
| 31.08.2022 | പുളിംകുന്ന് | ലാവണ്യ | 15 |
| 14.09.2022 | തെള്ളകം | അരുണോദയ | 13 |

## SLCA Kerala

### ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു


SLCA Kerala യുടെ ആഭിമുഖ്യത്തിൽ സ്കൂൾതലത്തിൽ ലഹരിവിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, SLCA ഫീൽഡ് ഓഫീസർമാരായ ശ്രീ. റ്റി.എം. മാത്യു തച്ചിലേട്ട്, ശ്രീ. കാർമ്മൽ ജോബി മാത്യു എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| സെപ്റ്റം. 13 | സെന്റ് ആൻസ് GHSS, ചങ്ങനാശേരി |
| സെപ്റ്റം. 14 | മേരി റാണി HSS, ചങ്ങനാശേരി |
| സെപ്റ്റം. 15 | സെന്റ് ജോസഫ്സ് GHSS, ചങ്ങനാശേരി |
| സെപ്റ്റം. 16 | സെന്റ് തെരേസാസ് HSS, വാഴപ്പള്ളി |
| സെപ്റ്റം. 24 | സെന്റ് സെബാസ്റ്റ്യൻസ് HSS, അയർക്കുന്നം |

**ആദരാഞ്ജലികൾ....**

1993-2003 വരെ ചാസ്-ഖാദി ഡയറക്ടറായി സ്തുത്യർഹ സേവനം ചെയ്ത ബഹു. ജോൺ കൊച്ചുമലയിൽ അച്ചന് ചാസ് കുടുംബത്തിന്റെ ആദരാഞ്ജലികൾ...

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ



# ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ

# 53-ാം ചരമവാർഷികം

**സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 8 വരെ**



# 3-ാമത് കാവുകാട്ട് കൺവെൻഷൻ

**സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെ**

പരിശുദ്ധ കുർബാന | യാമപ്രാർത്ഥനകൾ | മദ്ധ്യസ്ഥപ്രാർത്ഥന

**അനുഗ്രഹീത സാന്നിധ്യം**




**പ്രധാന തിരുനാൾദിനം**

| | | | |
|---|---|---|---|
| 05:30 am | : | പരി. കുർബാന, ഒപ്പീസ് | റവ. ഫാ. തോമസ് ചൂളപറമ്പിൽ CMI |
| 06:30 am | : | പരി. കുർബാന, ഒപ്പീസ് | മാർ ജോസഫ് പെരുന്തോട്ടം |
| 08:30 am | : | പരി. കുർബാന, ഒപ്പീസ് | മാർ ജോസഫ് പള്ളിക്കാപറമ്പിൽ |
| 10:00 am | : | പരി. കുർബാന, ഒപ്പീസ് | വെരി റവ. ഡോ. ജോൺ കുളത്തിങ്കൽ |
| 11:30 am | : | പരി. കുർബാന, ഒപ്പീസ് | വെരി റവ. ഫാ. മാത്യു ചൂരവടി (Sr) |
| 12:30 pm | : | ശ്രാദ്ധപൊതിച്ചോർ ആശീർവാദം | |
| 03:30 pm | : | പരി. കുർബാന, ഒപ്പീസ് | മൈനർ സെമിനാരിയിലെ ബഹു. വൈദികർ |
| 04:30 pm | : | പരി. കുർബാന, ഒപ്പീസ് | മാർ ജോർജ് കോച്ചേരി |



## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022 ആഗസ്റ്റ് 24 മുതൽ സെപ്റ്റംബർ 24 വരെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക | തുക |
|---|---|---|
| 1. | പുളിങ്കുന്ന് - സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 112000 |
| 2. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 20000 |

» *CARP തുടർച്ച...*

### ഒക്ടോബർ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സാമൂഹിക സുരക്ഷാ പെൻഷൻ വാങ്ങുന്നവർ പുതിയ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം (വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ താഴെ).
2. ന്യൂനപക്ഷ വിധവകൾക്കായുള്ള ഇമ്പിച്ചിബാവ ഭവന നിർമാണപദ്ധതിയുടെ അപേക്ഷ കാലയളവ് ഒക്ടോബർ 10 വരെ നീട്ടി.
3. മാതാപിതാക്കൾ നഷ്ടപ്പെട്ട സ്കൂൾകുട്ടികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ സ്നേഹപൂർവം പദ്ധതിയ്ക്ക് നവംബർ 30 വരെ അപേക്ഷിക്കാം.
4. എപിഎൽ റേഷൻ കാർഡുകൾ ബിപിഎൽ ആക്കുവാൻ ഒക്ടോബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

**ബേബി വട്ടക്കര**
(കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

» *യുവദീപ്തി - SMYM തുടർച്ച...*

### റവ. ഡോ. ജോർജ് കോലത്ത് അവാർഡ് ദാനം

യുവദീപ്തി-എസ്.എം.വൈ.എം. മുൻ അതിരൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് കോലത്ത് സ്മാരക യുവപ്രതിഭാ അവാർഡ് ദാനം 2022 സെപ്റ്റംബർ 21 ന് കുരിശുംമൂട് സെന്റ് ജോസഫ്സ് കോളേജിൽ കോട്ടയം എം.പി. തോമസ് ചാഴികാടൻ നിർവഹിച്ചു. സ്വഭാവശുദ്ധി, നേതൃവാസന, പ്രവർത്തനശൈലിയിലുള്ള നൂതനത്വം, മാദ്ധ്യമ ഇടപെടലുകൾ, സംഘടനാപാടവം, സഭയോടുള്ള സമർപ്പണം തുടങ്ങിയ മേഖലകളിൽ പുലർത്തിയ മികവിന്റെ അടിസ്ഥാനത്തിൽ പെരുന്ന ഇടവകാംഗം നിഖില ബാബു പുരസ്കാരത്തിന് അർഹയായി. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ഫാ. സോണി പള്ളിച്ചിറയിൽ, സിറിയക് കോലത്ത്, റ്റോം തോമസ് എന്നിവർ സംസാരിച്ചു.

ഈശോയിൽ പ്രിയ അച്ചന്മാരേ, സിസ്റ്റേഴ്സ്, DFC പ്രവർത്തകരേ, സഹോദരങ്ങളേ,

'ഒരു ലക്ഷ്യത്തിനുവേണ്ടി സമൂഹത്തെ സജ്ജമാക്കാനും അതിനുവേണ്ടി മുന്നിൽനിന്ന് പ്രവർത്തിക്കാനുമുള്ള കഴിവിനെയും ധൈര്യത്തെയുമാണ് നേതൃത്വം എന്നുപറയുന്നത്' എന്ന ബർണാഡ് മോണ്ടി ഗോമറിയുടെ വാക്കുകൾ പ്രസക്തമാണ്. മാർ തോമ്മാശ്ലീഹാ വർഷാചരണം – കേരളസഭാനവീകരണ കാലത്തോടനുബന്ധിച്ച് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ജൂലൈ മൂന്നിന് നൽകിയ സർക്കുലറിലൂടെയും അഭി. മാർ തോമസ് തറയിൽ പിതാവ് അടുത്തകാലത്ത് നൽകിയ കത്തിലൂടെയും ഒക്ടോബർ – നവംബർ മാസങ്ങളിൽ നമുക്കു നൽകുന്ന ആഹ്വാനം 'നമ്മുടെ എല്ലാ ഭവനങ്ങളിലും സഭയുടെ സ്വരമായ ദീപിക ദിനപത്രം എത്തിക്കുക' എന്നതാണ്.

ഈ വലിയ ലക്ഷ്യത്തിനായി നമ്മുടെ സമൂഹത്തെ നമുക്കു സജ്ജമാക്കാം. ലക്ഷ്യ പ്രാപ്തിക്കായി മുന്നിൽനിന്ന് ധൈര്യത്തോടെ നേതൃത്വം ഏറ്റെടുക്കാം.

**ഒക്ടോബർ – നവംബർ ദീപിക പ്രചാരണ കർമ്മപദ്ധതി**

1) ഒക്ടോബർ മാസം ആദ്യ ആഴ്ചകളിൽതന്നെ (ഒക്ടോബർ 2/9) ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ അംഗങ്ങൾ, കുടുംബകൂട്ടായ്മ ലീഡേഴ്സ്, മതാദ്ധ്യാപകർ, വിവിധ സംഘടനാ ഭാരവാഹികൾ എന്നിവരുടെ നേതൃ സമ്മേളനം കൂടുക. നേതൃനിരയിലുള്ളവരിൽ ദീപിക വരുത്തുന്നവരെ അഭിനന്ദിക്കുക. ഇനി വരുത്താനുള്ളവരെ വരിക്കാരാക്കുക.
2) കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിൽ ദീപിക പ്രചാരണത്തിനായി DFC യുടെയും കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെയും നേതൃത്വത്തിൽ മറ്റു പ്രതിനിധികളെയും ഉൾപ്പെടുത്തി ഭവന സന്ദർശനത്തിനുള്ള ടീമിനെ രൂപപ്പെടുത്തുക, തീയതി നിശ്ചയിക്കുക. ഭവന സന്ദർശനത്തിന് നേതൃത്വം നൽകുവാൻ ബഹു. വൈദികരോ / സിസ്റ്റേഴ്സോ ഉണ്ടെങ്കിൽ കൂടുതൽ ഫലപ്രദമാകും.
3) ഒക്ടോബർ – നവംബർ മാസങ്ങളിലെ കുടുംബക്കൂട്ടായ്മകളിൽ ദീപിക വരുത്തുന്നവരെ അഭിനന്ദിക്കുക, വരുത്താത്തവരെ ദീപിക വരിക്കാർ ആക്കി മാറ്റുവാൻ ബഹു. അച്ചന്മാർ പ്രോത്സാഹിപ്പിക്കുക. കുടുംബക്കൂട്ടായ്മ സമ്മേളനങ്ങളിൽ 'സമുദായ ശക്തീകരണത്തിൽ ദീപിക ദിനപത്രത്തിന്റെ പ്രസക്തിയെക്കുറിച്ച്' ബോധ്യപ്പെടുത്തുക.
4) നമ്മുടെ ഇടവകയിൽ പത്രമിടുന്ന ഏജന്റുമാരുടെ സംഗമം വിളിച്ചുകൂട്ടി അവരെ ആദരിക്കുക.
5) ഒക്ടോബർ അവസാനം ഇതുവരെയുള്ള പ്രവർത്തനങ്ങൾവഴി പത്രം എത്രയെണ്ണം വർദ്ധിച്ചുവെന്ന് വിലയിരുത്തുക. നവംബർ മാസത്തേയ്ക്കുള്ള ഫലപ്രദമായ കർമ്മപദ്ധതി ആസൂത്രണം ചെയ്യുക.
6) നവംബർ 12 ശനിയാഴ്ച വീണ്ടും വിലയിരുത്തൽ നടത്തുക. അടുത്ത രണ്ടാഴ്ച ഓരോ കുടുംബക്കൂട്ടായ്മയെയും സമ്പൂർണ്ണ ദീപിക കൂട്ടായ്മയാക്കാനുള്ള ലക്ഷ്യംവച്ച് പ്രാർത്ഥിക്കുക – പ്രവർത്തിക്കുക.

7) ഒക്ടോബർ - നവംബർ മാസങ്ങളിലെ ഞായറാഴ്ചകളിൽ സമ്പൂർണ്ണ ദീപിക കൂട്ടായ്മയായവരെ പരസ്യമായി അഭിനന്ദിക്കുക. അവർക്ക് ഇടവകയുടെ പ്രത്യേക സമ്മാനങ്ങൾ നൽകുക.

8) അതിരൂപതാതലത്തിൽ സമ്പൂർണ്ണ ദീപിക വരിക്കാരായ (100%) കുടുംബക്കൂട്ടായ്മകൾക്കും സമ്പൂർണ്ണ ദീപിക വരിക്കാരാകുന്ന (80% കൂടുതൽ) ഇടവകകൾക്കും പ്രത്യേക പുരസ്കാരങ്ങൾ നൽകുന്നതാണ്.

9) വാർഷിക വരിക്കാരെ കണ്ടെത്തുന്നതാണ് നല്ലത്. വാർഷിക വരിക്കാർക്ക് ഒരു മാസത്തെ പത്രം ഫ്രീ ആയിരിക്കും. 11 മാസത്തെ പണം അടച്ചാൽ മതിയാകും.

**ഉപസംഹാരം**

ദീപിക തീവ്രപ്രചാരണത്തിലൂടെ കഴിഞ്ഞവർഷം നാം നേടിയ വളർച്ച അഭിനന്ദനാർഹമാണ്. ഓരോ ഇടവകയിലും അതു വർദ്ധിപ്പിക്കുവാൻ ഈ വർഷം നമുക്കു കൂട്ടായി പരിശ്രമിക്കാം. ഇടവകയിലെ ഓരോ കുടുംബക്കൂട്ടായ്മയെയും സമ്പൂർണ്ണ ദീപികക്കൂട്ടായ്മയാക്കാൻ ശ്രദ്ധകേന്ദ്രീകരിക്കാം. നമ്മുടെ എല്ലാ പരിശ്രമങ്ങൾക്കും ദൈവം നൂറുമേനിഫലം നൽകട്ടെ. നമുക്കു പരസ്പരം പ്രോത്സാഹിപ്പിക്കാം.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജന. സെക്രട്ടറീസ്)

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ. വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

## സെന്റ് തോമസ് ഹോസ്പിറ്റൽ

### അന്തർദ്ദേശീയ രോഗീസുരക്ഷാ ദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ അന്തർ ദ്ദേശീയ രോഗീ സുരക്ഷാദിനാചരണം വിപുലമായ പരിപാടികളോടെ സംഘ ടിപ്പിച്ചു. ആതുരസേവനമേഖലയിൽ പ്രവർത്തിക്കുന്നവർക്കായി സെമിനാർ സംഘടിപ്പിച്ചു. സെന്റർ ഫോർ പ്രഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രിൻസിപ്പാൾ ഡോ. ജ്യോതി ഹരീ ന്ദ്രൻ, ഡെപ്യൂട്ടി നഴ്സിങ് സൂപ്രണ്ട് സോജിമോൾ ജയിംസ്, സ്നേഹ മാത്യു, അഞ്ജന ആന്റണി എന്നിവർ ക്ലാസ് നയിച്ചു. പൊതുജനങ്ങൾക്കായി പോസ്റ്റർ രചനാമത്സരം ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. സെന്റ് തോമസ് അക്കാദമി ഓഫ് അലൈഡ് ഹെൽത്ത് സയൻസസിലെ വിദ്യാർത്ഥികൾ വിവിധ ജംഗ്ഷനുകളിൽ ബോധവത്ക്കരണ പ്രചരണ പരിപാടികളും നടത്തി.

### രോഗികൾക്ക് ജനറൽ വാർഡിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന 'സുകൃതം' പദ്ധതി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ആരംഭിച്ചു

വി. തോമാശ്ലീഹായുടെ ഭാരതപ്രേക്ഷിതത്വത്തിന്റെ 1950-ാമത് വാർഷിക ത്തിന്റെ ഭാഗമായി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ജനറൽ വാർഡുകളിൽ സൗജന്യ ചികിത്സ നൽകുന്ന സുകൃതം പദ്ധതി ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായ മെത്രാൻ മോൺ. തോമസ് പാടിയത്ത് ഉദ്ഘാ ടനം ചെയ്തു. ജനറൽ വാർഡിൽ ചികിത്സക്കെത്തുന്ന രോഗികൾ ബെഡ്റെന്റ്, നഴ്സിങ് കെയർ ഫീസ് എന്നിവ ഇനി മുതൽ നൽകേണ്ടതില്ല. ഡോക്ടേ ഴ്സ് വിസിറ്റിങ് ഫീസ് പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. വാർഡിൽ ചികിത്സ തേടുന്ന രോഗികൾക്ക് ആവശ്യമായ ഭക്ഷണം തീർത്തും സൗജന്യമായിരിക്കും. സ്കാനിങ്ങ്, എക്സറേ, ലാബ് ടെസ്റ്റുകൾക്ക് 25% വരെ ഡിസ്കൗണ്ടും മരു ന്നുകൾക്കും ഇംപ്ലാന്റുകൾക്കും ശസ്ത്രക്രിയ ഉപഭോഗവസ്തുക്കൾക്കും 10% വരെ ഡിസ്കൗണ്ടും ലഭിക്കുന്നതാണ്. സുകൃതം പദ്ധതി ഹോസ്പിറ്റലിന്റെ സാമൂഹിക-ക്ഷേമ ഉത്തരവാദിത്വത്തിന്റെ തെളിവെന്നും ഏഴ് പതിറ്റാണ്ടു പൂർ ത്തിയാക്കുന്ന ഈ ആതുരാലയം പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും സാമ്പത്തിക ക്ലേശമുള്ളവർക്കു നൽകുന്ന പിന്തുണയുടെ അടയാളമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഈ നമ്പറിൽ വിളിക്കുക: 9526998666.

## ചെത്തിപ്പുഴ ആശുപത്രിയിൽ ദേശീയ പോഷകാഹാര വാരാചരണം ഉദ്ഘാടനം ചെയ്തു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ക്ലിനിക്കൽ ന്യൂട്രീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ദേശീയ പോഷകാഹാര വാരാചരണം ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ജോഷി മുപ്പതിൽച്ചിറ ഉദ്ഘാടനം ചെയ്തു. വിപുലമായ പരിപാടികളാണ് ഓരോ ദിവസവും സംഘടിപ്പിക്കുന്നത്. ആരോഗ്യപ്രവർത്തകർക്കും വിദ്യാർത്ഥികൾക്കുമായി ക്വിസ് മത്സരങ്ങൾ, പൊതുജനങ്ങൾക്ക് ബോധവത്ക്കരണ സെമിനാറുകൾ, പോസ്റ്റർ രചനാ മത്സരങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചു. വിവിധ ദിനങ്ങളിൽ ഡോ. മുരളി അപ്പുക്കുട്ടൻ, ഡോ. ആന്റണി എ. തോമസ്, ഡോ. റെജിമോൻ ജോസ് കൂട്ടുമ്മേൽ, ഡോ. അഭിരാമി എം., ചീഫ് ക്ലിനിക്കൽ ഡയറ്റീഷ്യൻ ദർശന വിജയകുമാർ എന്നിവർ സെമിനാറുകളിൽ ക്ലാസ് നയിച്ചു.

## ഡോക്ടേഴ്സ് കോൺഫറൻസ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് എമർജൻസി മെഡിസിന്റെ നേതൃത്വത്തിൽ ഡോക്ടേഴ്സിനായുള്ള പ്രത്യേക പരിശീലനപരിപാടി സംഘടിപ്പിച്ചു. കേരളത്തിന്റെ അകത്തും പുറത്തുനിന്നുമായി പ്രമുഖ ഡോക്ടേഴ്സ് പങ്കെടുത്തു. അത്യാഹിതവിഭാഗം തലവൻ ഡോ. ഷിജു സ്റ്റാൻലി നേതൃത്വം നൽകി. അപകടങ്ങൾ സൃഷ്ടിക്കുന്ന ആഘാതങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തുന്നതിനും പരിശോധകരും ഇതര ആരോഗ്യപ്രവർത്തകരും പുലർത്തേണ്ട നിരീക്ഷണ വിലയിരുത്തലുകളെ സംബന്ധിച്ചും സമഗ്രമായ ചർച്ചകൾ പ്രസ്തുത പരിശീലന പരിപാടിയിലുണ്ടായിരുന്നു.

## സൗജന്യ പ്രകൃതിചികിത്സാ ക്യാമ്പ്

ഡിപ്പാർട്ടുമെന്റ് ഓഫ് നാച്ചുറോപതി ആന്റ് യോഗയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 1 വരെ സൗജന്യ പ്രകൃതിചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. മെഡിക്കൽ ക്യാമ്പ് മുൻസിപ്പൽ വൈസ് ചെയർമാൻ ബെന്നി ജോസഫ് ഉദ്ഘാടനം ചെയ്തു. ഡോ അഭിരാമി എം. നേതൃത്വം നൽകിയ ക്യാമ്പിൽ എല്ലാത്തരം രോഗങ്ങൾക്കും കൺസൾട്ടേഷൻ സൗജന്യമായിരുന്നു. അക്യുപങ്ചർ, മസാജ് തെറാപ്പി, ഹൈഡ്രോതെറാപ്പി, ഡയറ്റ് തെറാപ്പി, യോഗ പരിശീലനം, കൗൺസലിംഗ്, സുഖചികിത്സ, മഡ്ഡ് തെറാപ്പി എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമായിരുന്നു. 1200 രൂപയുടെ സ്പെഷ്യൽ പാക്കേജിൽ മസാജ് തെറാപ്പി, മഡ്ഡ് തെറാപ്പി, സ്റ്റീം, കിഴി എന്നിവയുൾപ്പെടുന്നു. ആദ്യം രജിസ്റ്റർ ചെയ്ത 30 പേർക്കാണ് ഓരോ ദിവസവും അവസരം ലഭിച്ചത്.

**ഫാ. ജോഷി മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോ. ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### പേഷ്യന്റ് സേഫ്റ്റി ഡേ

ബോധവൽക്കരണ കാംപെയ്ൻ ആശുപത്രിയിൽ നടത്തി. ACLS, BLS, ചോക്കിംഗ്, അപകടങ്ങൾക്കുള്ള പ്രഥമശുശ്രൂഷാ നടപടികൾ എന്നിവ ഉൾപ്പെടുന്ന സംയുക്ത ക്യാമ്പാണ് നടന്നത്. ക്യാമ്പിൽ രോഗികളും അവരുടെ ബന്ധുക്കളും ഡോക്ടേഴ്സ്, നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിവർ ചേർന്ന് വൻവിജയമാക്കി.

### ഡയാലിസിസ് യൂണിറ്റ്

ആശുപത്രിയിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. സഹൃദയ ഹോസ്പിറ്റൽ കുടുംബത്തിലെ രോഗികൾക്കായി പ്രത്യേക പ്രാർത്ഥനകൾ നടത്തപ്പെട്ടു. ഡോ. വിനോദ് ചന്ദ്രന്റെ സാന്നിധ്യത്തിൽ ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ആഘോഷച്ചടങ്ങ് ഉദ്ഘാടനം ചെയ്തു. രോഗികളും അവരുടെ ബന്ധുക്കളും ആശയങ്ങളും അനുഭവങ്ങളും സംശയങ്ങളും പങ്കുവച്ചു. വാർഷികത്തിന്റെ ഭാഗമായി ഡയാലിസിസ് രോഗികൾക്ക് ഡ്യൂറോഫ്ളെക്സ് കുടുംബം സ്പോൺസർ ചെയ്ത 2000 രൂപയുടെ ഡയാലിസിസ് കിറ്റും ആശുപത്രിയിലെ രോഗികൾക്ക് സൗജന്യ ഡയാലിസിസ് കൂപ്പണുകളും നൽകി.

### ഓണാഘോഷം

ഹോസ്പിറ്റലിൽ ഓണാഘോഷം 04.09.2022 @ 9.30 മുതൽ 2 മണിവരെ ആഘോഷിച്ചു. ഫാ. തോമസ് മാളിയേക്കൽ ഓണസന്ദേശം നൽകി. തിരുവാതിര, പൂക്കളമത്സരം, ഓണപ്പാട്ട് മത്സരം, മ്യൂസിക്കൽചെയർ മത്സരം, ബലൂൺ പൊട്ടിക്കൽ മത്സരം, നാരങ്ങാസ്പൂൺ, മലയാളിമങ്ക മത്സരം, പുരുഷകേസരി മത്സരം, വടംവലിമത്സരം എന്നീ ഇനങ്ങളിൽ പങ്കെടുത്തവരിൽ എല്ലാ വിജയികൾക്കും റവ. ഫാ. തോമസ് മാളിയേക്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു. പരിപാടിക്കുശേഷം ഓണസദ്യയും ക്രമീകരിച്ചു. ഓണാഘോഷത്തിന്റെ കോ-ഓർഡിനേറ്റർ റവ. ഫാ. ആന്റോ ആന്റണി ആയിരുന്നു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ. പരി. ദൈവ മാതാവിന്റെ ജനനത്തിരുനാളിന്റെ പ്രാർത്ഥനകളും ഓണാശംസകളും വാട്സ് ആപ്പിലൂടെ എല്ലാ പ്രവാസികളെയും അറിയിക്കുകയുണ്ടായി. ഒമാൻ ചാപ്റ്ററിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും ഓണാഘോഷപരിപാടികളും 17-ാം തീയതി (ശനിയാഴ്ച) നടത്തുകയുണ്ടായി. 22-ാം തീയതി വ്യാഴാഴ്ച വൈകിട്ട് ഖത്തർ, ബഹ്റൈൻ ചാപ്റ്ററിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും ഓണാഘോഷപരിപാടികളും വിപുലമായ രീതിയിൽ നടത്തുകയുണ്ടായി. യു.എ.ഇ. ചാപ്റ്ററിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും നടത്തി. പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളായി അനീഷ് പുല്ലൂർ, തോമസുകുട്ടി ചാക്കോ, ജബാൻസി ലിജോ, ജോബ് ജോസഫ്, മാത്യു സെബാസ്റ്റ്യൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 24-ാം തീയതി ശനിയാഴ്ച അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓവേലിൽ ജയിംസ് ജേക്കബിന്റെ ഭവനത്തിൽ നടത്തുകയുണ്ടായി. ഡയറക്ടറച്ചന്മാരോടൊപ്പം എല്ലാ അംഗങ്ങളും പങ്കെടുത്തു.

**അനുശോചനം**

ഖത്തറിൽ സ്കൂൾ ബസിനുള്ളിൽ അകപ്പെട്ട് മരണമടഞ്ഞ ചിങ്ങവനം പന്നിമറ്റം കൊച്ചുപറമ്പിൽ മിൻസാ മറിയം ജേക്കബ് (4)ന്റെ ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ച് അനുശോചനമറിയിച്ചു.

**ആവേ മരിയ**

**വിശുദ്ധനാട് തീർത്ഥാടനം:** നവംബർ 5, 12 തീയതികളിൽ നടത്തുന്ന തീർത്ഥാടനം ബുക്കിംഗ് പൂർത്തിയായിരിക്കുന്നതിനാൽ അടുത്ത തീർത്ഥാടനം ഡിസംബറിലേക്ക് ക്രമീകരിച്ചിരിക്കുന്നു.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ.**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

പ്രിയപ്പെട്ടവരേ,

ഒക്ടോബർ 9ന് ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനാകുന്ന മോൺ. തോമസ് പാടിയത്ത് പിതാവിന് കെ.എൽ.എം. കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ!

യൂണിറ്റ് വിസിറ്റുകൾ ഈ മാസംകൊണ്ട് പൂർത്തീകരിക്കപ്പെടുകയാണ്. എല്ലാ യൂണിറ്റ് അംഗങ്ങളെയും കൂടുതൽ അടുത്തറിയുന്നതിനും നിർദ്ദേശങ്ങൾ കേൾക്കുന്നതിനും ഈ വിസിറ്റിലൂടെ എനിക്ക് സാധിച്ചു. അതിരൂപതാനിയമാവലി പ്രകാരമുള്ള റിപ്പോർട്ട്, മിനിറ്റ്സ്, അക്കൗണ്ട്ബുക്ക്, പാസ്ബുക്കുകൾ ഇവ പരിശോധിച്ചു വേണ്ടനിർദ്ദേശങ്ങൾ നൽകാൻ കഴിഞ്ഞു. നിങ്ങൾ നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുമ്പോട്ടുള്ള കെ.എൽ.എമ്മിന്റെ പ്രവർത്തനങ്ങളെ നയിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. കെ.എൽ.എം. അതിരൂപത ഓഫീസ് നവീകരണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും പിന്തുണയും പ്രാർത്ഥനയും സ്നേഹപൂർവം നേരുന്നു.

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

**യൂണിറ്റ് വിസിറ്റുകൾ**

നെടുമണ്ണി, കൂരോപ്പട, ചേപ്പുംപാറ, കോട്ടയ്ക്കപ്പുറം, കട്ടച്ചിറ, കരിക്കാട്ടൂർ, കരിമ്പനകുളം, വള്ളംചിറ, ചുങ്കപ്പാറ എന്നീ യൂണിറ്റുകളിൽ അതിരൂപത ഡയറക്ടർ സന്ദർശനം നടത്തി.

**വിഴിഞ്ഞം മത്സ്യത്തൊഴിലാളി സമരത്തിന് കെ.എൽ.എം. ഐക്യദാർഢ്യം**

വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യവുമായി 50 കെഎൽഎം പ്രവർത്തകർ ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽനിന്നും സെപ്റ്റംബർ രണ്ടിന് പുറപ്പെടുകയുണ്ടായി. ഇവർക്കായി സാമ്പത്തിക സഹായവും നൽകി. അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, റവ. ഫാ. മോർളി കൈതപ്പറമ്പിൽ, റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ, ജോളി നാല്പതാംകളം, പ്രജോഷ് ചാക്കോ, അജി ജോസഫ്, സണ്ണി അഞ്ചിൽ എന്നിവർ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സംസാരിച്ചു.

**കെ.എൽ.എം. മെറിറ്റ് അവാർഡ്**

ഈ വർഷം 10, 12 ക്ലാസുകളിൽ Full A+ വാങ്ങിയ കെ.എൽ.എം. അംഗങ്ങളുടെ മക്കളെ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് മെമന്റോ നൽകി ആദരിച്ചു. ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം അധ്യക്ഷതവഹിച്ചു. അതിരൂപതാസമിതി അംഗങ്ങളായ സാജൻ പതാരംചിറ, ജോളി നാല്പതാംകളം, പ്രജോഷ് ചാക്കോ, സാബു കോയിപ്പള്ളി എന്നിവർ നേതൃത്വം നൽകി

***ശേഷം പേജ് 68 ൽ.....»***

പ്രിയ സ്നേഹിതരേ,

**വിഴിഞ്ഞം, ബഫർസോൺ വിഷയങ്ങളിലെ ഇരകൾക്ക് ഐക്യദാർഢ്യം**

വിഴിഞ്ഞം, ബഫർസോൺ വിഷയങ്ങളിൽ ഇരകളാകുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാകോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 31 വൈകുന്നേരം നാലിന് കോട്ടയം ടൗണിൽ പ്രകടനവും പ്രതിഷേധസമ്മേളനവും സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരക്കൽ ഉദ്ഘാടനം ചെയ്തു.

കത്തോലിക്കാകോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ സമിതി ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, അതിരൂപതാ ഭാരവാഹികളായ ഷെയിൻ ജോസഫ്, ലിസി ജോസ്, ജോർജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, ജോസ് ജയിംസ്, സെബാസ്റ്റ്യൻ പുല്ലാട്ട്കാല, സോളമൻ പാലത്തിങ്കൽ, റോണി വലിയപറമ്പിൽ, യൂത്ത്വിങ് നേതാക്കളായ ബിനു ഡൊമിനിക്, ജിനോ ജോസഫ്, ഫൊറോനാ പ്രസിഡണ്ടുമാരായ ജോബി സേവ്യർ, പീറ്റർ നാഗപറമ്പിൽ, ടി.എം. ജോസഫ് എന്നിവർ പ്രസംഗിച്ചു.

**മദർ തെരേസയോടൊപ്പം Youth Walk**

മദർതെരേസയുടെ ജനനവും മരണവും ഉൾപ്പെടെയുള്ള 10 ദിവസങ്ങളെ ഉൾപ്പെടുത്തി ആഗസ്റ്റ് 26 മുതൽ സെപ്റ്റംബർ 4 വരെ കത്തോലിക്കാകോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ യൂത്ത് കൗൺസിൽ 'മദർ തെരേസയോടൊപ്പം യൂത്ത് വോക്ക്' എന്നപേരിൽ കാരുണ്യകേന്ദ്രങ്ങളിലേക്കു സന്ദർശനം ആദരവും സംഘടിപ്പിച്ചു. യൂത്ത് വോക്കിന്റെ അതിരൂപതാതല ഉദ്ഘാടനം ആർപ്പൂക്കര നവജീവൻ ട്രസ്റ്റിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി നിർമ്മല ജിമ്മി ഉദ്ഘാടനം ചെയ്തു. സന്ദർശന ഉദ്ഘാടനം പാമ്പാടി സെന്റ് ജോൺസ് കാരുണ്യകേന്ദ്രത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാൻ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ പുന്നപ്രയിൽ നടന്ന ആദ്യദിവസ സമാപന സമ്മേളനം അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. രണ്ടാംദിവസത്തെ സമാപനസമ്മേളനം ചങ്ങനാശേരിയിൽ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. നിർവഹിച്ചു. രണ്ട് ദിവസങ്ങളായി ചങ്ങനാശേരി അതിരൂപതയ്ക്കു കീഴിലുള്ള 21 കാരുണ്യകേന്ദ്രങ്ങളിലേക്കുള്ള സന്ദർശനവും അവിടുത്തെ അന്തേവാസികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തതിനൊപ്പം സ്ഥാപനം നടത്തിപ്പുകാരെ അനുമോദിക്കുകയും ചെയ്തു. കത്തോലിക്കാകോൺഗ്രസ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, പ്രസിഡണ്ട് പി.പി. ജോസഫ്, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, യൂത്ത് കൗൺസിൽ ഗ്ലോബൽ കോർഡിനേറ്റേഴ്സായ ബിനു ഡൊമിനിക്, ജോമോൻ വെള്ളാപ്പള്ളി,

യൂത്ത് കൗൺസിൽ ഭാരവാഹികളായ ജിനോ ജോസഫ്, സെബാസ്റ്റ്യൻ വർഗീസ്, മനു ജെ. വരാപ്പള്ളി, പ്രിൻസ് കുഴിച്ചാലിൽ, കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ സമിതി ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, ഷിജി ജോൺസൺ, അതിരൂപത ഭാരവാഹികളായ ഷെയിൻ ജോസഫ്, ജോർജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, ടോമിച്ചൻ മേത്തശ്ശേരി, ഫൊറോനാ പ്രസിഡന്റു മാരായ ജോസഫ് ദേവസ്യ, ജെ.സി. തറയിൽ, കുഞ്ഞ് കളപ്പുര, സൈബി അക്കര, ടോമി കടവിൽ എന്നിവർ നേതൃത്വം നൽകി.

**യോഗങ്ങൾ**

ഈ കാലയളവിൽ 2 അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗങ്ങളും ദർശൻ 2022 ഭാഗമായി 5 ഫൊറോന നേതൃസംഗമം, 2 ഫൊറോന കൗൺസിൽ, 10 യൂണിറ്റ് മീറ്റിങ്ങുകൾ എന്നിവ സംഘടിപ്പിച്ചു.

സ്നേഹത്തോടെ,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജന. സെക്രട്ടറി) |

» *KLM തുടർച്ച...*

**ക്ഷേമനിധി അംഗത്വമേള**

KLM കുറുമ്പനാടം ഫൊറോനയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 25 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മാടപ്പള്ളി ലിറ്റിൽ ഫ്ളവർ പാരീഷ്ഹാളിൽ ക്ഷേമനിധി അംഗത്വമേള സംഘടിപ്പിച്ചു. നിരവധിപേർ വിവിധ ക്ഷേമനിധികളിൽ അംഗത്വം എടുത്തു.

**വാർഷികങ്ങളും ഓണാഘോഷവും**

ചാഞ്ഞോടി യൂണിറ്റ്, കുറുമ്പനാടം അസംപ്ഷൻ സംഘം, തൃക്കൊടിത്താനം സെന്റ് ഫ്രാൻസിസ് സംഘം എന്നിവർ മനോഹരമായി വാർഷികം സംഘടിപ്പിച്ചു.

ഇരവുചിറ സെന്റ് മേരീസ് സംഘത്തിന്റെ നേതൃത്വത്തിൽ മനോഹരമായി ഓണാഘോഷം നടത്തി.

**ആദരാഞ്ജലികൾ**

കൂത്രപ്പള്ളി മരിയൻ സംഘാംഗം ജോർജ് തോമസിന്റെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

പ്രിയപ്പെട്ടവരേ,

ഒക്ടോബർ 9ന് ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനാകുന്ന മോൺ. തോമസ് പാടിയത്ത് പിതാവിന് ആത്മതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ!

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ചൈതന്യം സംരക്ഷിക്കുകയെന്ന മഹനീയദൗത്യത്തിൽ പങ്കുകാരാകുന്നവരാണല്ലോ നാമെല്ലാം. അനുദിനമുള്ള വാർത്താമാധ്യമങ്ങളിലൂടെ ഈ കേരളത്തിൽ ഗണ്യമായി വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗത്തെപറ്റി നാമെല്ലാം ഭയചകിതരാണല്ലോ. ഈ മേഖലയിൽ ഗവൺമെന്റിന്റെ നിഷ്ക്രിയത്വത്തെ നാം ശക്തമായി പ്രതിഷേധിക്കേണ്ടതുണ്ട്. ലഹരിയുടെ യഥാർത്ഥകേന്ദ്രങ്ങളിലേക്ക് കടന്നുചെല്ലാതെ മേൽത്തട്ടിലുള്ള പോലീസിന്റെ പ്രകടനം ഭരണവീഴ്ചയായി കണക്കാക്കുന്നു. സംസ്ഥാനത്ത് നിയമം നടപ്പിലാക്കേണ്ടവർ ന്യായീകരണ തൊഴിലാളികളായി അധഃപതിച്ചിരിക്കുന്നു.

ഒരു നല്ല നാളെ കെട്ടിപ്പടുക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ പ്രതീക്ഷയോടെ തുടരട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി ലഹരിവസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവഹിച്ചു വരുന്നു. ഈ ചികിത്സാ പദ്ധതിയിൽ കൗൺസിലിംഗ് സൗകര്യവും വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ പരിശോധനാസൗകര്യവും ലഭ്യമാണ്. ചൊവ്വാഴ്ച തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും ബുധനാഴ്ച ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രത്തിലും വ്യാഴാഴ്ച അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. മിതമായ നിരക്കിൽ നടത്തുന്ന ഈ ലഹരി ചികിത്സ പദ്ധതിയുടെ പ്രയോജനമെടുക്കുവാൻ ഏവർക്കുമുള്ള അവസരമാണിത്.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി നടത്തി വരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കുള്ള ധനസഹായവിതരണം ബഹു. ജോൺ വടക്കേക്കളം അച്ചൻ നിർവഹിച്ചു.

*ശേഷം പേജ് 71 ൽ.....»*

### ജസ്റ്റിസ് സൺഡേ സംസ്ഥാനതല സമാപനം

സംസ്ഥാനതല ജസ്റ്റിസ് സൺഡേ ദിനാചരണ സമാപന സമ്മേളനം കോട്ടയം ലൂർദ് ഫൊറോനാ ദേവാലയ ഓഡിറ്റോറിയത്തിൽ നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം നിയമസഭാ ചീഫ്‌വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഡി.സി.എം.എസ്. ചങ്ങനാശേരി അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, മുതിർന്ന അംഗം ശ്രീ. സി.സി. കുഞ്ഞുകൊച്ച് തുടങ്ങിയവർ ആശംസയറിയിച്ചു സംസാരിച്ചു. വിവിധ യൂണിറ്റ് ഭാരവാഹികൾ അതിരൂപതയെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

### ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

ഡി.സി.എം.എസ്. സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടനയുടെ പ്രഥമ സംസ്ഥാന ഡയറക്ടറായിരുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം അദ്ദേഹത്തിന്റെ ചരമദിനമായ സെപ്റ്റംബർ 9നു ആർപ്പൂക്കര ചെറുപുഷ്പ ദേവാലയത്തിൽ സംഘടിപ്പിച്ചു. അന്നേദിനം രാവിലെ വി. കുർബാനയും അച്ചന്റെ കബറിടത്തിൽ ഒപ്പീസും അർപ്പിച്ചു.

അനുസ്മരണയോഗത്തിൽ ഡി.സി.എം.എസ്. സംസ്ഥാനപ്രസിഡന്റ് ജയിംസ് ഇലവുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ചെറുപുഷ്പം ഇടവക വികാരി ഫാ. ആന്റണി കാട്ടൂപ്പാറ ഉദ്ഘാടനം ചെയ്ത അനുസ്മരണസമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അനുസ്മരണപ്രസംഗം നടത്തി. ചങ്ങനാശേരി അതിരൂപതാ ഡി.സി.എം.എസ്. സമിതിയെ പ്രതിനിധീകരിച്ച് അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, മുതിർന്ന അംഗം ശ്രീ. സി.സി. കുഞ്ഞുകൊച്ച് എന്നിവർ സമ്മേളനത്തിന് ആശംസയറിയിച്ചു സംസാരിച്ചു.

അതിരൂപതാ ഓർഗനൈസർ മാത്യു ജോസഫ്, ഡി.സി.എം.എസ്. അതിരമ്പുഴ ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ്, കുടമാളൂർ ഫൊറോനാ പ്രസിഡന്റ് ജോയി മാത്യു തുടങ്ങി വിവിധ യൂണിറ്റുകളിൽ നിന്നായി നിരവധി അംഗങ്ങൾ അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തു.

### കെ.സി.ബി.സി. സ്കോളർഷിപ്പ്

കേരള കാത്തലിക്ക് ബിഷപ്സ് കൗൺസിൽ (KCBC) SC/ST/BC കമ്മീഷൻ 2021–22 അദ്ധ്യയന വർഷം SSLC, +2, ഡിഗ്രി, പി.ജി., മറ്റ് കോഴ്സുകളിൽ ഉന്നത വിജയം നേടിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കു നല്കുന്ന സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. നിശ്ചിതശതമാനം മാർക്ക് വാങ്ങി വിജയിച്ച വിദ്യാർത്ഥികൾ അതിരൂപതാ ഡി.സി.എം.എസ്. സമിതിവഴി അപേക്ഷിക്കണം.

### ദളിത് കാത്തലിക്ക് യൂത്ത് ലീഗ് (DCYL) മെമ്പർഷിപ്പ് ക്യാമ്പയിൻ 2022

ചങ്ങനാശേരി അതിരൂപതാ ഡി.സി.എം.എസ്. ന്റെ യുവജനവിഭാഗമായ ദളിത് കാത്തലിക് യൂത്ത് ലീഗ് 2022-23 പ്രവർത്തനവർഷ അംഗത്വ ക്യാമ്പയിൻ ഒക്ടോബർമാസം മുതൽ ആരംഭിക്കുന്നു. അംഗത്വം ആഗ്രഹിക്കുന്ന ചങ്ങനാശേരി അതിരൂപതയിലെ 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമുള്ള ദളിത് കത്തോലിക്കാ യുവതീ യുവാക്കൾ അംഗത്വഫോമിനും വിശദവിവരങ്ങൾക്കുമായി ഡി.സി.വൈ.എൽ. അതിരൂപതാ ഭാരവാഹികളുമായി ബന്ധപ്പെടുക.

ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായ മെത്രാൻ മോൺ. തോമസ് പാടിയത്ത് പിതാവിന് അതിരൂപതാ ഡി.സി.എം.എസ്. കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർഥനാശംസകളും സ്നേഹപൂർവം നേരുന്നു.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

---

» *ആത്മതാകേന്ദ്രം തുടർച്ച...*

### ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ എല്ലാമാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടന്നുവരുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ ശാസ്ത്രവേദി ചെയർമാൻ ഡോ. എൻ. പരമേശ്വരക്കുറുപ്പ് ലഹരിക്കടിമപ്പെട്ടവർക്ക് ഹോമിയോ മരുന്ന് നല്കുന്നുണ്ട്. ഈ മാസത്തെ **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം 2022 ഒക്ടോബർ 16 മുതൽ 21 വരെ.** മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
ഫോൺ നമ്പർ: 0469 2693413, 2690414, 9495193406

### ബോധവൽക്കരണ ക്ലാസുകൾ

അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഹയർസെക്കന്ററി സ്കൂൾ കുട്ടികൾക്ക് ബോധവൽക്കരണക്ലാസ് ടി.എം. മാത്യു നയിച്ചു. ലഹരിക്കെതിരായ 'യോദ്ധാവ്' എന്ന പരിശീലനപരിപാടിയുടെ കോട്ടയം ജില്ലയിലെ നേതാക്കളായ അദ്ധ്യാപകർക്ക് അർദ്ധദിന പരിശീലനം ശ്രീ. ടി.എം. മാത്യു നയിച്ചു.

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ 805 മതും കൂരിയായുടെ 1044 മതും പ്രാർത്ഥനസമ്മേളനവും ആഗോളകത്തോലിക്കാ സഭയിൽ ലീജിയൻ സ്ഥാപിതമായതിന്റെ ശതാബ്ദിയും സെപ്റ്റംബർ സമ്മേളനവും സംയുക്തമായി 11.09.2022 ൽ ഉച്ചകഴിഞ്ഞ് 2 ന് പാറേൽപള്ളി ഓഡിറ്റോറിയത്തിൽ വളരെ ആഘോഷമായി നടത്തപ്പെട്ടു. ഏകദേശം 350-400 പേർ പങ്കെടുത്തു.

ക്രമപ്രകാരമുള്ള ലീജിയന്റെ പ്രാർത്ഥനകൾക്കും ജപമാലയ്ക്കുംശേഷം ആഘോഷങ്ങൾക്ക് തുടക്കമായി. ഞങ്ങളുടെ ക്ഷണം സ്വീകരിച്ചെത്തിയ ഷംഷാബാദ് രൂപത നിയുക്ത സഹായമെത്രാൻ മോൺ. തോമസ് പാടിയത്തിനെ ബഹു. ഡയറക്ടർ അച്ചനും ഭാരവാഹികളും ചേർന്നു സ്വീകരിച്ചു.

റോസാ മിസ്റ്റിക്ക ചീരഞ്ചിറ പ്രസീദിയം പ്രാർത്ഥനാഗാനം ആലപിച്ചു. പ്രസിഡന്റ് ബ്രദർ വി.ജെ. വർഗീസ് തട്ടാരടി ലീജിയന്റെ ചരിത്രം ആമുഖ സംഭാഷണത്തിൽ ഉൾപ്പെടുത്തി സംസാരിക്കുകയും വിശിഷ്ടാതിഥികൾ ഓരോരുത്തരെയും മരിയൻ സൈനികരെയും മാതാവിന്റെ നാമത്തിൽ സ്വാഗതമേകി സ്വീകരിക്കുകയും ചെയ്തു. കമ്മീസിയം സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി കമ്മീസിയം ലഘുചരിത്രവും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു.

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ ആത്മീയനിയന്താവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പരി. മാതാവ് പന്തക്കുസ്താ നാളുകളിൽ കൂട്ടായ്മയിൽ പ്രാർത്ഥിച്ചതുപോലെ മരിയൻ സൈന്യം ലീജിയൻ കൂട്ടായ്മയിൽ സഭ, സമർപ്പിതർ, അത്മായർ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ആഹ്വാനം ചെയ്തു. തുടർന്ന് രക്ഷകന്റെ മാതാവ് തൃക്കൊടിത്താനം പ്രസീദിയം സഹോദരി ആനിയമ്മ വർഗീസ് സുറിയാനി മരിയഭക്തിഗാനം ആലപിച്ചതെല്ലാവർക്കും ഇഷ്ടപ്പെട്ടു.

പിന്നീട് മോൺ. തോമസ് പാടിയത്ത് അനുഗ്രഹപ്രഭാഷണം നടത്തുകയും ആഘോഷങ്ങളുടെ ഉദ്ഘാടനം നടത്തുകയും ചെയ്തു. തന്റെ അനുഗ്രഹപ്രഭാഷണത്തിൽ മതവും ആത്മീയതയും തമ്മിലുള്ള ഐക്യത്തെക്കുറിച്ചും മതത്തിന്റേതായ ചട്ടങ്ങൾ കൃത്യമായി പാലിച്ചുവരുന്ന ഒരാൾ ആത്മീയനായിരിക്കും എന്നു പറയുവാൻ പറ്റുകയില്ലെന്നും ആത്മീയർ ദൈവഹിതം മനസ്സിലാക്കി അതനുസരിച്ച് വചനപ്രകാരം ജീവിക്കുന്നവരാണെന്നും മരിയൻ സൈന്യം ആത്മീയതയ്ക്ക് സാക്ഷ്യംവഹിക്കേണ്ടവരായിരിക്കണമെന്നും ആത്മീയമായ ഊന്നലുകൾ നഷ്ടപ്പെടുത്താതെ സഭയ്ക്കുവേണ്ടിയും സന്ന്യസ്തർക്കുവേണ്ടിയും നല്ല ദൈവവിളികൾ ഉണ്ടാകുവാൻവേണ്ടിയും വൈദികാർത്ഥികൾക്കുവേണ്ടിയും ഷംഷാബാദ് രൂപതയ്ക്കുവേണ്ടിയും എല്ലാ മിഷനുകൾക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചു. 'ഞാൻ പൂർണ്ണമായും നിന്റേതാകുന്നു' എന്നുപറഞ്ഞ് വി. ജോൺ പോൾ രണ്ടാമൻ പാപ്പ മാതാവിന് തന്നെത്തന്നെ സമർപ്പിച്ചതു

പോലെ മരിയൻ സൈന്യം പൂർണ്ണമായും പരി. അമ്മയുടേതായിരിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ജൂബിലിയാശംസകൾ നേർന്ന് നിയുക്ത സഹായമെത്രാൻ അനുഗ്രഹാശീർവാദം നല്കി.

പാറേൽ സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. ജേക്കബ് വാരിക്കാട്ട് ആശംസകൾ നേർന്ന് സംസാരിച്ചപ്പോൾ കുടുംബത്തിലും ഇടവകകളിലും മരിയൻസൈന്യം കൃപനിറഞ്ഞ മറിയത്തെപ്പോലെ കൃപയുടെ നിറവുള്ള ജീവിതത്തിലൂടെ മദ്ധ്യസ്ഥപ്രാർത്ഥനകൾ പ്രാവർത്തികമാക്കണമെന്നും പരി. മറിയത്തെപ്പോലെ ഈശോയോടുചേർന്ന് ഒരു വലിയ തണൽവൃക്ഷമായി ആത്മീയതയുടെ തണൽ എല്ലാവർക്കും നൽകുവാൻ തക്കവണ്ണം ലീജിയൻ ഓഫ് മേരി അംഗങ്ങൾ അഭിഷേകത്താൽ നിറഞ്ഞ് സ്വർഗീയപിതാവിനെ പ്രീതിപ്പെടുത്തി വളരട്ടെയെന്നും എടുത്തുപറഞ്ഞു.

രക്ഷകന്റെ മാതാവ് തൃക്കൊടിത്താനം പ്രസിദീയം സഹോദരി സുമയും മറ്റുസഹോദരിമാരും ചേർന്ന് സ്വരമധുരമായ ഒരു ഭക്തിഗാനം ആലപിച്ചത് എല്ലാവരെയും സന്തോഷിപ്പിച്ചു. കുന്നന്താനം പ്രസിദീയം ബ്രദർ സേവ്യർ കന്യാകോണിൽ തന്റെ ആശംസാപ്രസംഗത്തിൽ പരി. ദൈവമാതാവിന്റെ ഏഴു വ്യാകുലങ്ങളെക്കുറിച്ചു വളരെ ആഴത്തിൽ സംസാരിക്കുകയും ഇത്രയും വ്യാകുലങ്ങൾ സഹിച്ച കുടുംബിനിയായ പരി. അമ്മ കുടുംബിനികളായ എല്ലാ സ്ത്രീജനങ്ങൾക്കും ഈശോയിലേയ്ക്കുള്ള ഒരു ചൂണ്ടുപലക ആയിരിക്കട്ടെയെന്നു സൂചിപ്പിച്ചു.

സഹോദരി എത്സമ്മ കോട്ടപ്പുറം എല്ലാം വളരെ ഭംഗിയായി സ്റ്റേജിൽ അവതരിപ്പിച്ചു. സഹോദരി സുമ എല്ലാവരുടെയും പേരുചൊല്ലി നന്ദിപറഞ്ഞു. ബ്രദർ വി.ജെ. വർഗീസിന്റെ നേതൃത്വത്തിൽ ലീജിയൻ അവസാനജപവും ചൊല്ലിയ ശേഷം സ്നേഹവിരുന്നോടുകൂടി ആഘോഷങ്ങൾ സമാപിച്ചു.

അതിനുശേഷം പതിവുപോലെയുള്ള 2nd Sunday കമ്മീസിയം മീറ്റിംഗ് ആരംഭിച്ചു. ബഹു. ഡയറക്ടർ അച്ചന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ സെക്രട്ടറി പ്രതിമാസ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും ഖജാൻജി കണക്കുകൾ അറിയിക്കുകയും ചെയ്തു. കണക്കുകളും റിപ്പോർട്ടും യോഗം പാസ്സാക്കി അംഗീകരിക്കുകയും ചെയ്തു.

ലീജിയന്റെ ഈ സംയുക്താഘോഷങ്ങൾ എല്ലാം പരി. അമ്മയുടെ സഹായത്താൽ വളരെ ഭംഗിയായി നടത്തപ്പെട്ടതിന് നന്ദിപറഞ്ഞ് പരസ്പരം സ്തുതി ചൊല്ലി അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്കു യാത്രയായി.

കമ്മീസിയത്തിനുവേണ്ടി,

**സി. ജെമിനി സുരേഷ് കണ്ണമ്പള്ളി**
(സെക്രട്ടറി)

**ഫാ. ജോസഫ് ഇളംതുരുത്തിയിൽ**
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടേയും പഠനത്തിനും ധ്യാനത്തിനുമായി SFO സഭാംഗങ്ങൾക്കായി നല്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിതക്രമവും' തുടർച്ച! കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്ക് വി. ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം.

തന്റെ മനസ്സിനെ സ്വപിതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിച്ച ഈശോമിശിഹായുടെ രക്ഷാകരമായ അനുസരണവുമായി അവർ ഐക്യപ്പെട്ടു അവരുടെ ജീവിതാന്തസ്സിന് അനുയോജ്യമായ ചുമതലകൾ അനുസരണയോടെ നിർവഹിക്കണം. പ്രയാസങ്ങളും പീഡനങ്ങളും നേരിടുന്ന അവസരങ്ങളിൽപോലും അവർ മിശിഹായ്ക്ക് സാക്ഷ്യംവഹിച്ചുകൊണ്ട് ദരിദ്രനും ക്രൂശിതനുമായ ഈശോയെ അനുകരിക്കുകയുംവേണം. സൃഷ്ടവസ്തുക്കളെ സൂക്ഷ്മതയോടും സ്നേഹത്തോടുംകൂടി മിശിഹാ വിലമതിച്ചിരുന്നെങ്കിലും തന്റെ പിതാവിൽ വിശ്വസിച്ചുകൊണ്ട് തനിക്കും തന്റെ മാതാവിനും ദരിദ്രവും വിനീതവുമായ ഒരു ജീവിതം അവിടുന്നു തെരഞ്ഞെടുത്തു ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾ സ്വന്തം ഭൗതികാവശ്യങ്ങളെ ലളിതമായി പരിമിതപ്പെടുത്തിക്കൊണ്ട്, ലൗകിക വസ്തുക്കളോട് ഒട്ടിനിൽക്കുന്ന വാസനയിൽനിന്ന് അകലുന്നതിനുള്ള ചൈതന്യം അന്വേഷിക്കണം. ദൈവമക്കളുടെ നന്മയ്ക്കുവേണ്ടി അവരെ ഏല്പിച്ചിരിക്കുന്ന വസ്തുവകകളുടെ കാര്യസ്ഥന്മാരാണ് അവർ എന്ന സുവിശേഷാദശം ഓർമിച്ചിരിക്കേണ്ടതാണ്. അങ്ങനെ സുവിശേഷഭാഗ്യങ്ങളുടെ ചൈതന്യത്തിലും സ്വർഗീയപിതാവിന്റെ ഭവനത്തിലേയ്ക്കുള്ള തീർത്ഥാടകരും അപരിചരും എന്ന നിലയിലും അവർ വസ്തുവകകൾ സമ്പാദിക്കുവാനും അധികാരം സ്വായത്തമാക്കുവാനുമുള്ള എല്ലാ ആഗ്രഹങ്ങളെയും ചായ്‌വുകളെയും അകറ്റി തങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ യത്നിക്കണം!

വരാനിരിക്കുന്ന നന്മയ്ക്കു സാക്ഷ്യമായി അവർ ആശ്ലേഷിച്ച ദൈവവിളി കാരണം അവർ തേടുവാൻ കടപ്പെട്ട ഹൃദയവിശുദ്ധി പുലർത്തി ദൈവത്തെയും സഹോദരീസഹോദരന്മാരെയും സ്നേഹിക്കുവാനുള്ള സ്വാതന്ത്ര്യം അവർ പ്രാപിക്കണം.

അനേകം സഹോദരീസഹോദരന്മാരുടെ ആദ്യജാതനായ സ്വപുത്രന്റെ ഛായ പിതാവായ ദൈവം ഓരോ മനുഷ്യനിലും കാണുന്നതുപോലെ ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ ഓരോ മനുഷ്യനെയും ദൈവദാനമായും മിശിഹായുടെ പ്രതിഛായയായും സൗമ്യതയോടും ഔദാര്യത്തോടുംകൂടി സ്വീകരിക്കണം.

എല്ലാവർക്കും നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാളിന്റെ മംഗളങ്ങളും സൗഭാഗ്യങ്ങളും നേരുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സമാധാനവും സൗഭാഗ്യവും.

*ശേഷം പേജ് 76 ൽ.....»*

***'ദരിദ്രനും ധനികനും ആക്കുന്നതു കർത്താവാണ് താഴ്ത്തുന്നതും ഉയർത്തുന്നതും അവിടുന്നുതന്നെ'*** (1 സാമുവൽ 2:7).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

വിശുദ്ധരായ മാതാപിതാക്കളിൽനിന്നു ജനിച്ച്, വിശുദ്ധരായ സഹോദരങ്ങളോടൊപ്പം ജീവിച്ച് വിശുദ്ധയായിത്തീർന്ന സഭയുടെ വേദപാരംഗതയായ ലിസ്യൂവിലെ ചെറുപുഷ്പത്തിന്റെ തിരുനാൾ ആഘോഷിച്ചുകൊണ്ടാണല്ലോ നാം ഒക്ടോബർമാസത്തിലേക്കു പ്രവേശിക്കുക. ലോകത്തിനു മുഴുവൻ മാതൃകയും അത്ഭുതവുമാണല്ലോ വിശുദ്ധരുടെ ഈ കുടുംബം. കേവലം 24 വർഷങ്ങൾ മാത്രമാണ് വി. കൊച്ചുത്രേസ്യാ ഈ ഭൂമിയിൽ ജീവിച്ചത്. സാമാന്യം സമ്പത്തുള്ള കുടുംബമായിരുന്നിട്ടും മക്കളെ ഭൗതികമായിട്ടുള്ള നേട്ടങ്ങൾക്കു പ്രേരിപ്പിക്കാതെ ആത്മീയതയിൽ വളർത്താനാണ് വി. ലൂയി മാർട്ടിനും ഭാര്യ വി. സെലിഗ്വരിനും ശ്രദ്ധിച്ചത്. തങ്ങളുടെ അഞ്ചുപെൺമക്കളുടെയും സന്യാസജീവിതത്തിനു പ്രേരകമായത് ഈ മാതാപിതാക്കളുടെ വിശ്വാസജീവിതമാണെന്നതിൽ സംശയമില്ല. 'ആധുനികലോകത്തെ ഏറ്റവും വലിയ വിശുദ്ധ' എന്നാണ് വി. പത്താംപീയൂസ് പാപ്പ വി. കൊച്ചുത്രേസ്യയെ വിശേഷിപ്പിച്ചത്. പ്രത്യേക സവിശേഷതകൾ ഒന്നുംതന്നെ ഈ വിശുദ്ധയുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. കൊച്ചുകൊച്ചുത്യാഗങ്ങളെ സ്വർഗത്തിനായി ആത്മാക്കളെ നേടാൻ അവൾ കാഴ്ചവച്ചു. നിത്യസമ്മാനവുമായി തട്ടിച്ചുനോക്കുമ്പോൾ ലോകത്തിന്റെ നേട്ടങ്ങളും വേദനകളും എല്ലാം നിസാരമെന്ന ബോധ്യം മക്കൾക്കു പകർന്നു നല്കാൻ ലൂയി മാർട്ടിനും സെലിഗ്വരിനും സാധിച്ചതിന്റെ ഫലമാണല്ലോ വിശുദ്ധരുടെ ഈ കുടുംബം. മാതാപിതാക്കളുടെ വിശുദ്ധിയും മാതൃകയും ഒരു തലമുറയുടെ വളർച്ചയിൽ വഹിക്കുന്ന പങ്ക് നമുക്കേവർക്കും അറിവുള്ളതാണല്ലോ. ഇപ്രകാരം മാതൃകാപരമായ കുടുംബജീവിതം നയിച്ചവരാണ് നമ്മുടെ സൊസൈറ്റിയുടെ സ്ഥാപകർ. അവരുടെ മാതൃക പിന്തുടർന്ന് വിശുദ്ധിയിൽ വളരാനും ഒപ്പമുള്ളവരെ വിശുദ്ധരായി വളരാൻ സഹായിക്കുന്നതുമാവണം നമ്മുടെ ബന്ധങ്ങൾ.

നമ്മുടെ സംഘടനാംഗങ്ങളിൽനിന്നും ആദ്യമായി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയർത്തപ്പെട്ട കൊണ്ടോർഡോ ഫെറീനിയുടെ തിരുനാൾ ദിനമാണ് ഒക്ടോബർ 27. മിലാനിലെ സൊസൈറ്റി അംഗമായിരുന്ന പ്രൊഫ. റെയ്നോൾഡോ ഫെറീനിയോടൊപ്പം ബാല്യം മുതൽ ഭവനസന്ദർശനങ്ങൾ നടത്താൻ അവസരം ലഭിച്ചത് പാവങ്ങളെ അറിയാനും അവരുമായുള്ള ബന്ധത്തിലൂടെ ആത്മീയവളർച്ച പ്രാപിക്കാനും അദ്ദേഹത്തെ സഹായിച്ചു. വിവിധ വിഷയങ്ങളിലും ഭാഷകളിലുമുള്ള പാണ്ഡിത്യത്തോടൊപ്പം വിശുദ്ധ ഗ്രന്ഥത്തെപ്പറ്റിയുള്ള അഗാധമായ ജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. അനശ്വരതയിലേക്കു നീങ്ങുന്ന നശ്വരനായ മനുഷ്യന് അവന്റെ ലക്ഷ്യംനേടാനുള്ള മാർഗം വിനയവും വിശുദ്ധിയുമാണെന്ന് അദ്ദേഹം എഴുതി. 43-ാം വയ

സ്സിൽ ഇഹലോകവാസം വെടിഞ്ഞ അദ്ദേഹത്തെ 1947 ൽ 12-ാം പീയൂസ് പാപ്പ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

നമുക്കേവർക്കും സന്തോഷവും അഭിമാനവും നല്കുന്ന ഒരു ദിവസമാവുകയാണ് ഡിസംബർ 10. ബ്രസീലിൽ നിന്നുമുള്ള വിൻസെൻഷ്യൻ പ്രവർത്തകയായ ഇസബെൽ ക്രിസ്റ്റീന അന്നേദിവസം വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുകയാണ്. ഈ പ്രഖ്യാപനം നമുക്ക് ആഘോഷിക്കാം. ഒപ്പം ഇത് നമ്മുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജവും ആവേശവും പകരുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. സെപ്റ്റംബർമാസത്തെ തിരുനാളാഘോഷങ്ങൾ പല കോൺഫ്രൻസുകളും ഏരിയാ കൗൺസിലുകളും ഭക്തിയോടും തീക്ഷ്ണതയോടുംകൂടി ആചരിക്കുകയുണ്ടായി. ഇതോടനുബന്ധിച്ച് അനാഥാലയങ്ങളും ആതുരാലയങ്ങളും സന്ദർശിച്ച് സാമ്പത്തികസഹായവും ഭക്ഷണവും നല്കിയത് വരുംവർഷങ്ങളിൽ നമ്മുടെ തിരുനാൾ ആഘോഷങ്ങളുടെ ഭാഗമാക്കുന്നത് ഉചിതമായിരിക്കും. കേരളസഭാ നവീകരണപ്രക്രിയയുടെ ഭാഗമായി ഒക്ടോബർ 1 മുതൽ 31 വരെ കെ.സി.ബി.സി. നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന ജപമാലയജ്ഞത്തിനുള്ള ആഹ്വാനമുൾക്കൊണ്ട് ഓരോ കോൺഫ്രൻസും ഓരോ ദിവസവും ഒരു ജപമാലവീതമെങ്കിലും ചൊല്ലി ഈ നിയോഗത്തിനായി സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ സെൻട്രൽ കൗൺസിൽ അംഗവും മുട്ടാർ അമലോത്ഭവമാത കോൺഫ്രൻസ് പ്രസിഡന്റുമായിരുന്ന ശ്രീമതി സെലിനാമ്മ സാം കാഞ്ഞിരപ്പള്ളിയുടെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു. സഹോദരിയുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

---

*» ഫ്രാൻസിസ്കൻ അല്മായസഭ തുടർച്ച...*

## സ്വർഗപ്രവേശം

എടത്വാ സെന്റ് ജോർജ് ഭ്രാതൃത്വാംഗം സഹോദരി മുണ്ടകത്തിൽ മറിയാമ്മ ലൂക്കോസ്, നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വാംഗം സഹോദരൻ മലയിൽ കാലായിൽ കെ.എം. മാത്യു, വാഴപ്പള്ളി റീജൺ വെട്ടിമുകൾ സെന്റ് മേരീസ് ഭ്രാതൃത്വാംഗം സഹോദരൻ കോട്ടയേരിൽ കെ.എ. മാത്യു, കുന്നന്താനം സെന്റ് ജോസഫ് ഭ്രാതൃത്വാംഗം സഹോദരൻ പറപ്പള്ളിൽ ജോർജ് ജോസഫ്, കുറുമ്പനാടം സെന്റ് ആന്റണീസ് ഭ്രാതൃത്വാംഗം സഹോദരി കിഴക്കേവീട്ടിൽ മേരിക്കുട്ടി ചാക്കോ എന്നീ സഹോദരരുടെ സ്വർഗപ്രാപ്തിക്കായി പ്രാർത്ഥിക്കുക.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** (പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap. (സ്പിരിച്ചൽ അസിസ്റ്റന്റ്)

***"നിന്റെ മനസു പ്രബോധനത്തിലും കാതുകൾ വിജ്ഞാനം നിറഞ്ഞ വചനങ്ങളിലും ഉറപ്പിക്കുക"*** (സുഭാഷിതങ്ങൾ 23:12).

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സോണൽ സർവീസ് ടീം അംഗങ്ങൾ 22.8.2022, 2 pm ന് ആനിമേറ്റർ ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്റർ ഓഫീസിൽ ഒത്തുചേർന്നു. പ്രാർത്ഥനയ്ക്കും പരിചയപ്പെടുത്തലിനുംശേഷം ഓരോ സബ്സോണിന്റെ മേൽനോട്ടം ഓരോ സർവീസ് ടീം അംഗത്തിനും നൽകപ്പെട്ടു. അതോടൊപ്പം വിവിധ മിനിസ്ട്രികളുടെ കോൺടാക്ട് പേഴ്സണായി ഓരോരുത്തരെയും നിയോഗിച്ചു. പ്രവർത്തന ഫണ്ടിന്റെ അപര്യാപ്തത നികത്തുവാൻ ഓരോ അംഗവും ഒരു നിശ്ചിതതുക ഓരോ മാസവും നിക്ഷേപിക്കുവാൻ തീരുമാനമെടുത്തു. ലൈഫ് ഇൻ ദ് സ്പിരിറ്റ് സെമിനാറുകൾ സാധിക്കുന്നിടത്തോളം ദേവാലയങ്ങളിൽ ഓഫ്‌ലൈനായി സംഘടിപ്പിക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. മറ്റ് അസൗകര്യങ്ങൾ ഇല്ലായെങ്കിൽ എല്ലാമാസത്തിന്റെയും മൂന്നാം ശനിയാഴ്ചകളിൽ 2 pm മുതൽ 6 pm വരെ ടീം മീറ്റിംഗ് കൂടുന്നതിനും നിശ്ചയിച്ചു.

സർവീസ് ടീം ഫോർമേഷൻ സെപ്റ്റംബർ 12, 13 തീയതികളിൽ കേരളാ കത്തോലിക്കാ കരിസ്മാറ്റിക് ശുശ്രൂഷയുടെ ആസ്ഥാനമായ കളമശേരി എമ്മാവൂസിൽ നടത്തപ്പെട്ടു. കാസർഗോഡ് മുതൽ നെയ്യാറ്റിൻകര വരെ എല്ലാ സോണുകളോടുമൊപ്പം ചങ്ങനാശേരി സർവീസ് ടീം അംഗങ്ങളും രണ്ടുദിവസത്തെ മുഴുവൻ ശുശ്രൂഷകളിലും സംബന്ധിച്ചു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ അഭി. സാമുവൽ മാർ ഐറേനിയസ് പിതാവിന്റെ കൈവയ്പ്പു ശുശ്രൂഷയിലൂടെ എല്ലാവരും നവമായി അഭിഷേകം പ്രാപിച്ചു. ചെയർമാൻ ബഹു. ജോസഫ് താമരവേലി അച്ചന്റെയും സെൻട്രൽ ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ നടന്ന വിവിധ ആത്മീയശുശ്രൂഷകൾ വലിയ ആത്മീയഉണർവും പ്രവർത്തനചൈതന്യവും എല്ലാവർക്കും അനുഭവിക്കാനിടയാക്കി. അങ്ങനെ എല്ലാവരും ദൈവനിയോഗത്തിനായി സ്വയം സമർപ്പിച്ചു.

സ്നേഹപൂർവം,

**മോൺ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

**പൗരോഹിത്യ ആദ്ധ്യാത്മികത:**
**വചനവിചിന്തനങ്ങൾ** 181

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



# അരൂപിയിലുള്ള ജീവിതം

(തിരുവചനഭാഗം: റോമാ 8, 1–39)

മാമ്മോദീസായിൽ ആരംഭിക്കുന്ന ക്രൈസ്തവജീവിതം അരൂപിയിലുള്ള ജീവിതമാണെന്ന് ഈ വചനഭാഗം വ്യക്തമാക്കുന്നു. ഈ ഭാഗത്തെ അഞ്ചായി വിഭജിക്കാം.

1. അരൂപിയാൽ പ്രചോദിപ്പിക്കപ്പെടുന്ന ജീവിതം (8,1–11)
2. ദൈവപുത്രർക്കടുത്ത ജീവിതം (8,12–17)
3. സ്വർഗീയമഹത്ത്വം പ്രതീക്ഷിക്കുന്ന ജീവിതം (8,18–25)
4. ദൈവത്തിന്റെ രക്ഷാകരപദ്ധതി പ്രകാരമുള്ള ജീവിതം (8,26–30)
5. ഈ പദ്ധതിയുടെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹം (8,31–39)

## 1. അരൂപിയാൽ പ്രചോദിപ്പിക്കപ്പെടുന്ന ജീവിതം

*''ശരീരത്താൽ ബലഹീനമാക്കപ്പെട്ട നിയമത്തിന് അസാധ്യമായത് ദൈവം ചെയ്തു. അവിടുന്നു തന്റെ പുത്രനെ പാപപരിഹാരത്തിനുവേണ്ടി പാപകരമായ ശരീരത്തിന്റെ സാദൃശ്യത്തിൽ അയച്ചുകൊണ്ട് പാപത്തിനു ശരീരത്തിൽ ശിക്ഷ വിധിച്ചു. ഇത് ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ചു ജീവിക്കാതെ, ആത്മാവിന്റെ പ്രചോദനമനുസരിച്ചു ജീവിക്കുന്ന നമ്മിൽ നിയമത്തിന്റെ അനുശാസനം സഫലമാകുന്നതിനുവേണ്ടിയാണ്. എന്തെന്നാൽ, ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു. ആത്മീയമായി ജീവിക്കുന്നവരാകട്ടെ, ആത്മീയകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു''* (8,3–5).

മാമ്മോദീസാ സ്വീകരിച്ചവരുടെ പുതിയ ജീവിതവും പഴയ ജീവിതവും തമ്മിലുള്ള വ്യത്യാസമാണ് ഈ ഭാഗത്ത് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നത്. ഈശോയോട് ഐക്യപ്പെട്ടിരിക്കുന്നവർക്കു ശിക്ഷാവിധിയില്ല എന്ന പ്രസ്താവനയോടെയാണ് പൗലോസ്ശ്ലീഹാ ഈ ഭാഗം ആരംഭിക്കുന്നത്. മാമ്മോദീസാ സ്വീകരിച്ചതിനു ശേഷമുള്ള അവസ്ഥയാണ് ഇപ്രകാരം വിശേഷിപ്പിക്കപ്പെടുന്നത്. മാമ്മോദീസാ സ്വീകരിക്കുന്നതിനുമുമ്പുള്ള അവസ്ഥ ഇതായിരുന്നില്ല. ഈശോമിശിഹായുടെ സമ്പൂർണ്ണ അനുസരണം ആദത്തിന്റെ അനുസരണക്കേടിന്റെ ദുഷ്ഫലങ്ങൾ മാറ്റിക്കളഞ്ഞിരിക്കുന്നു. പാപികളുടെ ഭാഗധേയമായ മരണം മിശിഹാ ഏറ്റെടുക്കുകയും മാമ്മോദീസായിൽ വിശ്വാസി പാപത്തിനു മരിക്കുകയും ഉയിർക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടും ശിക്ഷാവിധിയുടെ ഭാരം അവർക്കില്ല. ഇപ്പോൾ അവർ കൃപയുടെ കീഴിലാണ്.

ശിക്ഷാവിധി ഇല്ലാതായത് എങ്ങനെയാണ്? ഈശോമിശിഹായിലുള്ള ജീവന്റെ ആത്മാവിന്റെ നിയമമാണ് വ്യക്തിയെ പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്നു സ്വതന്ത്രനാക്കിയിരിക്കുന്നത്. ജീവന്റെ ആത്മാവ് എന്നത് ഒരു പ്രാദേശികപ്രയോഗമാണ് (എസെ 37,5-6). ദൈവജനത്തിനു നവജീവൻ നൽകുകയും ദൈവത്തെക്കുറിച്ചുള്ള അറിവിൽ വളർത്തുകയും ചെയ്യുന്ന ദൈവാത്മാവുതന്നെയാണത്. ദൈവാത്മാവിനെ മിശിഹായുമായി പൗലോസ് താദാത്മ്യപ്പെടുത്തുന്നുണ്ട് (1 കൊറി 15,45; 2 കൊറി 3,17). ദൈവാത്മാവ് മിശിഹായുടെ ആത്മാവായിട്ടാണല്ലോ വി. യോഹന്നാന്റെ സുവിശേഷത്തിൽ അവതരിപ്പിക്കപ്പെടുന്നത് (യോഹ 20,22). മിശിഹായുടെ ജീവിതം ദൈവഹിതം അനുനിമിഷം നിറവേറ്റുന്ന ജീവിതമായിരുന്നു (യോഹ 4,34). മരണത്തോളം അനുസരണാജീവിതം നയിച്ചവൻ എന്നു പൗലോസ്ശ്ലീഹാ മിശിഹായെ വിശേഷിപ്പിക്കുന്നുണ്ട് (ഫിലി 2,8-9). അതുകൊണ്ട് മിശിഹായെപ്പോലെ അനുസരണാജീവിതം നയിക്കുന്നവരാണ് മിശിഹായുടെ അരൂപിയാൽ പ്രചോദിപ്പിക്കപ്പെടുന്ന ജീവിതം നയിക്കുന്നത്. ഇപ്രകാരം അരൂപിയിലുള്ള ജീവിതം നയിക്കുവാൻ അജപാലകർ സമൂഹത്തിനു നേതൃത്വം നൽകണം.

### 2. ദൈവപുത്രർക്കടുത്ത ജീവിതം

*''ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണു നാം ആബ്ബാ -പിതാവേ- എന്നു വിളിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവു നമ്മുടെ ആത്മാവിനോട് ചേർന്ന് സാക്ഷ്യം നൽകുന്നു''* (8,14-16).

ക്രൈസ്തവർക്കു ആത്മവിശ്വാസത്തിനും ശുഭപ്രതീക്ഷയ്ക്കും സാധ്യതയുണ്ട്. കാരണം, അവർക്കു ദൈവാത്മാവിന്റെ സാന്നിധ്യം ലഭിച്ചിരിക്കുന്നു. ആ ആത്മാവിനാൽ നയിക്കപ്പെടാൻ അവർ സ്വയം വിട്ടുകൊടുക്കണം എന്നുമാത്രം. അങ്ങനെ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ മക്കളാണ്. അതുകൊണ്ട് ഈ ആത്മീയസമരത്തെപ്പറ്റി അവർക്കു ഭയാശങ്കകൾ വേണ്ട. ആത്മാവായിരിക്കും അവരെ നയിക്കുന്നത്. ഒരേ ആത്മാവിനാൽ നയിക്കപ്പെടുന്നവരുടെ കൂട്ടായ്മയാണ് സഭ. ദൈവവുമായി പുത്രസഹജവും ഇതരക്രൈസ്തവരുമായി സഹോദരതുല്യവുമായ ബന്ധത്തിലേക്കു നയിക്കുന്ന ദൈവാത്മാവാണ് അത്. ഈശോയുടെ പുത്രത്വത്തോടു താരതമ്യം ചെയ്യാവുന്ന പുത്രസ്ഥാനമാണ് ക്രൈസ്തവർക്കും കൈവരുക. അതുകൊണ്ട് പിതാവായ ദൈവത്തെ ഈശോ വിളിക്കുന്നതുപോലെ ആബ്ബാ-പിതാവേ എന്നു വിളിക്കാൻ അവർക്കും കഴിയും. അതുകൊണ്ട് സഭ, ഒരു മതമെന്നതിനേക്കാൾ ഒരു കുടുംബമാണ്. ദൈവവുമായി പിതൃപുത്രബന്ധത്തിലും പരസ്പരം സഹോദരങ്ങളുമായി ജീവിക്കുന്ന, കുടുംബാരൂപിയിലുള്ള സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ എല്ലാവരും പരിശ്രമിക്കണം.

വിശ്വാസികൾ ദൈവമക്കളാണ് എന്നതിന്റെ അവശ്യഫലമാണ് അവർ ദൈവത്തിന്റെ അവകാശികളുമാണ് എന്നത്. ദൈവത്തിന്റെ അവകാശികളും

ഏകദൈവപുത്രനായ മിശിഹായോടൊപ്പം കൂട്ടവകാശികളും. ദൈവമക്കൾ അനുഭവിക്കാനിരിക്കുന്ന ഭാവിമഹത്ത്വത്തെക്കുറിച്ച് പൗലോസ്ശ്ലീഹാ ഗലാത്തിയലേഖനത്തിൽ തന്നെ എഴുതിയിട്ടുള്ളതാണ്: ''നിങ്ങൾ മിശിഹായ്ക്കുള്ളവരാണെങ്കിൽ അബ്രാഹത്തിന്റെ സന്തതികളാണ്; വാഗ്ദാനമനുസരിച്ചുള്ള അവകാശികളുമാണ്'' (ഗലാ 3,29). അവിടുത്തെ സഹനങ്ങളിൽ ഇപ്പോൾ പങ്കുപറ്റുന്നവർ അവിടുത്തെ മഹത്ത്വത്തിലും പങ്കുപറ്റും. മാമ്മോദീസാ സ്വീകരിക്കുന്നവർ മിശിഹായുടെ ഭാഗധേയത്തിൽ സഹകാരികളാകുമെന്നു പൗലോസ്ശ്ലീഹാ മുമ്പു തന്നെ പറഞ്ഞിട്ടുണ്ട് (ഗലാ 6,4-6). ഈശോയുടെ ദൈവപുത്രസ്ഥാനത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു സഹനം. അതിന്റെ തുടർച്ചയും ഫലവുമായിരുന്നു അവിടുത്തെ മഹത്ത്വീകരണം. ഈ സഹന, മഹത്ത്വീകരണങ്ങളിലൂടെ വിശ്വാസികളും കടന്നുപോകണം. ഈ യാഥാർത്ഥ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

### 3. സ്വർഗീയമഹത്ത്വം പ്രതീക്ഷിക്കുന്ന ജീവിതം

*''നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു. സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. അതു വ്യർഥതയ്ക്ക് അടിമപ്പെട്ടിരിക്കുന്നു; സ്വന്തം ഇഷ്ടത്താലല്ല, പ്രത്യാശ കൊടുത്ത് അതിനെ അധീനമാക്കിയവന്റെ അഭീഷ്ടപ്രകാരം. സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്നു മോചിതമാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്നു നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു''* (8,18-23).

ഇപ്പോൾ സഹനമനുഭവിക്കുന്ന ക്രൈസ്തവർ പിന്നീട് മിശിഹായോടൊപ്പം മഹത്ത്വീകരിക്കപ്പെടുമെന്നുള്ള പ്രത്യാശ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. ഈ പ്രതീക്ഷയ്ക്കുള്ള ഉറപ്പ് ക്രൂശിതനും ഉത്ഥിതനുമായ ഈശോമിശിഹാതന്നെയാണ്: ''നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്ന് ഒരു രക്ഷകനെ, കർത്താവായ ഈശോമിശിഹായെ നാം കാത്തിരിക്കുന്നു. സകലത്തെയും തനിക്കു കീഴ്പ്പെടുത്താൻ കഴിയുന്ന ശക്തിവഴി അവൻ നമ്മുടെ ദുർബലശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരംപോലെ രൂപാന്തരപ്പെടുത്തും'' (ഫിലി 3,20-21). അവിടുത്തെ ആത്മാവിന്റെ സാന്നിദ്ധ്യമാണ് ഇപ്പോഴത്തെ സഹനങ്ങളെ ശാന്തമായി നേരിടാൻ നമുക്കു കഴിവു നൽകുന്നത്. ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും പ്രവർത്തിച്ച അരൂപിതന്നെയാണ് നമ്മിലും പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈശോയിൽ വിശ്വസിക്കുന്നവരായ നമ്മിലും ഈശോയുടെ ജീവിതത്തിനു തുല്യമായ ജീവിതം നയിക്കുവാൻ ഈശോയുടെ അരൂപി സഹായിച്ചുകൊണ്ടിരിക്കും.

ക്രൈസ്തവർ മാത്രമല്ല സ്രഷ്ടപ്രപഞ്ചം മുഴുവൻ ദൈവമക്കളുടെ വെളിപ്പെടുത്തൽ കാത്തിരിക്കുകയാണ്. ഈ യുഗാന്ത്യയാഥാർത്ഥ്യത്തെപ്പറ്റി ഈശോ

തന്നെ പഠിപ്പിച്ചിട്ടുണ്ട് (ലൂക്കാ 12,32; 22,28-30). അത് ദൈവഹിതപ്രകാരമാണ് സംഭവിച്ചത്. ആദത്തിന്റെ പാപഫലമായി പ്രപഞ്ചത്തിനു വന്നുഭവിച്ച പതനമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. എന്നാലിത് നിത്യമായ ഒരു വീഴ്ചയായി നിലനില്ക്കുകയില്ല. പുതിയ ആദമായ മിശിഹാ ആദത്തിന്റെ അനുസരണക്കേടിന്റെ ദുഷ്ഫലങ്ങളെ ഇല്ലായ്മചെയ്തുകൊണ്ട് ലോകത്തെ രക്ഷിക്കും (റോമാ 5,25-27). അങ്ങനെ സമസ്തസൃഷ്ടികളും പാപഫലമായി വന്നുഭവിച്ച ജീർണ്ണതയിൽനിന്നു സ്വതന്ത്രമാവുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും. വിശ്വസിക്കുന്നവരെല്ലാം ഈ പ്രത്യാശയിൽ ജീവിക്കാൻ ശ്രദ്ധിക്കണം. അപ്രകാരം പ്രത്യാശയുള്ള സമൂഹമായി ഇടവകാസമൂഹത്തെ വളർത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

## 4. ദൈവത്തിന്റെ രക്ഷാപദ്ധതി പ്രകാരമുള്ള ജീവിതം

*''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ. അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇതു തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനു വേണ്ടിയാണ്. താൻമുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ മഹത്ത്വപ്പെടുത്തി''* (8,28-30).

വിശ്വാസിയെ ഈ ലോകത്തിൽ ശക്തിപ്പെടുത്തുന്ന ഏറ്റവും വലിയ കാര്യം അരൂപിയുടെ അവരിലുള്ള സാന്നിദ്ധ്യമാണ്. ലോകത്തിൽ നേരിടുന്ന നിരവധി പ്രശ്നങ്ങളുടെ നടുവിൽ അരൂപിയാണ് അവരുടെ സഹായത്തിനുള്ളത്. ഉത്ഥിതനായ ഈശോ ഇന്ന് ജീവദായകനായ അരൂപിയായി സഭയിൽ സന്നിഹിതനാണ്. പ്രാർത്ഥനയിലൂടെയാണ് ഈശോയിലൂടെയുള്ള അരൂപിയുടെ സഹായം അവർക്ക് അനുഭവവേദ്യമാകേണ്ടത്. പക്ഷേ, പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. അതുകൊണ്ട് നാം ഈശോയോടു ചേർന്നു നിന്നു പ്രാർത്ഥിക്കണം. ഈശോ നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ നിരന്തരം മാദ്ധ്യസ്ഥ്യംവഹിക്കുന്നവനാണ്: ''പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട്. നീതിമാനായ ഈശോമിശിഹാ'' (1 യോഹ 2,1). മഹത്ത്വീകൃതനായ ഈശോ സഭയിൽ സന്നിഹിതനായതുകൊണ്ട്, സഭയോടുചേർന്നു പ്രാർത്ഥിച്ചുകൊണ്ടാണ് ഈശോയോടു ചേർന്നുള്ള ഈ പ്രാർത്ഥന നിർവഹിക്കേണ്ടത്. സഭയുടെ പ്രാർത്ഥനകളിൽ നാം പങ്കുചേരുകയും അവയിൽനിന്നും പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് പഠിക്കുകയും ചെയ്യണം. സഭയുടെ പ്രാർത്ഥനകൾ ചൊല്ലുവാൻ അജപാലകർ വിശ്വാസികളെ അഭ്യസിപ്പിക്കണം.

പ്രാർത്ഥനയിൽ ഈശോമിശിഹായുടെ അരൂപിയിലുള്ള സഹായം വിവരിക്കുന്നതിന്റെ ഭാഗമായി ഈശോമിശിഹായിലൂടെ ദൈവം നമ്മിൽ പൂർത്തിയാക്കുന്ന രക്ഷാപദ്ധതി മുഴുവൻ ഇവിടെ പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നു (8,29-30). അഞ്ചു ഘട്ടങ്ങളായിട്ടാണ് ദൈവം നമ്മിലോരോരുത്തരിലും ഈ പദ്ധതി പൂർത്തിയാക്കുന്നത്: 1. മുൻകൂട്ടി അറിഞ്ഞു; 2. നിശ്ചയിച്ചു; 3. വിളിച്ചു; 4. നീതീകരിച്ചു; 5. മഹത്ത്വപ്പെടുത്തി. ഓരോ മനുഷ്യരുടെയും ജീവിതത്തിൽ

ദൈവം പൂർത്തിയാക്കുന്ന രക്ഷാപദ്ധതിയുടെ അഞ്ചു ഘട്ടങ്ങളാണിവ. 1. നമ്മെ ഓരോരുത്തരെയും അവിടുന്നു മുൻകൂട്ടി അറിഞ്ഞു. അതായത്, നാം ജനിക്കുന്നതിനുമുമ്പേ നമ്മെ അവിടുന്നു അറിയുകയും സ്നേഹിക്കുകയും ചെയ്തു. 2. നാം ദൈവപുത്രനായ മിശിഹായുടെ സാദൃശ്യത്തോട് അനുരൂപരാകണമെന്നു മുൻകൂട്ടി നിശ്ചയിച്ചു. അതായത്, നാം ദൈവപുത്രന്മാരും പുത്രിമാരുമായിത്തീരണം. 3. നമ്മെ അവിടുന്ന് അസ്തിത്വത്തിലേക്കു വിളിച്ചു, നമുക്കു ജന്മം നൽകി. 4. നമ്മെ മാമ്മോദീസായിലൂടെ നീതീകരിച്ചു അഥവാ വിശുദ്ധീകരിച്ചു. 5. നമ്മെ തന്റെ മഹത്ത്വത്തിലേക്കു പ്രവേശിപ്പിച്ചു. ജീവിച്ചിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇത് സംഭവിക്കാനിരിക്കുന്നതേയുള്ളൂ. ഈ ദൈവികപദ്ധതിയെക്കുറിച്ചുള്ള അവബോധത്തോടെ ജീവിക്കാൻ അജപാലകർ വിശ്വാസികളെ ബോധവൽക്കരിക്കണം.

## 5. ഈ പദ്ധതിയുടെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹം

*''മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: നിന്നെപ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു; കൊലയ്ക്കുള്ള ആടുകളെപ്പോലെ കരുതപ്പെടുകയും ചെയ്യുന്നു. നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണവിജയം വരിക്കുന്നു. എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതൻമാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്''* (8,35-39).

രക്ഷാപദ്ധതിയെ അവതരിപ്പിച്ചതിനുശേഷം, അതിന്റെ പിന്നിലുള്ള ദൈവസ്നേഹപാരമ്യത്തെക്കുറിച്ചാണ് പൗലോസ്ശ്ലീഹാ പറയുന്നത്. പാപംമൂലം ദൈവത്തിന്റെ ശത്രുക്കളായിത്തീർന്ന മനുഷ്യവർഗത്തെ, സ്വയം മുൻകൈയെടുത്ത് രക്ഷിക്കുന്ന ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തെക്കുറിച്ചുള്ള ഒരു ധ്യാനമാണിത്. വിശ്വാസികൾക്ക് വിശുദ്ധീകരണം ലഭിക്കുന്നതിനുവേണ്ടി ജീവിതം സമർപ്പിച്ച ഈശോമിശിഹായുടെ സ്നേഹത്തിൽനിന്നും അവരെ വേർപെടുത്താൻ ആർക്കും സാധിക്കുകയില്ല. പാപികൾക്കുവേണ്ടി പിതാവിന്റെ തിരുഹിതം നിറവേറ്റിയവനാണ് അവിടുന്ന് (ഗലാ 1,4; 2,20). ക്ലേശമോ ദുരിതമോ പട്ടിണിയോ പീഡനമോ നഗ്നതയോ ആപത്തോ വാളോ ഒന്നും ആ മിശിഹായെ സ്നേഹിക്കുന്നതിൽനിന്ന് വിശ്വാസിയെ പിന്തിരിപ്പിക്കുകയില്ല. മിശിഹായ്ക്കു സാക്ഷ്യം വഹിക്കുമ്പോൾ നേരിടേണ്ടിവരുന്ന ഈ പ്രശ്നങ്ങൾ അവരെ സംബന്ധിച്ചു നിസ്സാരമായിരിക്കും.

യാതൊരു ശക്തിക്കും വിശ്വാസിയെ മിശിഹായിൽനിന്നും വേർപെടുത്താനാവില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ഈ അദ്ധ്യായം പൗലോസ്ശ്ലീഹാ സമാപിപ്പിക്കുന്നത്. മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഒന്നും അതു സാധ്യമല്ല. അഭൗമികശക്തികളോ അധികാരകേന്ദ്രങ്ങളോ ഒന്നും

അതിനു പ്രാപ്തമല്ല, പത്തു വ്യത്യസ്ത സാധ്യതകളാണ് ഇവിടെ ശ്ലീഹാ എടുത്തുകാണിക്കുന്നത്. ലോകത്തിലും മുകളിലും താഴെയുമുള്ള പത്തെണ്ണം. മരണമാണ് ദൈവത്തിന്റെ പ്രഖ്യാപിത ശത്രു (1 കൊറി 15,26.54–55). മിശിഹായിൽനിന്നു വിഘടിതമായ ജീവിതവും ഒരു പ്രലോഭനംതന്നെ. പാപം ചെയ്ത മാലാഖമാർ (ഉൽപ 6,1–4) തിന്മയുടെ ദൂതന്മാരാണ്. അധികാരം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് സാത്താന്റെ കുടിലതന്ത്രങ്ങളാണ്. ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും ശത്രുവിനോ എന്നു പറഞ്ഞുകൊണ്ട് പത്തു ശത്രുക്കളുടെ സംഖ്യ പൂർണമാക്കുന്നു. സകല ദൈവവിരുദ്ധ ശത്രുക്കളും ഒന്നിച്ചുനിന്നു പൊരുതിയാലും എന്നാണ് ഇതിന്റെ അർത്ഥം. അവയ്ക്കൊന്നിനും വിശ്വാസിയെ ദൈവസ്നേഹത്തിൽനിന്നു പിന്തിരിപ്പിക്കാൻ കഴിയുകയില്ല. ഇപ്രകാരമുള്ള ഒരു സ്നേഹത്തിൽ വിശ്വാസികളെ വളർത്താനാണ് അജപാലകർ ശ്രമിക്കേണ്ടത്.

## ജീവിതസൂചിക

1. അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതം നയിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ടോ? അപ്രകാരം വിശ്വാസികളെ പരിശീലിപ്പിക്കുന്നുണ്ടോ?
2. സഭ ദൈവമക്കളുടെ കുടുംബമാണെന്ന ബോദ്ധ്യം നല്കാനും, കുടുംബാരൂപിയിൽ ജീവിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
3. സ്വർഗീയ മഹത്ത്വത്തെക്കുറിച്ചുള്ള പ്രത്യാശയിൽ ജീവിക്കാനും ആ പ്രത്യാശയിൽ വിശ്വാസികളെ വളർത്താനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
4. ദൈവത്തിന്റെ രക്ഷാപദ്ധതിയെക്കുറിച്ചുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് വിശ്വാസികൾക്ക് നൽകുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ഒരു ശക്തിക്കും വേർപെടുത്താനാവാത്തവിധം മിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽ ഞാൻ വളർന്നിട്ടുണ്ടോ? മറ്റുള്ളവരെ വളർത്തുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ആഗസ്റ്റ് 2022**

26 രാവിലെ പുന്നത്തുറ സെന്റ് തോമസ് ഇടവകാംഗമായ കുഞ്ചറക്കാട്ടിൽ ഏലിക്കുട്ടി എബ്രാഹമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പ്പിറ്റലിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

27 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഷംഷാബാദ് രൂപതാ മെത്രാൻ അഭി. മാർ റാഫേൽ തട്ടിൽ പിതാവിനെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗവും ചങ്ങനാശേരി നഗരസഭ മുൻഅദ്ധ്യക്ഷനുമായ ശ്രീ. ചെന്നിക്കര സാജൻ ഫ്രാൻസിസിന്റെ മൃതസംസ്കാരശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ചെങ്ങന്നൂർ മർത്ത് മറിയം ഫൊറോന ദൈവാലയത്തിനു സമീപം സിസ്റ്റേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് പ്രൊവിഡൻസ് സന്ന്യാസസമൂഹത്തിന്റെ പുതിയ മഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ തൈക്കാട്ടുശ്ശേരി ബഹു. തോമസച്ചന്റെ സപ്തതി ആഘോഷത്തിൽ പങ്കെടുത്തു.

28 രാവിലെ എസ്.എൽ. പുരം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിന്റെ നവീകരിച്ച സെന്റ് മേരീസ് കുരിശടിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്നു സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിലേക്കു പുതിയതായി ലഭിച്ച റോഡ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് തിരുവനന്തപുരം സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. അതിനുശേഷം വിഴിഞ്ഞം സമരപന്തലിൽ തീരദേശനിവാസികളെ പ്രതികൂലമായി ബാധിക്കുന്ന തുറമുഖ നിർമ്മാണത്തിനെതിരെ തിരുവനന്തപുരം ലാറ്റിൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ജനകീയ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു സംസാരിച്ചു. വൈകുന്നേരം തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ നടന്ന വിൻസന്റ് ഡി പോളിന്റെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്നു ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയിൽ ആരംഭിച്ച ലൂർദ്ദ് സൗഹൃദ കലാസാംസ്കാരിക വേദിയുടെ ഉദ്ഘാടനകർമ്മത്തിൽ അദ്ധ്യക്ഷപദവി അലങ്കരിച്ചു സംസാരിച്ചു.

29 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ ആദ്യവർഷ വൈദികാർത്ഥികൾക്കു ക്ലാസെടുത്തു. തുടർന്ന് ചങ്ങനാശേരി എസ്.ബി. കോളേജ് ചാപ്പലിൽ കോളേജിന്റെ ശതാബ്ദിവർഷത്തോടനുബന്ധിച്ചു

പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞു വില്ലൂന്നി ജോസ ഫൈൻ സിസ്റ്റേഴ്സ് ജനറലേറ്റിൽ നവീകരിച്ച മഠത്തിന്റെ ആശീർവാദ കർമ്മം നിർവഹിച്ചു. വൈകുന്നേരം ഓൺലൈനായി നടന്ന ചങ്ങനാശേരി അതിരൂപതാ അസംബ്ലിയുടെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

30 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന ചങ്ങനാശേരി അതിരൂപത പ്രസ്ബിറ്ററൽ കൗൺസിലിന്റെ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇത്തിത്താനം ആശാഭവൻ സ്പെഷ്യൽ സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ വൈദികാർത്ഥികൾക്കു ക്ലാസ്സെടുത്തു.

31 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദർശന സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന്റെയും എട്ടുനോമ്പുദിനാചരണത്തിന്റെയും മുന്നോടിയായി കൊടിയേറ്റു നടത്തുകയും പരി. കുർബാനയർപ്പിക്കുകയും ചെയ്തു. അതിനുശേഷം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ രോഗാവസ്ഥയിലായിരിക്കുന്ന വൈദികരെ സന്ദർശിച്ചു.

**സെപ്റ്റംബർ 2022**

01 രാവിലെ മാവേലിക്കര ദൈവാലയത്തിൽ ചെങ്ങന്നൂർ ഫൊറോനാ വൈദിക കോൺഫറൻസിൽ പങ്കെടുത്തു. വൈകുന്നേരം പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടും എട്ടുനോമ്പാചരണത്തോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

02 രാവിലെ ചങ്ങനാശേരി അതിരൂപത കെ.എൽ.എം. പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ വിഴിഞ്ഞം തീരദേശ സമരപന്തലിൽ നടക്കുന്ന ജനകീയ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ അതിരൂപതാകേന്ദ്രത്തിൽ നിന്നുള്ള യാത്രയ്ക്കു സന്ദേശം നൽകി ഫ്ളാഗ് ഓഫ് ചെയ്തു.

03 രാവിലെ ചേപ്പുംപാറ മർത്ത്മറിയം ദൈവാലയത്തിൽ ഒരു കുട്ടിക്കു പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. വൈകുന്നേരം ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാകോൺഗ്രസ് യൂത്ത് കൗൺസിലിന്റെയും കെയർ ഫെല്ലോഷിപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ 104-ാമത് വാർഷികത്തോടനുബന്ധിച്ച് ജീവകാരുണ്യ ഭവനങ്ങളിൽ നടത്തുന്ന 'മദർ തെരേസയോടൊപ്പം യൂത്ത് വോക്ക്' ദശദിന കാരുണ്യോത്സവത്തിന്റെ ഒന്നാംദിനസമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

04 രാവിലെ വാഴപ്പള്ളി പടിഞ്ഞാറ് സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിക്കുകയും തുടർന്ന് ഇടവകാംഗങ്ങളോടു സംവദിക്കു

കയും ചെയ്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപത സന്ദേശനിലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടന്ന കെ.എൽ.എം. ന്റെ മെറിറ്റ്ഡേയിൽ പങ്കെടുത്തു ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകുന്നേരം മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

05 രാവിലെ നാലുകോടി സെന്റ് തോമസ് ഇടവകാംഗമായ മലയിൽ കാലായിൽ കെ.എം. മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. തുടർന്നു കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന തുരുത്തി ഫൊറോനാ വൈദികകോൺഫ്രൻസിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിനോടൊപ്പം വർത്തമാനപ്പുസ്തകത്തിന്റെ സെമിനാറിൽ പങ്കെടുത്തു.

06 രാവിലെ കുമരൻചിറ മുട്ടാർ (ന്യൂ) സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും തുടർന്ന് ഇടവകാംഗങ്ങളെയെല്ലാവരെയും കാണുകയും അവരുമായി സംവദിക്കുകയും ചെയ്തു. അതോടൊപ്പം ഓട്ടോറിക്ഷ തൊഴിലാളികളെ സാരഥിയുടെ ആഭിമുഖ്യത്തിൽ ആദരിച്ചു. പൊങ്ങ മാർ സ്ലീവാ ദൈവാലയത്തിൽ ചമ്പക്കുളം ഫൊറോനയിലെ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

07 ഉച്ചകഴിഞ്ഞ് കാവാലം സെന്റ് തെരേസാസ് ഇടവകാംഗം നിലവന്തറ ബഹു. ജോസഫ് അച്ചന്റെ മാതാവ് മേരിക്കുട്ടി ഫിലിപ്പിന്റെ മൃതസംസ്കാര ശുശ്രൂഷയിലെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു അനുശോചനം അറിയിച്ചു. വൈകുന്നേരം പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ജപമാല പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും ചെയ്തു.

08 രാവിലെ കൂത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും പള്ളിയോടുചേർന്നുള്ള നവീകരിച്ച സെന്റ് മേരീസ് യു.പി. സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു 10, +2 ക്ലാസുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളെ ആദരിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു. വൈകുന്നേരം ചേനപ്പാടി, തറകാണാട്ടുകുന്ന് സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഒരു കുട്ടിക്കു പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. അതിനുശേഷം കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ സന്ദർശിച്ചു. രാജമറ്റം ഡി.എസ്.ജെ. കോൺവെന്റിൽ ഡി.എസ്.ജെ. സന്ന്യാസസമൂഹാംഗമായ മുക്കുടിയിൽ സി. മരിയ റൊസാരിയായുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു.

09 രാവിലെ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽനിന്നു നിലക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിലേക്കു യാത്രപുറപ്പെട്ടു. നിലക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. അവിടെ നടന്ന കാഞ്ഞിരപ്പള്ളി രൂപതയിലെ റാന്നി-പത്തനംതിട്ട ഫൊറോനകളുടെ യുവദീപ്തി SMYM ന്റെ യുവജനക്യാമ്പ് ഉദ്ഘാടനംചെയ്തു സംസാരിച്ചു. അതിനുശേഷം മലങ്കര ഓർത്തഡോക്സ് സിറിയൻ ബെഥനി ആശ്രമം സന്ദർശിച്ചു.

10 രാവിലെ മാമ്മൂട് ലൂർദ്ദുമാതാ ദൈവാലയത്തിൽ മ്ശംശാന പുളിക്കൽ മാത്യുവിനു പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം മീൻകുളം ലൂർദ്സ് മാതാ പബ്ലിക് സ്കൂളിൽ ചങ്ങനാശേരി അതിരൂപതയിലെ കൊല്ലം-ആയൂർ ഫൊറോനകളിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി നടന്ന ക്യാമ്പിൽ പങ്കെടുത്തു സംസാരിച്ചു. അതിനുശേഷം ആയൂർ ക്രിസ്തുരാജ ദൈവാലയം സന്ദർശിച്ചു.

11 രാവിലെ പഴയേരൂർ സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ഇടവകാംഗങ്ങളെയെല്ലാം കാണുകയും ചെയ്തു. തുടർന്നു അഞ്ചൽ മേരി മാതാ ദൈവാലയം സന്ദർശിച്ചു ഇടവക സമൂഹത്തിലെ എല്ലാവരെയും കാണുകയും അവരുമായി സംവദിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിലെ ദൈവാലയത്തിൽ ഒരു സഹോദരനു പ്രവേശകകൂദാശകൾ നൽകി.

12 രാവിലെ അതിരൂപതാകേന്ദ്രത്തിലെ ദൈവാലയത്തിൽ കഴിഞ്ഞദിവസം പ്രവേശകകൂദാശകൾ സ്വീകരിച്ച സഹോദരനു ആഘോഷപൂർവമായ പരി. കുർബാന സ്വീകരണം നൽകി. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ സീറോമലബാർസഭയുടെ പ്രഥമ പൗരസ്ത്യരത്നം അവാർഡിന് അർഹനായ മാർ ജോസഫ് പവ്വത്തിൽ പിതാവിനെ ആദരിക്കുന്ന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. ചെത്തിപ്പുഴ എസ്.ഡി. കോൺവെന്റിൽ അഞ്ചുകണ്ടത്തിൽ സി. സുനന്ദ എസ്.ഡി. യുടെ മൃതസംസ്കാരശുശ്രൂഷയിലെ സമാപനകർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരമ്പുഴ ഫൊറോനാദൈവാലയത്തിൽ അതിരമ്പുഴ ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കിളിരൂർ സെന്റ് ഫ്രാൻസിസ് ദ് സാലസ് ദൈവാലയത്തിൽ കുടമാളൂർ ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

13 രാവിലെ ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് അവിടെയുള്ള വൈദികരോടു സൗഹൃദം പങ്കിടുകയും ചെയ്തു. വള്ളൻചിറ മുത്തുമാകുഴിയിൽ സാബുവിന്റെ വീടു വെഞ്ചരിപ്പുകർമ്മത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം പുലിക്കല്ല് കെ.ജെ. ചാക്കോ മെമ്മോറിയൽ ഹൈസ്കൂൾ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ളായിക്കാട് സെന്റ് ജോസഫ് ദൈവാലയത്തിൽ ചങ്ങനാശേരി ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ തൃക്കൊടിത്താനം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

14 രാവിലെ പാലമറ്റം ബേസ്തോമാ ദയറായിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. എസ്.ബി കോളേജിനു സമീപം YMCA ക്ലബിന്റെ ആഭി മുഖ്യത്തിൽ പുതിയതായി നിർമ്മിക്കുന്ന റിക്രിയേഷൻ ഹാളിന്റെയും ലൈബ്രറിയുടെയും കല്ലിടീൽ കർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് പുന്നക്കു ന്നത്തുശ്ശേരി സെന്റ് ജോസഫ് ദൈവാലയത്തിൽ പുളിങ്കുന്ന് ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം മുട്ടാർ (കുമരൻചിറ) സെന്റ് തോമസ് ദൈവാലയത്തിൽ എടത്വാ ഫൊറോനാ വൈദികസമ്മേ ളനത്തിൽ പങ്കെടുത്തു.

15 രാവിലെ മണിമല ഹോളിമാഗി ഫൊറോനാ ദൈവാലയത്തിൽ മണി മല ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ കുറുമ്പനാടം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

16 രാവിലെ പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ എസ്.എച്ച്. സന്ന്യാസസമൂഹാംഗമായ സി. ലിഗോരിയ കോച്ചേരിയിലിന്റെ മൃത സംസ്കാരശുശ്രൂഷയിലെ പ്രാരംഭകർമ്മത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ‘ജനബോധനയാത്ര’ ആലപ്പുഴ മൗണ്ട് കാർമ്മൽ കത്തീഡ്രൽ ദൈവാലയത്തിൽ ആലപ്പുഴ ബിഷപ് അഭി. ജയിംസ് ആനാപറമ്പിലിന്റെ സാന്നിദ്ധ്യത്തിൽ ഫ്ളാഗ് ഓഫ് ചെയ്തു സംസാരിച്ചു. വൈകുന്നേരം കോട്ടയം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ കോട്ടയം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

17 രാവിലെ കുറിച്ചി സെന്റ് ജോസഫ് ഇടവകാംഗമായ കാഞ്ഞിരത്തുംമൂട്ടിൽ ഏലിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറി യിച്ചു. തുടർന്ന് ചങ്ങനാശേരി സന്ദേശനിലയത്തിൽ DFC യുടെ ജനറൽ മീറ്റിംഗും കുടുംബക്കൂട്ടായ്മ വിവിധ ഫൊറോനാതല മീറ്റിംഗും സംയോ ജിപ്പിച്ചുനടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. എസ്.ബി. ഹൈസ്കൂളിൽ ചങ്ങനാശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു സംസാരി ക്കുകയും തുടർന്നു ഉന്നതവിജയം കരസ്ഥമാക്കിയവർക്കു സമ്മാനദാനം നിർവഹിച്ചു. അതിനുശേഷം ചങ്ങനാശേരി സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ കെ.സി.എസ്.എൽ. ന്റെ ആഭിമുഖ്യത്തിൽ നടന്ന റവ. ഡോ. ജോർജ് കോലത്തു മെമ്മോറിയൽ പ്രസംഗമത്സരത്തിന്റെ പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയും സമ്മാനത്തിനർ ഹരായവരെ ആദരിക്കുകയും ചെയ്തു. വൈകുന്നേരം നടന്ന ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

18 രാവിലെ പുത്തനങ്ങാടി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ഇടവക സന്ദർശനത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് ഇടവകയിലെ മാതാപിതാക്കളെയും കുട്ടികളെയും മതാദ്ധ്യാപ കരെയും യുവജനങ്ങളെയും കണ്ടു സംസാരിക്കുകയും അവരെ ശ്രവിക്കു

കയും ചെയ്തു. ഇടവകയിലെ രോഗികളെ അവരുടെ വീടുകളിൽപോയി സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ആലപ്പുഴ എസ്.ഡി. കോൺവെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന കരുണാലയ ഹോസ്പിസ് സന്ദർശിച്ചു. അതിനുശേഷം മുഹമ്മ ജോർജിയൻ ലേക്ക്‌വ്യൂ കൺവൻഷൻ സെന്ററിൽ നടന്ന മുഹമ്മ സെന്റ് ജോർജ് ഫൊറോനയുടെ ഔദ്യോഗിക ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വാർഷികധ്യാനത്തിനായി എത്തിയിരിക്കുന്ന വൈദികരോടു സംസാരിച്ചു.

19 രാവിലെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിക്കുകയും വൈദികരെ വ്യക്തിപരമായി കാണുകയും ചെയ്തു. വൈകുന്നേരം എം.ജി. യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയ ഡിലിറ്റ് പുരസ്കാരം കരസ്ഥമാക്കിയ പെരുന്ന സെന്റ് ആന്റണീസ് ഇടവകാംഗമായ സ്കറിയ സക്കറിയായെ അദ്ദേഹത്തിന്റെ ഭവനത്തിൽ ആദരിച്ചു.

20–23 ബാംഗ്ലൂർ സെന്റ് ജോൺസിൽ നടന്ന CBCI മീറ്റിംഗിൽ പങ്കെടുത്തു.

## മാർ തോമസ് തറയിൽ

**ആഗസ്റ്റ് 2022**

27 ഫാത്തിമാപുരം എസ്.എച്ച്. ഹയർ സെക്കൻഡറി സ്കൂളിൽ കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ അതിരൂപതയിലെ വിദ്യാർത്ഥികൾക്കായി KCSL–ന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'Excellencia 2k22' അനുമോദന സമ്മേളനത്തിൽ സംസാരിച്ച് സമ്മാനദാനം നിർവഹിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗവും മുൻ നഗരസഭ അദ്ധ്യക്ഷനുമായ ശ്രീ. ചെന്നിക്കര സാജൻ ഫ്രാൻസിസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നടത്തുന്ന 'Excellencia 2k22' എക്സലൻസ് ട്രെയിനിംഗ് പ്രോഗ്രാമിനോടനുബന്ധിച്ച് ചങ്ങനാശേരി എസ്.ബി. ഹൈസ്കൂളിൽ നടന്ന മീറ്റിംഗിൽ അദ്ധ്യാപകരുമായി സംസാരിച്ചു. എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ഒ.കെ. ചാക്കോ മെമ്മോറിയൽ അൽമായപ്രേഷിത പുരസ്ക്കാരം ശ്രീ. ജോഷി ആപ്പീസിലിന് സമ്മാനിച്ചു. ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഇടവകയിലെ യുവജനങ്ങൾക്കായി യുവദീപ്തി–എസ്.എം.വൈ.എം–ന്റെ ആഭിമുഖ്യത്തിൽ നടത്തിയ അനുമോദന സമ്മേളനത്തിൽ സംസാരിച്ച് സമ്മാനദാനം നിർവഹിച്ചു.

28 കൈതവന വിമലഹൃദയ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തിരുവനന്തപുരം സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. വിഴിഞ്ഞം സമരപന്തലിൽ തിരുവനന്തപുരം ലാറ്റിൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജനകീയ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു സംസാരിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ നടന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വിദ്യാഭ്യാസ ധനസഹായത്തിന്റെ വിതരണോദ്ഘാടന മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയിൽ ആരംഭിച്ച ലൂർദ്ദ് സൗഹൃദവേദിയുടെ ഉദ്ഘാടനകർമ്മത്തിൽ ആമുഖസന്ദേശം പങ്കുവച്ചു.

29 കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും CARP ഡിപ്പാർട്ട്മെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ 'മൈനോരിറ്റി സ്കൂൾ ഹെൽപ്പ് ഡെസ്ക്കിന്റെ' പ്രവർത്തനവർഷവും അദ്ധ്യാപക ശില്പശാലയും ഉദ്ഘാടനം ചെയ്തു. ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ 5 സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ചു ആഘോഷമായ പരി. കുർബാനയർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു. നിരണം മാർത്തോമ്മാ ശ്ലീഹാ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്കു ക്ലാസ്സെടുത്തു.

30 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ്സ്ബിറ്ററൽ കൗൺസിലിന്റെ മീറ്റിംഗിൽ സംസാരിച്ചു. ആശാഭവൻ സ്പെഷ്യൽ സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

31 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പുതിയതായി നിർമ്മിച്ച നടപ്പാത ഉദ്ഘാടനം ചെയ്തു. ആശാഭവൻ സന്ദർശിക്കുകയും അന്തേവാസികളുമായി സംസാരിക്കുകയും ചെയ്തു. ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു. കല്ലൂപ്പാറ തിരുഹൃദയ സീറോ മലങ്കര ഇടവകാംഗം കൂരിയാ ബിഷപ്പ് അഭി. ആന്റണി മാർ സിൽവാനോസ് തിരുമേനിയുടെ മാതാവ് കാക്കനാട്ടിൽ സാറാമ്മ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

**സെപ്റ്റംബർ 2022**

01 പുന്നപ്ര ദനഹാലയായിൽ ക്ലാസ്സെടുത്തു. പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ ശ്രീ. കരുണാകര ഗുരുവിന്റെ 96-ാം ജന്മവാർഷിക ആഘോഷങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു.

02 സീറോ-മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ അതിരൂപതാതല കോർഡിനേറ്റർമാരുമായുള്ള ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

03 പാമ്പാടി സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ എജ്യുക്കേഷൻ കോളേജിൽ എ.കെ.സി.സി. യൂത്ത് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'മദർ തെരേസയോടൊപ്പം യൂത്ത് വോക്ക്' ദശദിന കാരുണ്യോത്സവ

ത്തിന്റെ സന്ദേശയാത്ര ഫ്ളാഗ് ഓഫ് ചെയ്തു സംസാരിച്ചു. കോട്ടയം സെന്റ് ജോസഫ്സ് കോർപ്പറേറ്റ് എജ്യുക്കേഷനൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ പാലാ ചാവറ പബ്ലിക് സ്കൂളിൽ നടന്ന വാർഷിക അദ്ധ്യാപക സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ആർപ്പൂക്കര ചെറുപുഷ്പം ഇടവക യുവദീപ്തി-എസ്.എം.വൈ.എം.-ന്റെ ആഭിമുഖ്യത്തിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന ത്രിദിന യുവജനക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഫൊറോനയിലെ വിദ്യാർത്ഥികൾക്കായി നടത്തിയ അനുമോദന സമ്മേളനത്തിൽ സംസാരിച്ച് സമ്മാനദാനം നിർവഹിച്ചു. തിരുവനന്തപുരം ലൂർദ്ദ് മാതാ കെയർ ഹോമിൽ നടന്ന ഉപകാരികളുടെ സംഗമത്തിൽ സംസാരിച്ചു.

04 ഡാൽമുഖം സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും പരി. കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. തേക്കുപാറ സെന്റ് മേരീസ് ഇടവകയിൽ നടത്തിയ ഓണാഘോഷത്തിൽ സന്ദേശം നൽകി സംസാരിച്ചു. കാലായിൽ ബഹു. വർഗ്ഗീസ് അച്ചനെ സന്ദർശിച്ചു. നാലാഞ്ചിറ സർവ്വോദയ സ്കൂളിൽ ജീസസ്സ് യൂത്ത് തിരുവനന്തപുരം സോണിന്റെ ആഭിമുഖ്യത്തിൽ നടന്ന 'I Promise' യുവജനസംഗമത്തിൽ സംസാരിച്ചു. പേരൂർക്കട ലൂർദ്ദ് ഹിൽ ദൈവാലയത്തിൽ പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു.

05 വിഴിഞ്ഞം സമരപന്തലിൽ തിരുവനന്തപുരം ലാറ്റിൻ അതിരൂപതയിലെ അഭി. പിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തിയ ഉപവാസസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു സംസാരിച്ചു. വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് വണ്ടാനം മദർ തെരേസ കെയർ ഹോമിൽ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു.

06 അതിരൂപതാ പാസ്റ്ററൽ സെന്ററിൽ വിവാഹഒരുക്ക ധ്യാനത്തോടനുബന്ധിച്ച് പരി. കുർബാന അർപ്പിച്ചു. ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ഇടവകാംഗം അഭി. മാർ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ മാതാവ് മറിയക്കുട്ടി തോമസിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ തിരുക്കർമ്മങ്ങൾക്ക് സഹകാർമ്മികത്വം വഹിച്ചു. കാഞ്ഞിരപ്പള്ളി രൂപത ബിഷപ്സ് ഹൗസിൽ രൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസ് പുളിക്കൽ പിതാവിനെ സന്ദർശിച്ചു. കാവാലം സെന്റ് തെരേസാസ് ഇടവകാംഗം നിലവന്തറ ബഹു. ജോസഫ് അച്ചന്റെ മാതാവ് മേരിക്കുട്ടി ഫിലിപ്പിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

07 തിരുവനന്തപുരം ലൂർദ്ദ് മാതാ ക്യാൻസർ കെയർ ഹോമിൽ നടന്ന ഓണാഘോഷത്തിൽ പങ്കെടുത്ത് അദ്ധ്യക്ഷപ്രസംഗം നടത്തി.

08 അതിരൂപതാകേന്ദ്രത്തിൽ നടന്ന ഓണാഘോഷത്തിൽ പങ്കെടുത്തു. പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് ചങ്ങനാശേരി പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം പങ്കുവച്ചു.

09 എടത്വാ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്ത് ആഘോഷമായ പരി. കുർബാന അർപ്പിച്ചു. രാജമറ്റം ഡി.എസ്.ജെ. കോൺവെന്റിൽ ബഹു. സിസ്റ്റർ മരിയ റൊസാരിയാ മുക്കുടിയിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

10 ഇരവുചിറ സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്ത് ആഘോഷമായ പരി. കുർബാന അർപ്പിച്ചു. നെടുംകുന്നം സഞ്ജീവനി പ്രഷ്യസ് സ്കൂളിൽ താഴത്തുവടകര ലൂർദ്ദ് മാതാ യുവദീപ്തി-എസ്.എം.വൈ.എം.-ന്റെ ആഭിമുഖ്യത്തിൽ 8 മുതൽ 12 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്കായി നടത്തിയ ത്രിദിന ക്യാമ്പിൽ സംസാരിച്ചു. നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. കൈതവന വിമലഹൃദയ ദൈവാലയത്തിൽ ഇടവക യുവദീപ്തി-എസ്.എം.വൈ.എം.-ന്റെ ആഭിമുഖ്യത്തിൽ നടത്തിയ യുവജന സംഗമത്തിൽ സംസാരിച്ചു. അരുവിക്കുഴി ലൂർദ്ദ് ഭവൻ ട്രസ്റ്റിൽ നടന്ന ഉപകാരികളുടെ സംഗമത്തിൽ വചനസന്ദേശം പങ്കുവച്ചു.

11 അതിരൂപതാ സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തിയ സി.എൽ.റ്റി. ധ്യാനത്തോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാനയർപ്പിച്ചു.

12–16 തലശ്ശേരി അതിരൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു.

14 തലശ്ശേരി കടുമേനി ഇടവകയിൽ പരേതനായ കോച്ചേരി ലിയോയുടെ ഓർമ്മയ്ക്കായി പരി. കുർബാനയർപ്പിക്കുകയും 'ശാന്തിഭവൻ' കാരുണ്യ ഭവനം സന്ദർശിക്കുകയും ചെയ്തു

17 ആലുവ ലിറ്റിൽ ഫ്ളവർ സി.എസ്.റ്റി ജനറലേറ്റിൽ വൈദികരുടെ റിന്യൂവൽ കോഴ്സിന്റെ ഭാഗമായി ക്ലാസെടുത്തു.


18 സീറോ മലബാർ സഭ ക്ലർജ്ജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വൈദികർക്ക് ഓൺഗോയിംഗ് ഫോർമേഷന്റെ ഭാഗമായി ക്ലാസ്സെടുത്തു.

19–22 തലശ്ശേരി അതിരൂപതയിലെ വൈദികർക്ക് ധ്യാനം നയിച്ചു.

20 ഇരിട്ടി വിളമനയിൽ ദൈവപരിപാലനാഭവനം സന്ദർശിച്ചു.

20–21 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ചങ്ങനാശേരി അതിരൂപതയിലെ വൈദികവിദ്യാർഥികളെ സന്ദർശിക്കുകയും ആഘോഷമായ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.





# ENGAGEMENTS

## 2022 OCTOBER

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 08:00 am | Holy *Qurbana* @ Aryad (Parish Jubilee) |
| | 03:00 pm | ദൈവാലയ പുനഃപ്രതിഷ്ഠ @ Mannila |
| 02 | 07:00 am | Holy *Qurbana* @ Kizhakkethalackal, Pulincunnoo |
| | 05:00 pm | Archeparchial Assembly Inauguration |
| 03-05 | | Archeparchial Assembly |
| 06 | 10:30 am | Holy *Qurbana* @ Cloistered Convent, Nedumkunnam (Jubilee Inauguration) |
| | 04:30 pm | Holy *Qurbana* @ St. Mary's Basilica, Champakulam |
| 07 | 03:30 pm | ഇടവക സംഗമം @ Narbonapuram |
| 08 | | Holy *Qurbana* @ Cathedral |
| 09 | | Episcopal Ordination of Mar Thomas Padiyath |
| 11-31 | | FABC (Out of Station) |

# ENGAGEMENTS

## 2022 OCTOBER

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

| | | |
|---|---|---|
| 01 | 11:00 am | *Requiem* Mass @ Champakulam |
| | 04:30 pm | Parish Hall Blessing @ Pallathuruthy |
| 02-05 | | Archeparchial Assembly |
| 02 | 07:00 am | Holy *Qurbana* @ Mannila |
| | 10:00 am | Holy *Qurbana* @ Champakulam |
| | 08:30 pm | Online Talk, Voice of Nuns |
| 03 | 07:00 pm | CSI Youth Conference @ Mallappally |
| 04 | 07:00 am | Holy *Qurbana* @ Vazhappally Gethsemany |
| 06 | 02:30-04:00 pm | Visitors |
| | 05:00 pm | Holy *Qurbana* @ Cathedral |
| | 07:15 pm | Class @ Niranam |
| 07 | 06:00 am | Holy *Qurbana* and Rosary Garden Blessing @ Manimala |
| | 06:00 pm | Popular Mission Retreat Conclusion @ Ramankary |
| 08 | 06:30 am | Baptism @ Cheppumpara |
| 09 | | Episcopal Ordination @ Hyderabad |
| 10-25 | | Canada |
| 26 | | Mount St.Thomas @ Kakkanad |
| 27 | 06:45 am | Baptism @ Ithithanam |
| | 02:30-04:30 pm | Visitors |
| 28 | 02:45 am | Class @ Minor Seminary |
| 29 | | Thiruvananthapuram |
| 30 | 03:00 pm | Government Officers' Meet @ Thiruvananthapuram |
| 31 | | Engaged |

# 73-ാം ചരമവാർഷികം



# ഭാഗ്യസ്മരണാർഹനായ
# മാർ ജയിംസ് കാളാശ്ശേരി

**ഒക്ടോബർ 27, 2022**

**VEDAPRACHARA MADHYASTAN VOL.95 No.04 October 2022**
Date of Publication: 30-09-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



"മഹിതോജ്ജ്വമാം പ്രഭയോടെ
വിധിനാളിൽ നീയണയുമ്പോൾ
ചെമ്മരിയാടിൻ നിരയിൽ നീ
നിർത്തണമെന്നെയുമലിവോടേ."

(ഏലിയാ -സ്ലീവാ-മൂശെക്കാലങ്ങൾ, ചൊവ്വ റംശാ)

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org